

പാലൈ

PALAI பாலை

Peer Reviewed Research Journal
ISSN No: 3049-0316

വാല്യം 3 ലക്കം 1

ഒക്ടോബർ 2026

palaijournal@stcp.ac.in

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

PALAI பாலை

Peer Reviewed Journal (Trimonthly)
ISSN No: 3049-0316

Managing Board

Prof. Dr. Toji Thomas (Principal)
Fr. Dr. Salvin K Thomas (Vice Principal)
Fr. Mathew Alappattumedayil (Bursar)

Chief Editor

Dr. Prince Mon Jose

Editorial Board

Prof. (Dr.) R.B. Sreekala
Professor & HoD ORI & MSs Library University of Kerala,
Kariavattom Campus - 695 581, Thiruvananthapuram
dr.sreekslarb@gmail.com
Prof. (Dr.) Jose K. Manuel
School of Letters, Mahatma Gandhi University, Kottayam
kjosemanuel@gmail.com
Dr. T.K. Santhoshkumar
Kariavattom Campus - 695 581, Thiruvananthapuram
Dr. Jainymol K.V.
Assistant Professor, CAS College, Maadai, Kannur

Advisory Committe

Prof. (Dr.) P.S. Radhakrishnan
Senior Professor, School of Letters, Mahatma Gandhi University, Kottayam
E-mail: drradhakrishnanps@gmail.com
Subhash Chandran (Novelist)
Socratis K. Valeth (Novelist)

Publication Division

Dr. Prince Mon Jose
Jishnu Venugopal
Sebastian Thomas
Dr. Anju Lis Kurian
Fr. Jubin Jacob

Reviewers

Dr. Ciby Kurian
Asso Professor, Deva Matha College Kuravilangadu
Prof. Sr. (Dr.) Minimol Mathew
Alphonsa College Palai
Dr. Anila Thomas
Alphonsa College Palai
Dr. Bins M Mathew
Asso. Professor, SB College Changanacherry
Dr. B. Bindu
HoD, Malayalam, St. Peters College, Kolenchery

Printed and published by

Prof. Dr. Toji Thomas on behalf of St Thomas College Palai Autonomous

എഡിറ്റോറിയൽ

സമകാലിക ജീവിതത്തിന്റെ സങ്കീർണതകളെ കലയും സാഹിത്യവും സംസ്കാരവും എങ്ങനെയാണ് അടയാളപ്പെടുത്തുന്നതെന്ന അന്വേഷണമാണ് *പാലൈ*യുടെ ഈ ഒക്ടോബർ ലക്കം മുന്നോട്ടുവയ്ക്കുന്നത്. വ്യത്യസ്ത വിഷയങ്ങളും സമീപനങ്ങളും സൈദ്ധാന്തിക പരിപ്രേക്ഷ്യങ്ങളും ഉൾക്കൊള്ളുന്ന ഒൻപതു ഗവേഷണപ്രബന്ധങ്ങൾ ഈ ലക്കത്തിന്റെ ഉള്ളടക്കത്തെ സമ്പന്നമാക്കുന്നു. സ്ത്രീയനുഭവം, ലിംഗപദവി, അധികാരം, ഹിംസ, ഭക്ഷണസംസ്കാരം, പുരുഷനോട്ടം, ഭാഷയും വ്യക്തിജീവിതവും തുടങ്ങിയ വിഷയങ്ങൾ പരസ്പരം വ്യത്യസ്തമെന്നു തോന്നുമ്പോഴും അവയെല്ലാം മനുഷ്യജീവിതത്തെയും സാമൂഹികബന്ധങ്ങളെയും സംസ്കാരത്തെയും നിർണയിക്കുന്ന ഘടകങ്ങളായി അടയാളപ്പെടുത്തപ്പെടുന്നു

ഡോ. സിബി കുര്യന്റെ പ്രബന്ധം എസ്. വി. വേണുഗോപൻ നായരുടെ കഥകളിലെ പുരാവൃത്തസന്നിവേശത്തെക്കുറിച്ചുള്ളതാണ്. ഡോ. ശോഭിത ജോയിയുടെ *'സ്ത്രീയനുഭവങ്ങളുടെ രാഷ്ട്രീയവും ഒത്തുതീർപ്പുകളിലെ പ്രമേയപരിസരവും'* സ്ത്രീജീവിതത്തിന്റെ രാഷ്ട്രീയാനുഭവങ്ങളെ പരിശോധിക്കുമ്പോൾ, മാർട്ടിൻ ജോസഫിന്റെ *'ലിംഗപദവി: സ്ത്രീപക്ഷസങ്കൽപ്പനങ്ങൾ'* ലിംഗത്തെക്കുറിച്ചുള്ള ചിന്തകളെ വിശകലനം ചെയ്യുന്നു. ഡോ. പ്രിൻസ് മോൻ ജോസിന്റെ *'ഹിംസയുടെയും അധികാരത്തിന്റെയും നിഗൂഢസമവാക്യങ്ങൾ അബിൻ ജോസഫിന്റെ കഥകളിൽ'* എന്ന പഠനം സാഹിത്യത്തിലെ അധികാര-ഹിംസാ ബന്ധങ്ങളെ അന്വേഷിക്കുന്നു. ഡോ. ലിജാ അരവിന്ദിന്റെ *'മലയാള സിനിമാഗാനങ്ങളിലെ ഭക്ഷണസംസ്കാരവും രുചിരാഷ്ട്രീയവും'* ജനപ്രിയസംസ്കാരത്തിന്റെ മറ്റൊരു തലത്തെ തുറന്നുകാട്ടുന്നു. ബേബി റീന എസ്. എം. സുകുമാരന്റെ *''പാറ''*യെ ആൺനോട്ടത്തിന്റെയും പ്രതിരോധത്തിന്റെയും പശ്ചാത്തലത്തിൽ വായിക്കുന്നു. വി. രാജേഷ് മോഹൻ റാവുവിന്റെ കൊങ്കണി ഭാഷയെയും എൻ. പുരുഷോത്തമ മല്യയുടെ ജീവിതത്തെയും കേന്ദ്രീകരിച്ചുള്ള പഠനം ഭാഷയും വ്യക്തിത്വവും തമ്മിലുള്ള ബന്ധം അടയാളപ്പെടുത്തുന്നു. സോർബയും സമകാലിക മലയാള സാഹിത്യവും എന്ന വിഷയത്തെക്കുറിച്ച് ഡോ. സോണിയ ജോസും ആനന്ദഭാരത്തെക്കുറിച്ച് ലിസ്മിയ റോസ് കെ. ജോജോയും പഠനം നടത്തിയിരിക്കുന്നു.

കലയും സാഹിത്യവും സംസ്കാരവും തമ്മിലുള്ള ഈ വൈവിധ്യമാർന്ന സംവാദങ്ങൾ പുതിയ വായനകൾക്കും ഗവേഷണചിന്തകൾക്കും വഴിതുറക്കട്ടെ എന്ന പ്രതീക്ഷയോടെ *പാലൈ*യുടെ ഈ ലക്കം സമർപ്പിക്കുന്നു.

ഡോ. പ്രിൻസ് മോൻ ജോസ്

ഉള്ളടക്കം

1. എസ്. വി. വേണുഗോപൻ നായരുടെ കഥകളിലെ പുരാവൃത്തസന്നിവേശം

ഡോ. സിബി കൃഷ്ണൻ 5

2. സ്ത്രീയനുഭവങ്ങളുടെ രാഷ്ട്രീയവും 'ഒത്തുതീർപ്പുക'ളിലെ പ്രമേയപരിസരവും

ശോഭിത ജോയി 11

3. ലിംഗപദവി: സ്ത്രീപക്ഷസങ്കല്പനങ്ങൾ

മാർട്ടിൻ ജോസഫ് 16

4. ഹിംസയുടെയും,അധികാരത്തിന്റെയും നിഗ്രഹസമവാക്യങ്ങൾ
അബിൻ ജോസഫിന്റെ കഥകളിൽ

ഡോ. പ്രിൻസ് മോൻ ജോസ് 23

5. മലയാള സിനിമാ ഗാനങ്ങളിലെ ഭക്ഷണസംസ്കാരവും രുചി രാഷ്ട്രീയവും

ഡോ. ലിജാ അരവിന്ദ് 28

6. ആൺനോട്ടങ്ങളും പ്രതിരോധത്തിന്റെ അതിരുകളും: എം. സുകുമാരന്റെ 'പാറ'യിൽ

ബേബി റീന.എസ് 36

7. സോർബയും സമകാലിക മലയാള സാഹിത്യവും:
സ്വാതന്ത്ര്യം, ശരീരം, അതിജീവനം, പ്രതിരോധം

ഡോ. സോണിയ ജോസ് 41

8. കൊങ്കണി ഭാഷയുടെ പ്രസക്തിയും എൻ പുരുഷോത്തമ മല്യയുടെ ജീവിതവും

വി. രാജേഷ് മോഹൻ റാവു 48

9. ആനന്ദത്തിന്റെ തടവറകളും വിമോചനത്തിന്റെ ആകാശങ്ങളും: 'ആനന്ദഭാരം'
നോവലിലെ സ്ത്രീത്വത്തിന്റെ നിസ്സഹായതയും പ്രതിരോധവും

ലിസ്മിയ റോസ് കെ ജോജോ 54

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

എസ്. വി. വേണുഗോപൻ നായരുടെ കഥകളിലെ പുരാവൃത്തസന്നിവേശം



ഡോ. സിബി കൃഷ്ണൻ*

സംഗ്രഹം

മനുഷ്യസമൂഹത്തിന്റെ അബോധത്തിൽ ഉരുവമെടുത്ത ആദിമസങ്കല്പങ്ങളുടെയും അനുഭവങ്ങളുടെയും സഞ്ചയമാണ് പുരാവൃത്തം. സംസ്കാരപ്രതീകങ്ങളെന്ന നിലയിൽ ഇവ എല്ലാക്കാലത്തും സർഗപ്രക്രിയയുടെ ഭാഗമായി നിലനിൽക്കുന്നു. കഥ പറയുന്നവരെല്ലാം ഏറിയും കുറഞ്ഞും പുരാവൃത്തങ്ങളെ ഉപജീവിക്കാറുണ്ട്. കഥയുടെ സവിശേഷമായ ആന്തരംകൊണ്ടും ആഖ്യാനംകൊണ്ടും മലയാള കഥാസാഹിത്യരംഗത്ത് പ്രതിഷ്ഠാപിതനായ എസ്. വി. വേണുഗോപൻനായർ പുരാവൃത്തത്തെ ഉപജീവിച്ച് നിരവധി കഥകൾ എഴുതിയിട്ടുണ്ട്. മാനവസംസ്കാരചരിത്രത്തിന്റെ അടയാളമായ പുരാവൃത്തങ്ങളെ കാലാനുസൃതമായി പരാവർത്തനം ചെയ്യുന്ന ആ കഥകളൊക്കെ ആഖ്യാനം, ഭാഷ, ആശയഭംഗി എന്നിവയാൽ ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്. പുരാവൃത്ത പരാമർശിതമായ കഥകളിൽ പുരാവൃത്തത്തെ സാമൂഹിക ജീവിതാവിഷ്കാരത്തിന്റെ മാർഗമായി വേണുഗോപൻനായർ പരിവർത്തിപ്പിച്ചത് എപ്രകാരമെന്ന് ഈ പഠനത്തിൽ വിശകലനവിധേയമാക്കുന്നു. അതിനായി അദ്ദേഹം പുരാവൃത്തഘടനയിൽ വരുത്തിയ വ്യതിയാനങ്ങളും അവലംബിച്ച രചനാതന്ത്രങ്ങളും അവ കഥാഗാത്രത്തെ രസനീയമാക്കിയ വിധവും സമീക്ഷിക്കുന്നു.

താക്കോൽവാക്കുകൾ: പുരാവൃത്തം, പുരാണം, ഖാണ്ഡവദഹനം, അനന്തൻ, ആഖ്യാനം, ഭാഷ

ആമുഖം

വർണ്ണ്യവസ്തുവിന് പുരാവൃത്തപരാമർശംകൊണ്ട് ശ്ലാഘ്യത്വം സമ്പാദിക്കുന്നത് ഉദാത്തമെന്ന വാസ്തവോക്തി അലങ്കാരം. പുരാണകഥകൾ കാവ്യസന്ദർഭത്തിൽ ചമത്കാരകരമായി സന്നിവേശിപ്പിക്കുമ്പോഴാണ് ഉദാത്തം സന്നിഹിതമാകുന്നത്. കാവ്യമെന്നത് വിപുലമായ അർത്ഥത്തിൽ എല്ലാ സാഹിത്യത്തെയും ഉൾക്കൊള്ളുന്നുണ്ട്. ആ നിലയ്ക്ക് സാഹിത്യത്തിന്റെ ഭിന്നരൂപങ്ങളിൽ എല്ലാക്കാലത്തും പുരാണകഥാസന്നിവേശവും തദനുസൃതമായ ചമത്കാരവും സഹിത്യകാരന്മാർ സാദ്ധ്യമാക്കിയിട്ടുണ്ട്. ആധുനികസാഹിത്യരൂപങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ ചെറുകഥയിലും ആഖ്യാനവിശേഷത്തിന്റെ ഭാഗമായി പുരാവൃത്തത്തെ ഉപയുക്തമാക്കുന്നു. പുരാണ കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും സമുചിതമായി ഉപയോഗപ്പെടുത്തിക്കൊണ്ട് മലയാളകഥയിൽ രചനയുടെ പുതുവഴി തെളിയിച്ച കഥാകൃത്താണ് എസ്. വി. വേണുഗോപൻ നായർ. *ഖാണ്ഡവം കത്തുമ്പോൾ, ആദിശേഷൻ, ഹനുമാൻ പണ്ടാരം, കൃഷ്ണഗാഥ* എന്നിങ്ങനെ നിരവധി കഥകൾ ഈ ഗണത്തിൽ ഉൾപ്പെടുന്നു.

* അസ്സോസിയേറ്റ് പ്രൊഫസർ & വകുപ്പുമേധാവി, മലയാളവിഭാഗം, ദേവമാതാ കോളേജ് കുറവിലങ്ങാട്

ജനതയുടെ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഈടുവയ്പുകളാണ് പുരാവൃത്തം. ദൈവങ്ങളും അമാനുഷികരും കഥാപാത്രങ്ങളായി വരുന്നതും പ്രാപഞ്ചികസത്യങ്ങളുടെയോ പ്രതിഭാസങ്ങളുടെയോ വിശദീകരണമായി തീരുന്നതുമായ കഥകളാണ് ഇവ. മനുഷ്യന്റെ പ്രാക്തനമായ അനുഷ്ഠാനങ്ങളിൽനിന്ന് ക്രമാനുഗതമായി രൂപപ്പെട്ടുവരുന്ന പുരാവൃത്തത്തിന് അനുഷ്ഠാനങ്ങളിൽനിന്ന് വേറിട്ടൊരു നിലനിൽപ്പില്ലെന്ന് ലൂയിസ് സ്പെൻസ് നിരീക്ഷിക്കുന്നു (Lewis Spence, 1949:4). പ്രാചീനജനതയുടെ മതപരവും സാമൂഹികവുമായ ആചാരാനുഷ്ഠാനങ്ങളുടെ അടയാളങ്ങൾ പുരാവൃത്തങ്ങളിൽ പതിഞ്ഞുകിടപ്പുണ്ട്. മനുഷ്യന്റെ സാമൂഹിക ഇടപെടലുകളിൽ കാലാനുസൃതമായ മാറ്റം പ്രകടമാണെങ്കിലും അവയിലെല്ലാം പുരാവൃത്ത പരാമർശിതമായ അടിസ്ഥാന ചോദനകൾ നിഴൽ വീഴ്ത്തുന്നുണ്ട്. മനുഷ്യന്റെ സാമൂഹികജീവിതത്തെ എക്കാലവും പിന്തുടരുന്ന പുരാവൃത്തസൂചനകൾ ആധുനിക സാഹിത്യകൃതികളിൽപോലും കടന്നുവരുന്നതിന്റെ സാഹചര്യമിതാണ്. മനുഷ്യജീവിതത്തെ അനുഭവപ്പെടുത്തുന്ന സാഹിത്യം സ്വാഭാവികമായും അതിന്റെ അടിപ്പടർപ്പുകളിലേക്ക് ആണ്ടിറങ്ങുകയും പുരാവൃത്തങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ജീവിതത്തിന്റെ ആദിമചോദനകൾ കണ്ടെടുക്കുകയും ചെയ്യുന്നു.

സമൂഹമനസ്സിന്റെ അബോധത്തിൽ ഏറ്റവും ശക്തമായ പ്രതികരണങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഉപാധിയെന്ന നിലയിലാണ് പുരാവൃത്തങ്ങൾ സാഹിത്യത്തിൽ ഉപയുക്തമാകുന്നത്. ജീവിതത്തിലെ നിത്യസത്യങ്ങളുടെ പ്രതീകങ്ങളായ പുരാവൃത്തങ്ങളുടെ വിപുലീകരണമാണ് എല്ലാ സമൂഹത്തിലെയും ആദ്യകാല സാഹിത്യപരിശ്രമങ്ങൾ. ഇവയുടെ തുടർച്ചയായ പിൽക്കാല സാഹിത്യകൃതികൾ കാവ്യസന്ദർഭത്തെ പുഷ്ടിപ്പെടുത്താനും മനുഷ്യാവസ്ഥയുടെ സങ്കീർണ്ണതകൾ സരളമായി ആവിഷ്കരിക്കാനും പുരാവൃത്തങ്ങളെ ഉപജീവിക്കുന്നു. മനുഷ്യമനസ്സിന്റെ അടിത്തട്ടിൽ ആണ്ടുകിടക്കുന്ന ആദിമചോദനകളെ ഉദ്ദീപിപ്പിച്ച് പുതിയ തുറസ്സുകളിലേക്ക് ആനയിക്കാനുള്ള രാസവിദ്യയെന്ന നിലയിലാണ് സമകാലിക സാഹിത്യരചയിതാക്കൾ പുരാവൃത്തങ്ങളെ ഉപയുക്തമാക്കുന്നത്. പുരാവൃത്തത്തെ പൂർണ്ണമായും ഭാഗികമായും ഉപജീവിക്കുന്ന കഥകൾ നിരവധി രചിച്ചിട്ടുണ്ട് എസ്. വി. വേണുഗോപൻനായർ. അവയെല്ലാം ലക്ഷ്യംവയ്ക്കുന്നത് മനുഷ്യജീവിതത്തിന്റെ വൈവിധ്യപൂർണവും വൈജാത്യപൂർവകവുമായ അവസ്ഥകളെ തന്നെയാണ്. അവയുടെ സൂക്ഷ്മതലങ്ങളെ അവതരിപ്പിക്കുന്നതിനുള്ള ശക്തമായ മാർഗമായിത്തീരുന്നു പുരാവൃത്തകഥകളും കഥാപാത്രങ്ങളും.

അമ്മമാരുടെ ദുഃഖം

ഖാണ്ഡവദഹനമെന്ന പുരാണപ്രസിദ്ധമായ കഥാസന്ദർഭത്തിലേക്ക് വേണുഗോപൻ നായർ നോക്കുന്ന കലാത്മകമായ നോട്ടമാണ് *ഖാണ്ഡവം കത്തുമ്പോൾ* എന്ന കഥ. ഖാണ്ഡവവനം ദഹിപ്പിക്കാനെത്തുന്ന അഗ്നിയോ അഗ്നിക്ക് തുണ നിൽക്കുന്ന അർജ്ജുനനോ അഗ്നിയിൽനിന്ന് സുഹൃത്തായ തക്ഷകനെ രക്ഷിക്കാൻ വെമ്പൽകൊള്ളുന്ന ഇന്ദ്രനോ അല്ല ഈ കഥയുടെ കേന്ദ്രസ്ഥാനത്ത്. രണ്ട് അമ്മമാരാണ്. പ്രിയപുത്രനായ അശ്വസേനനെ രക്ഷിക്കാൻ പെടാപ്പാടുപെടുന്ന തക്ഷകഭാര്യയായ തക്ഷകി. ചിറകുമുളയ്ക്കാത്ത തന്റെ നാലുമക്കളെപ്രതി ഹൃദയംവേകുന്ന ജരിതയെന്ന അമ്മപ്പക്ഷി. പാമ്പുകളും പക്ഷികളും തമ്മിലുള്ള ശത്രുത പുരാണപ്രസിദ്ധമാണല്ലോ. നാഗങ്ങളും ഗരുഡനും തമ്മിലുള്ള വൈരകഥ നിലനിൽക്കുമ്പോൾതന്നെ മാതൃഭാവത്തിന്റെ ഏകതയിൽ തക്ഷകിയും ജരിതയും ഈ കഥയിൽ അമ്മപക്ഷമെന്ന ഏകപക്ഷത്താണ് നിലയുറപ്പിക്കുന്നത്. പുത്രദുഃഖത്തിൽ വെന്തുനീറുന്ന രണ്ട് അമ്മമാരുടെ ഹൃദയവേദന അവതരിപ്പിക്കാനുള്ള ഉപാധിയായിട്ടാണ് ഖണ്ഡവദഹനമെന്ന പുരാവൃത്തത്തെ കഥാകൃത്ത് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. മാതൃഭാവത്തിന്റെ തരളത മനുഷ്യവംശത്തിന്റെ ആരംഭം മുതലിന്നോളം ഏറ്റക്കുറച്ചിലില്ലാതെ നിലനിൽക്കുന്ന അടിസ്ഥാനചോദനയാണ്. പുരാവൃത്തങ്ങളുടെ അന്തഃസത്തയായി നിലനിൽക്കുന്ന മാതൃഭാവത്തെ സമകാലത്തോട് ചേർത്തുവയ്ക്കുന്നതിനായി കഥാകൃത്ത് പുരാണകഥയെ ഉപജീവിച്ചത് സാർത്ഥകമായിട്ടുണ്ട്. അമ്മയുടെ സഹജമായ ജാഗ്രതയും സ്നേഹവും സഹാനുഭൂതിയും സാഹസികതയും പ്രകടിപ്പിക്കുന്നവരാണ് ഈ കഥാസന്ദർഭത്തിലെ രണ്ട് അമ്മമാരും. തക്ഷകിയുടെ ഭർത്താവായ തക്ഷകനും ജരിതയുടെ ഭർത്താവായ മന്ദപാലമുനിയും സമീപത്തില്ലെന്ന ദുരവസ്ഥയും അവർ നേരിടുന്നുണ്ട്. ഈ സന്നിശ്ചാവസ്ഥയിലാണ് കാട്ടുതീയുടെ രൂപത്തിൽ ദുരിതം അവരുടെ ജീവിതത്തിലേക്ക് കടന്നുവരുന്നത്.

അകലെ കാണുന്ന വെളിച്ചത്തെ മിന്നാമിനുങ്ങിന്റെ വെട്ടമായിട്ടാണ് തക്ഷകിയുടെ മകൻ അശ്വസേനൻ നോക്കിക്കാണുന്നത്. പക്ഷേ അമ്മയുടെ ജാഗ്രത അത് അഗ്നിയെന്ന് കാലേക്കൂട്ടി തിരിച്ചറിയുന്നു. “കുഞ്ഞേ, നീ

ലോകം കാണാനിരിക്കുന്നതേയുള്ളു. നമുക്കു കാണാൻ പറ്റാത്തതും അല്ലാത്തതുമായ എത്രയോ അഗ്നികളുണ്ട്. ജീവികളുടെ നെഞ്ചിൽത്തന്നെ പലതരം തീയുണ്ട്. തൃഷ്ണാഗ്നിയാണ് അശമ്യം. അതിനു മര്യാദയേതുമില്ല. അണയ്ക്കാനും പറ്റില്ല. അകത്തെറിയുന്ന ആ തീ പുറത്തു പടരുമ്പോഴാ നമ്മള് കാണുന്നത്" (വേണുഗോപൻ നായർ, 2010:342). തക്ഷകിയിലൂടെ കഥാകൃത്ത് വെളിവാക്കുന്ന ജീവിതരഹസ്യം എത്ര ഉദാത്തമാണ്. ജീവികളുടെ നെഞ്ചിലെരിയുന്ന തൃഷ്ണാഗ്നിയാണ് എല്ലാ പ്രശ്നങ്ങളുടെയും കാരണം. തുടർന്നു വരുന്ന വിവരണങ്ങളിൽ ജീവിയെന്നത് മനുഷ്യനായി മാറുന്നു. മനുഷ്യന്റെ തൃഷ്ണയാണ് ലോകത്തെ ചുട്ടെരിക്കുന്നതെന്ന പൗരാണികസത്യത്തെ വേണുഗോപൻനായർ സമകാലത്തോട് സമൃക്കായി ചേർത്തുവയ്ക്കുകയാണ് പുരാണ കഥാഖ്യാനത്തിലൂടെ.

കുറെ കാലമായി ഇരുകാലിജന്തുക്കൾ പാത്തും പതുങ്ങിയും ആയുധങ്ങളുമായിവന്ന് കാട്ടിലെ ചന്ദനവും മരുതും തേക്കും ദേവതാരുവുമൊക്കെ വെട്ടിക്കൊണ്ടു പോകുന്നതിനെപ്പറ്റിയും തക്ഷകി പരിതപിക്കുന്നു. നട്ടുച്ചയ്ക്കുപോലും കുരിരുട്ടായിരുന്ന കാടിപ്പോൾ വെളിമ്പറമ്പായി. ഇതേപ്പറ്റി ദേവേന്ദ്രനോട് പരാതിപ്പെട്ടപ്പോൾ നാശത്തിന്റെ കണക്കെടുക്കാൻ കല്പനയായി. കുറ്റക്കാരെ ശിക്ഷിക്കുമെന്നും പ്രഖ്യാപിച്ചു. അത് ഇന്നു നാളേന്നു നീളുന്നതിനിടയിലാണ് തൃഷ്ണാഗ്നി കാട്ടുതീയായി പാഞ്ഞുവന്നത്. എല്ലാമങ്ങു ചുട്ടെരിച്ചാല് പിന്നെന്തു കണക്ക്? പരാതിക്കാർ ആര്? തെളിവു നശിപ്പിക്കാനായി എല്ലാം ചുട്ടെരിക്കുന്ന കള്ളക്കളികൾ ഇന്നും തുടരുമ്പോൾ കഥാകൃത്തിന്റെ പുരാണ കഥാപുനരാഖ്യാനം കാലികമാകുന്നു. രാജാവായ ഇന്ദ്രന്റെ ഇരട്ടത്താപ്പിനെ തുറന്നു വിമർശിക്കുന്നുമുണ്ട് തക്ഷകി. "നെന്റെ അച്ഛന്റെ തോഴനാണല്ലോ നമ്മെ ഭരിക്കണ വാസവൻ. അയാളുടെ സ്നേഹമൊക്കെ ഒരഭിനയമാ രാജാവല്ലേ, സൂത്രശാലി. കള്ളൻ... എല്ലാ രാജാക്കന്മാരും കള്ളൻമാരാ"(വേണുഗോപൻ നായർ, 2010:342). ഈ വിമർശനം പൗരാണികകാലത്തിന്റെ അതിരുകൾ ഭേദിച്ച് ഇന്നും മുഴങ്ങികേൾക്കുന്നു എന്നതിനാലാണ് ഈ കഥാസന്ദർഭം പ്രസക്തമാകുന്നത്. നാല്വമക്കളുടെ രക്ഷയ്ക്കായി വെമ്പൽകൊള്ളുന്ന ജരിതയുടെ ദുഃഖവും ചൂടുപൊള്ളുന്ന വാക്കുകളായി പുറത്തുവരുന്നു. അഗ്നിക്ക് ആയുധപാണികളായി തുണനിൽക്കുന്ന കൃഷ്ണന്റെയും അർജ്ജുനന്റെയും പ്രവൃത്തികളെ ഒരു വിധത്തിലും ന്യായീകരിക്കാൻ ആ അമ്മയ്ക്ക് കഴിയുന്നില്ല. "ഈ കാടെരിച്ചു കളയേണ്ടത് വലിയവരുടെ പൊതു ആവശ്യമായിരിക്കയല്ലേ. അവരുടെ മനഃശാന്തിയും ക്ഷേമവും, ദുഷ്ടന്റെയും കള്ളന്റെയും ത്രാണനവുമാണല്ലോ ഭഗവാന്റെയും ധർമ്മം. എങ്കിലും എത്ര പരസ്യമായി, ഇത്ര ക്രൂരമായി..."(വേണുഗോപൻനായർ, 2010:344). വല്ലായ്മ ദേവകൾ ചെയ്താലും പൊറുക്കാത്ത പൂർവരക്തത്തിന്റെ കരുത്താണ് ജരിതയുടെ വാക്കുകളിൽ മുഴങ്ങുന്നത്. പറന്നതാണ് അവരുടെ കണ്ണുകൾ കൊത്തിപ്പറിക്കാൻ അവളുടെ കൊക്കു തുടിച്ചു.

ജരിതയുടെ ദൈവജ്ഞരായ മക്കളിലൂടെ കൂടുതൽ തീക്ഷ്ണമായ സാമൂഹികവിമർശനത്തിന് കഥാകാരൻ സന്നദ്ധനാകുന്നു. ഇരുപക്ഷത്തായി നിലയുറപ്പിച്ച ഇന്ദ്രനും അർജ്ജുനനും തമ്മിലുള്ള യുദ്ധം വെറും യുദ്ധനാടകമാണ്. കാട് ചുടുചാമ്പലാക്കാൻ വന്ന അഗ്നിക്ക് തുണനിൽക്കുന്ന അർജ്ജുനന്റെ വിജയമാണ് എതിരാളിയായ ഇന്ദ്രൻ അഭിലക്ഷിക്കുന്നത്. കാടും കാട്ടിലെ ജീവികളും ആഹൃതരായാലും മകൻ വിഭൃതനാകണമെന്നാണ് പിതാവിന്റെ ഇംഗിതം. അതോടെ അയാളുടെ പോരാട്ടം വെറും കാട്ടിക്കൂട്ടലുകളാകുന്നു. തന്ത്രശാലിയായ അച്ഛൻ തേറ്റെന്നഭിനയിച്ചു പിൻമാറുന്നു. രാജാവിനെ കണ്ണുംപൂട്ടി വിശ്വസിക്കുന്ന സാധാരണ പൗരന്മാർക്ക് ജീവഹാനി സംഭവിക്കുന്നു. യുദ്ധമുഖത്തു നടക്കുന്ന ഈ ഉപജാപങ്ങൾ വെറും പുരാവൃത്തങ്ങളല്ല, സമകാലിക യാഥാർത്ഥ്യങ്ങളാണെന്ന ഓർമ്മപ്പെടുത്തൽ വേണുഗോപൻനായരുടെ കഥാഖ്യാനരീതിക്ക് പുതുമാനം പകരുന്നു.

പുരുഷന്റെ കുടിപ്പകയും വൈരവും കത്തിക്കാളുന്ന ഖാണ്ഡവദഹനകഥയുടെ സ്ത്രീപക്ഷഭാക്ഷ്യമായി മാറുന്നുണ്ട് *ഖാണ്ഡവം കത്തുമ്പോൾ* എന്ന കഥ. ഖാണ്ഡവം കത്തിക്കുന്നതിലാണ് പുരുഷനു കമ്പം. കത്തുമ്പോഴുണ്ടാകുന്ന ദുരിതങ്ങൾ ഏറ്റുവാങ്ങുന്നത് തക്ഷകിയും ജരിതയും ഉൾപ്പെടെയുള്ള സ്ത്രീജനങ്ങളാണ്. തങ്ങളുടെ ജീവനെ ചൊല്ലിയല്ല അവർ വേപഥുകൊള്ളുന്നത്. മക്കളുടെ ജീവനാണ് അമ്മയുടെ സ്വത്വത്തിന് അർത്ഥം നൽകുന്നത്. അമ്മമാരുടെ പൊള്ളുന്ന കണ്ണീരടരുകൾ മക്കളെ പൊതിയുന്നു. 'അമ്മ പോകുല... അമ്മ പോകുല...' എന്ന് മക്കൾ നിലവിളിക്കുമ്പോഴും സ്വന്തം കൂടിനെ, മക്കളെ വലംവച്ചു പറന്നു ചുറ്റി കൊണ്ടിരിക്കുന്ന മന്ദബുദ്ധിയാണ് ജരിത. പിഞ്ചോമനയുടെ പ്രാണപ്പിടച്ചിൽ കണ്ടു നിൽക്കാനാവാതെ അവനെ തന്റെ ഉള്ളിലാക്കി ഒരു സർപ്പവും അന്നോളം ഓടിയിട്ടില്ലാത്ത വേഗത്തിൽ അപകട വഴികളിലൂടെ മുൻപിൻ നോക്കാതെ

 ISSN No: 3049-0316

ഓടിയവളാണ് തക്ഷകി. പക്ഷേ, അർജ്ജുനന്റെ വാൾത്തലപ്പിൽ കരയാനോ, ഒന്നു പിടയാനോ ഇടകിട്ടാതെ ഒടുക്കാനായിരുന്ന ആ മാതാവിന്റെ വിധി. പുരുഷന്റെ കിടമത്സരത്തിനിടയിൽ എരിഞ്ഞൊടുങ്ങുന്ന പരശതം സ്ത്രീജന്മങ്ങളുടെ ദുരിതവും നിസ്സഹായതയും അനുഭവപ്പെടുത്താൻ പര്യാപ്തമായ വിധത്തിൽ പുരാണവൃത്താന്തത്തെ പുനരാവിഷ്കരിച്ചു എന്നിടത്താണ് വേണുഗോപൻനായരുടെ കഥനകല സഫലമാകുന്നത്.

അനന്തന്റെ വേദനകൾ

പുരാണപ്രസിദ്ധനായ അനന്തൻ കേന്ദ്രപാത്രമായി വരുന്ന കഥയാണ് *ആദിശേഷൻ*. കാലാകാലങ്ങളായി മഹാവിഷ്ണുവിന്റെ തല്പമായി നിലകൊണ്ട് തന്റെ അവസ്ഥയിൽ മടുപ്പുബാധിച്ച ആദിശേഷന്റെ ആത്മരോദനമാണ് ഈ കഥ. അനന്തപുരവാസിയായ കഥാകൃത്ത് അനന്തശായിയായ വിഷ്ണുപക്ഷത്തു നിന്നല്ല, വിഷ്ണുശയ്യയായ അനന്തന്റെ മനോനിലയോട് താദാത്മ്യം പ്രാപിച്ചുകൊണ്ടാണ് ലോകത്തെ നോക്കിക്കാണുന്നത്. ഇത്തരം വ്യതിരിക്തമായ നോട്ടങ്ങളാണ് വേണുഗോപൻനായരുടെ കഥകൾക്ക് സവിശേഷമായ ആഖ്യാനതലം പകർന്നുനൽകുന്നത്. പ്രത്യക്ഷത്തിൽ ഏറ്റവും ഭാഗ്യവാനും പരിഗണനാർഹനുമാണ് ആദിശേഷൻ. ഈരേഴുലോകവും പാലിക്കുന്ന ഭഗവാൻ പള്ളിയുറങ്ങുന്ന തല്പം. തന്റെ അവസ്ഥയിൽ പക്ഷേ ഒട്ടും സംതൃപ്തനല്ല ആദിശേഷൻ. കാകോളം തുള്ളിച്ചു കാളിന്ദി മർദ്ദിച്ച കാളിയനും ശ്രീഹരി കണ്ണും തിരുനീലമാക്കിയ വാസുകിയും പാണ്ഡവകുലം മുടിച്ച തക്ഷകനും എതിർപക്ഷത്താണെങ്കിലും അവരെപ്പോലെ ആകാനാണ് അനന്തൻ ആഗ്രഹിക്കുന്നത്. അവരുടെ ചലനവും സ്വാതന്ത്ര്യവുമാണ് ആദിശേഷന്റെ മോഹം. പ്രാണനടക്കി, മോഹമൊടുക്കി, മടങ്ങിച്ചുരുണ്ട് വിഷ്ണുവിനെ ചുമന്നു പൊങ്ങിക്കിടക്കുന്ന തന്റെ അവസ്ഥ ദുർവിധിയാണെന്നാണ് അനന്തന്റെ പക്ഷം. 'ആദിശേഷൻ ഞാനെനിക്കിന്ന് ശേഷമായുള്ളതോ ആധികൾ മാത്രം!' എന്നു വിലപിക്കുന്ന നാഗശ്രേഷ്ഠൻ വ്യവസ്ഥാപിതചിന്തയുടെ മറുപുറത്താണ് ഫണം വിടർത്തുന്നത്. എല്ലാവരും മോഹിക്കുന്ന വിഷ്ണുപദത്തെക്കാൾ അഭികാമ്യം സ്വാതന്ത്ര്യത്തിന്റെ അനന്തവിഹായസ്സാണെന്ന സത്യം പുരാവൃത്ത പ്രകീർത്തിതനായ ഒരു കഥാപത്രത്തിലൂടെ ആവിഷ്കരിക്കുകയാണ് കഥാകൃത്ത്.

അധികാരത്തിന്റെയും ആരാധനയുടെയും ഉന്നതസ്ഥാനങ്ങളിൽ സാധാരണ ജീവിതത്തിന്റെ അനായാസത തെല്ലുമില്ല, എല്ലാം ചിട്ടവട്ടങ്ങൾ പാലിച്ചുവേണം. അവിടെ സപത്നീ മാത്സര്യമുണ്ട്. അസംതൃപ്തിയും അസ്വാസ്ഥ്യവുമുണ്ട്. സൃഷ്ടിയുടെ താളപ്പെരുക്കങ്ങളുണ്ട്. ഒക്കെയും കണ്ടില്ലെന്ന് നടിച്ചാലേ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ. 'കണ്ണൊന്നടച്ചാൽ കാതുമടയുന്ന ജന്മമാണല്ലോ അനന്തൻ, അരുതാത്തതെല്ലാം കാണാതിരിപ്പാൻ, കേൾക്കാതിരിപ്പാൻ, കണ്ണടച്ചിരുളാക്കുവോരല്ലോ മാന്യർ' എന്നറിയുന്നവർക്കേ ഉന്നതശ്രേണിയിൽ ഉന്നതർക്കൊപ്പം നിലനിൽക്കാൻ സാധിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യമാണ് അനന്തന്റെ ആത്മാലാപത്തിലൂടെ കഥാകൃത്ത് ഉയർത്തിക്കാണിക്കുന്നത്. ഒരേ അച്ചിൽ വാർത്തതുപോലുള്ള ജീവിതത്തിന്റെ കടുത്ത വിരസതയുടെ ഭാരംപേറുന്ന ആദിശേഷൻ പരമപദത്തെക്കാൾ പാഴ്മണ്ണാണ് അഭികാമ്യമെന്ന മനോനിലയിലേക്ക് എത്തിച്ചേരുന്നു. അനന്തൻ കാലമാണെന്നു പറയുന്ന പുരാണം അയാൾക്ക് അംഗീകരിക്കാൻ കഴിയുന്നില്ല. അട്ടിയിട്ടു ചുരുണ്ട ജഡമാണോ കാലം എന്നാണ് ഒന്നിളകിക്കിടക്കാൻ, എള്ളോളമിഴയാൻ മോഹിക്കുന്ന അനന്തന്റെ ചോദ്യം. ചുരുളാകെയൊന്നു നിവർത്താനും വെള്ളത്തിൽ നീന്തിത്തുടിക്കാനും ചൂളമടിച്ചുയർന്നാടാനും ആഗ്രഹിക്കുന്ന അനന്തൻ വിണ്ണിന്റെ സൗഭാഗ്യത്തെക്കാൾ മണ്ണിന്റെ സാമീപ്യം കൊതിക്കുന്നവനാണ്. ഭഗവാനോടുള്ള അവന്റെ പ്രാർത്ഥന ഇതു മാത്രമാണ്. "മുക്കണ്ണനെപ്പോലെ ഉരഗമാമെന്നെ കഴുത്തിലേറ്റേണ്ട ശാർങ്ഗേ! ഷൺമുഖനെപ്പോലെ കൊണ്ടുനടക്കയും വേണ്ട.നീ മെല്ലെയൊന്നെണീല്ക്കുക. ഇന്നോളമെന്നെ തൊടാത്ത നിൻ ഉള്ളംകാൽകൊണ്ടെന്നിക്കു മോക്ഷമേകുക. എന്റെ ഫണങ്ങളിൽ ചാടിക്കരേറി താണ്ഡവം തുള്ളിത്തിമിർക്കുക... എന്നെ മൂടിയജാഡ്യത്തിൻ പുറ്റടച്ചീ സിരകളെ കിള്ളിയുണർത്തുക"(വേണുഗോപൻനായർ, 2010:198). അതിനു കഴിയുന്നില്ലെങ്കിൽ തന്നെ ഗരുഡന്റെ ക്രൂരമാം കൊക്കിനെറിഞ്ഞുകൊടുക്കാനാണ് ആദിശേഷന്റെ പ്രാർത്ഥന. നിഷ്ക്രിയത്വത്തിൽ മനംനൊന്ത്, കർമ്മരഹിതനായിരിക്കുന്നതിനേക്കാൾ അഭികാമ്യം മരണമാണെന്നു ദൃഢനിശ്ചയം ചെയ്യുന്ന കർമ്മോത്സുകനായ ആദിശേഷനെ ഭാവന ചെയ്തുകൊണ്ട് മനുഷ്യജീവിതത്തിൽ കർമ്മത്തിനുള്ള പ്രാധാന്യം ഉദീരണംചെയ്യുകയാണ് കഥാകാരൻ. അതിനുള്ള ഉപാദിയായിത്തീരുന്നതോ തലമുറകളിലൂടെ കൈമാറിവന്ന പുരാവൃത്തവും.

ISSN No: 3049-0316

പുരാണകഥയിലെ പരിവർത്തനങ്ങൾ

പുരാവൃത്തങ്ങളിലെ കഥാസന്ദർഭങ്ങളുടെയും കഥാപാത്രങ്ങളുടെയും തനിമ നിലനിർത്തിക്കൊണ്ട് അവയെ കാലാനുസൃതമായി പരിഷ്കരിച്ച് അവതരിപ്പിക്കുന്ന രീതിയാണ് വേണുഗോപൻനായർ പുരാവൃത്ത പരാമർശിതമായ കഥകളിൽ സ്വീകരിച്ചിട്ടുള്ളത്. പുരാവൃത്തത്തിന്റെ അടിസ്ഥാനത്തിൽ ഉറച്ചുനിന്നുകൊണ്ടു കഥാകൃത്ത് നടത്തുന്ന സ്വതന്ത്രയാനങ്ങളാണ് അദ്ദേഹത്തിന്റെ പുരാവൃത്തപരാമർശിതമായ കഥകളെ ചേതോഹരമാക്കുന്നത്. *ഹനുമാൻ പണ്ടാരം* എന്ന കഥയിൽ ദൂതുപോകുന്ന ഹനുമാനാണ് നായകൻ. സീതാദേവിയെ ചെന്നുകണ്ട് രാമദൂത് അറിയിച്ച ഹനുമാന് അടയാളമായി ദേവി ഒരു തങ്കമോതിരം നൽകി. മോതിരം കൈയ്യുള്ളിൽ ഭദ്രമായി പിടിച്ചുകൊണ്ട് ഹനുമാൻ തിരികെ ചാടി. ശേഷം കഥാകൃത്ത് ഇങ്ങനെ വിവരിക്കുന്നു. "മാരുതി ഇക്കരെയെത്തി രാമന്റെ മുമ്പിൽ സാഷ്ടാംഗം വീണ്, ലങ്കയിൽ കണ്ടതും ചെയ്തതും വർണ്ണിച്ച കേൾപ്പിച്ചനുഗ്രഹം വാങ്ങി. മുദ്രാംഗുലീയം സ്വാമിക്കു കാണിയ്ക്കവയ്ക്കാൻ മുഷ്ടി തുറന്നു... അന്നേരം കഷ്ടമേ കഷ്ടം! മോതിരമില്ലാ! ഹനുമാന്റെ പ്രാണൻ പിടഞ്ഞു. പാവം അലറിക്കരഞ്ഞു"(വേണുഗോപൻനായർ, 2010:282). ഇങ്ങനെയൊരു കഥാസന്ദർഭം പുരാണത്തിലില്ല. ഇത് കഥാകാരന്റെ ഭാവനാവിലാസമാണ്. ഈ കഥാപരിണതിയിലൂടെദാമ്പത്യജീവിതത്തിന്റെമഹത്വംഉദ്ഘോഷിക്കുവാനാണ്കഥാകാരൻഉദ്യുക്തനാകുന്നത്. ദാമ്പത്യമെന്തെന്നു തിരിയാത്ത പുരുഷന്റെ കൈയിൽ ദാമ്പത്യമുദ്ര വാഴില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ദാമ്പത്യത്തിന് മനുഷ്യജീവിതത്തിലുള്ള പ്രാധാന്യം നിത്യബ്രഹ്മചാരിയായ ഹനുമാന്റെ കഥയിലൂടെ അവതരിപ്പിക്കുന്നു. പുരാണകഥയിൽ രസനീയമായ പരിവർത്തനങ്ങൾ വരുത്തിക്കൊണ്ട് ജീവിതസത്യങ്ങൾ അനാവരണം ചെയ്യുന്നുവെന്നത് വേണുഗോപൻനായരുടെ കഥാലോകത്തെ സവിശേഷമാക്കുന്നു.

നാഞ്ചിനാടിന്റെ ദേശത്തിനിമ കഥയിലും കഥാഖ്യാനത്തിലും പിന്തുടരുന്ന കഥാകൃത്ത് പുരാണസന്ദർഭങ്ങളുടെ തിരഞ്ഞെടുപ്പിലും ആ മമതാബന്ധം പുലർത്തുന്നുണ്ട്. കഥാഖ്യാനത്തിന് തിരഞ്ഞെടുക്കുന്ന പുരാവൃത്തങ്ങളിൽ ഏറിയ പങ്കും തിരുവനന്തപുരവും അനന്തശായിയുമായി ബന്ധപ്പെട്ടവയാണ്. ശ്രീകൃഷ്ണന്റെ അപദാനങ്ങൾ പ്രകീർത്തിക്കുന്ന *കൃഷ്ണഗാഥ* എന്ന കഥയുടെ പശ്ചാത്തലം അമ്പാടിയല്ല, അനന്തപുരിയാണ്. തദ്ദേശവാസികളായ സൊസൈറ്റിലേഡികളാണ് അഭിനവ ഗോപികമാരായി ചമയുന്നത്. അവർ പാടിക്കളിക്കുന്ന പാട്ടുകളിൽ ഒപ്പനപ്പാട്ടുമുണ്ട്. വസ്ത്രാപഹരണവും ഗോപികാദുഃഖവും രാസക്രീഡയുമെല്ലാം അനന്തപുരിയിൽ ആവർത്തിക്കുന്നു. ഇവിടെ വസ്ത്രം അപഹരിക്കുന്നത് ശ്രീകൃഷ്ണനല്ല, ഗോപികമാരാണ്. ഗോപികമാരെ ദുഃഖത്തിലാഴ്ത്തി ഭഗവാൻ നിഷ്ക്രമിക്കുന്നത് മനുഷ്യസഹജമായ ശങ്കതീർക്കാൻ വേണ്ടിയാണ്. പുരാണകഥയിൽ രസകരമായ പരിണാമം വരുത്തി കഥ പറയുന്ന കഥാകൃത്തിന്റെ ലക്ഷ്യം ഭർത്തൃസാമീപ്യം നിഷേധിക്കപ്പെട്ട അനന്തപുരവാസികളായ സ്ത്രീകളുടെ ദുഃഖം അവതരിപ്പിക്കുക എന്നതാണ്. ഭരണകാര്യവ്യഗ്രരായ ഭർത്താക്കന്മാർ ഭാര്യമാരെ ശ്രദ്ധിക്കുന്നതേയില്ല. ഈ സന്നിഗ്ധഘട്ടത്തിലാണ് ഭഗവാന് വീണ്ടും അവതരിക്കേണ്ടിവന്നത്. തനിക്ക് ചിരപരിചിതമായ ദേശത്തെ കഥയിൽ ഉൾച്ചേർത്തുകൊണ്ട് നഗരജീവിതത്തിന്റെ യാന്ത്രികതയിൽ കുടുംബബന്ധങ്ങളുടെ ഊഷ്മളത നഷ്ടമാകുന്നുവെന്ന് കഥാകാരൻ ഓർമ്മപ്പെടുത്തുന്നു.

ഉപസംഹാരം

പുരാവൃത്തത്തെ കഥയ്ക്ക് ഉപാദാനമാക്കുമ്പോഴെല്ലാം അതിന് അനുയോജ്യമായ ആഖ്യാനരീതിയും ഭാഷാരീതിയും വേണുഗോപൻനായർ സ്വീകരിക്കാറുണ്ട്. ആദിശേഷന്റെ ആകുലതകൾ പങ്കുവയ്ക്കുന്നിടത്ത് ആത്മകഥനരീതിയാണെങ്കിൽ തക്ഷകിയുടെയും ജരിതയുടെയും മാതൃദുഃഖം അവതരിപ്പിക്കുമ്പോൾ ആഖ്യാനം നാടകീയമാകുന്നു. മറ്റു ചിലപ്പോൾ ആക്ഷേപഹാസ്യത്തിൽ പൊതിഞ്ഞ ആഖ്യാനശൈലിയിലൂടെ സാമൂഹികപ്രശ്നങ്ങളെ മറനീക്കി കാണിക്കാറുമുണ്ട്. കഥാകൃത്തിന്റെ ആഖ്യാനരീതിയുടെ ജീവശക്തിയായി വർത്തിക്കുന്നത് തനതായ ഭാഷാപ്രയോഗപാടവമാണ്. പുരാണേതിവൃത്തങ്ങളെ സമകാലത്തേയ്ക്ക് പറിച്ചുനടുന്നതിനുള്ള മുഖ്യോപാദിയായി തീരാറുണ്ട് ദേശത്തിന്റെ ചൂടുംചൂരും തിരളുന്ന ഭാഷ. ചിലപ്പോഴത് തനി പ്രാദേശികമാകും, മറ്റു ചിലപ്പോൾ നാടോടിക്കഥയുടെ ചേലിലാകും. ഇനിയും ചിലപ്പോൾ ഇംഗ്ലീഷുകലർന്ന് മോഡേണായെന്നുമിരിക്കും. ഒല്ലാതായി, കടന്നവാറെ, അമ്പിയിരുന്ന, പൊറാഞ്ഞ് എന്നിങ്ങനെയുള്ള പ്രാദേശികപ്രയോഗങ്ങളൊക്കെ പുരാവൃത്തകഥനത്തിൽ ധാരാളമായി കടന്നുവരുന്നു. അതേസമയം

 ISSN No: 3049-0316

കുരുക്ഷേത്രം വാർഫ്രണ്ടിൽവച്ച ബോസ്റ്റുചെയ്ത എന്ന പ്രയോഗിക്കാനും കഥാകാരന് മടിയില്ല. പുരാവൃത്തത്തെ ചൈതന്യം ചോരാതെ, എന്നാൽ തികച്ചും നവീനമായി ആവിഷ്കരിക്കുകതന്നെ വക്താവിന്റെ ലക്ഷ്യം.

പുരാവൃത്തത്തെ ഉപജീവിച്ച് നിരവധി കഥകൾ എഴുതിയ കഥാകൃത്താണ് വേണുഗോപൻനായർ. ആ കഥകളൊന്നും വെറും പുരാവൃത്ത പുനരാഖ്യാനങ്ങൾ ആയിരുന്നില്ല. സാമൂഹികജീവിതാവിഷ്കാരം, അതിലൂടെ സാദ്ധ്യമാകേണ്ട സാമൂഹികവിമർശനം എന്നിങ്ങനെ നിശ്ചയിച്ചുറപ്പിച്ച ലക്ഷ്യങ്ങളുടെ സാക്ഷാത്കാരമായിരുന്ന പുരാവൃത്ത പരാമർശിതമായ കഥകളോരോന്നും. ജീവിതത്തോട് ചേർന്ന നിൽക്കുന്ന പൗരാണികകഥാ സന്ദർങ്ങൾ കണ്ടെത്തി അവയ്ക്ക് കഥയുടെ ഊടും പാവും നെയ്യുകയായിരുന്ന ആ നെയ്ത്തുകാരൻ. ദേശസംസ്കാരത്തിന്റെ ആഴപ്പെടലാൽ അദ്ദേഹം കണ്ടെത്തിയ പുരാവൃത്തങ്ങളേറെയും അനന്തശായിയുമായി ബന്ധപ്പെട്ടവയായിരുന്നു. അക്കഥകൾ അവതരിപ്പിക്കാൻ അദ്ദേഹം സ്വീകരിച്ച ഭാഷ ആ ദേശത്തിൽനിന്ന് സ്വാംശീകരിച്ചെടുത്തതും. അതുകൊണ്ടുതന്നെ പുരാവൃത്തങ്ങളെ സമകാലികസന്ദർഭത്തിൽ സന്നിവേശിപ്പിക്കുന്ന അദ്ദേഹത്തിന്റെ കഥകൾ ഇന്നും ഉദാത്തങ്ങളായി നിലകൊള്ളുന്നു.

ഗ്രന്ഥസൂചി

1. രാഘവവാര്യർ, എം. ആർ. ഡോ., *മിത്തും സമൂഹവും*, ജാലകം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1994.
2. ലീലാവതി എം. ഡോ., *ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ - ഒരു പഠനം*, കേരള ഭാഷാ ഇൻസ്റ്റിസ്റ്റ്യൂട്ട്, തിരുവനന്തപുരം 1993.
3. വേണുഗോപൻ നായർ, എസ്. വി., *അൻപത്തിയൊന്ന് തെരഞ്ഞെടുത്ത കഥകൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2010.
4. Kirk G. S., *Myth - Its Meaning and Functions in Ancient and Other Cultures*, University of California Press, Los Angeles, 1970.
5. Lewis Spence, *The outlines of Mythology*, Watts & Co., London, 1949.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

സ്ത്രീയനുഭവങ്ങളുടെ രാഷ്ട്രീയവും 'ഒത്തുതീർപ്പുക'ളിലെ പ്രമേയപരിസരവും



ഡോ. ശോഭിത ജോയ്

സംഗ്രഹം

ഒത്തുതീർപ്പുകൾ' എന്ന രചനയിലൂടെ, സാഹിത്യത്തിലും സംസ്കാരത്തിലും സ്ത്രീശരീരം എങ്ങനെയാണ് 'പുരുഷനോട്ടത്തിന്' (Male Gaze) ഇരയാക്കപ്പെടുന്നതെന്നും, അത് പുരുഷന്റെ ആഹ്ലാദങ്ങൾക്കും അധികാര വിചാരങ്ങൾക്കും വേണ്ടി എങ്ങനെ സ്വന്തമാക്കപ്പെടുന്നു എന്നും അഷിത എന്ന എഴുത്തുകാരി അപഗ്രഥിക്കുന്നു. Traditional സാമൂഹിക ഘടനയോടും പുരുഷകേന്ദ്രീകൃത ചിന്തകളോടും വിധേയപ്പെടാൻ നിർബന്ധിതയാകുന്ന സ്ത്രീജീവിതത്തിന്റെ രാഷ്ട്രീയത്തെയും അതിലെ ഒത്തുതീർപ്പുകളെയും ഇവിടെ സർഗ്ഗാത്മകമായി വിചാരണ ചെയ്യുന്നു.

താക്കോൽവാക്കുകൾ: സ്ത്രീവാദം, സ്ത്രീപക്ഷ രാഷ്ട്രീയം, കലാപം, ഒത്തുതീർപ്പുകൾ, പുരുഷനോട്ടം, സ്ത്രീമനസ്സ്, സ്ത്രീശരീരവും അധികാരവും, സ്ത്രീ-പുരുഷ ബന്ധങ്ങൾ, സാമൂഹിക വിചാരം

മലയാള സാഹിത്യത്തിൽ പെണ്ണെഴുത്തിന്റെ ഇടം ഇന്നും സജീവമാണ്. സ്ത്രീവാദ രാഷ്ട്രീയ കാഴ്ചപ്പാടിന്റെ ഇടപെടലുകൾ രാഷ്ട്രീയ/സംസ്കാരിക / സാമൂഹിക ലിംഗാധികാരത്തെ തുറന്നുകാട്ടുന്നുമുണ്ട്. സ്ത്രീയുടെ രചനാപ്രവർത്തനങ്ങളുടെ ഭൗതികപരിസരം നേരിടേണ്ടിവരുന്ന സാമൂഹികമായ വിലക്കുകൾ, സാമൂഹികാധികാര ഘടനയോടുള്ള നിരന്തര സംഘർഷങ്ങൾ ഇവയൊക്കെ നേരിട്ട്, എഴുത്തിന്റെ ഭ്രമികയെ വിശാലമാക്കിയ ലളിതാംബിക അന്തർജ്ജനം, സരസ്വതിയമ്മ, മാധവിക്കുട്ടി, സാറാ ജോസഫ്, അഷിത എന്നിവർ ഉന്നയിച്ച സാമൂഹിക/സാംസ്കാരിക/ രാഷ്ട്രീയ ചിന്തകളാണ് സ്ത്രീ എഴുത്തിന്റെ പരിപ്രേക്ഷ്യത്തിനു കാരണമായതും ലോകസാഹിത്യത്തിലെന്നപോലെ മലയാള സാഹിത്യത്തിലും സ്ത്രീയ്ക്ക് സ്വന്തമായ ഒരിടവും വ്യക്തിത്വവും സമാരോപിച്ചെടുക്കാൻ കഴിഞ്ഞതും.

സാമൂഹിക രാഷ്ട്രീയ സമരങ്ങളുടെ കാലത്ത് യാഥാസ്ഥിതിക സാഹിത്യ ധാരണകളെയടക്കം പ്രകോപിപ്പിച്ച എഴുത്തുകാരികൾ വീടിനപ്പുറമുള്ള ലോകത്തെക്കുറിച്ച് അറിയുകയും അവരുടെ രചനകളിൽ സമൂഹത്തെക്കുറിച്ചുള്ള ആകാംഷയും സ്വപ്നങ്ങളും ആദർശങ്ങളും പ്രതിഫലിപ്പിക്കുകയും ചെയ്തു. സ്വന്തം സമുദായത്തിന്റെ പുരുഷാധികാരങ്ങൾക്കെതിരെ ലളിതാംബികാ അന്തർജ്ജനം നടത്തിയ സമരമാണ് സമൂഹത്തിന്റെ നേർക്കും തിരിഞ്ഞത്. ജാതിവ്യവസ്ഥക്ക് എതിരെയുള്ള സമരത്തിനകത്ത് സ്ത്രീവാദത്തിനനുകൂലമായ ഘടകങ്ങളും അവരുടെ കഥകളിൽ കാണാം. 'അഗ്നിസാക്ഷി'യുടെ ആത്മാവ്

* അസിസ്റ്റന്റ് പ്രൊഫസർ, നിർമ്മല കോളേജ് മൂവാറ്റുപുഴ. Mob: 9961553023
Email: sobhitha@nirmalacollege.ac.in

ആചാരപരമായി തിരസ്കരിക്കപ്പെടുന്ന സ്ത്രീസ്വത്വമാണ്. അതുവരെയുള്ള പുരുഷന്റെ സാഹിത്യലോകത്തിലെ സ്ത്രീ തീർത്തും വ്യത്യസ്തയായിരുന്നു. സമൂഹത്തിന്റെ അധികാര ഘടന(വർഗ്ഗ/ജാതി /ലിംഗ)യ്ക്കുള്ളിൽ സ്വത്വാവിഷ്കാരം നടത്തുകയും വ്യവസ്ഥാപിതമായ സാമൂഹിക മൂല്യബോധത്തെ നിഷ്കരുണം വെളിച്ചത്തു കൊണ്ടുവരികയും അങ്ങനെ സമൂഹവുമായി നിരന്തരം കലാപത്തിലേർപ്പെടുകയും ചെയ്യുന്ന സ്ത്രീ എഴുത്തുകാരികൾ ആണ് നമ്മുടേത്.

'ബോധപൂർവ്വമായാലും അബോധപൂർവ്വമായാലും സമരം ചെയ്തേ തീരൂ.അതുകൊണ്ട് ബോധപൂർവ്വമായ സമരം തിരഞ്ഞെടുക്കുകയാവും നല്ലത്.ജയിച്ചില്ലെങ്കിൽത്തന്നെയും തോൽവി പറ്റുമെന്ന് ഭയപ്പെടാതെ ജീവിക്കാൻ പറ്റുമെന്നാണ്' എഴുത്തിനോടുള്ള തന്റെ മനോഭാവത്തെ സരസ്വതിയമ്മ (ജീവിതം എന്റെ നോട്ടത്തിൽ) വ്യക്തമാക്കുന്നത്. സ്ത്രീയെ സംബന്ധിച്ച് സ്നേഹം ഒരു മധുര പലഹാരമാണെന്നും ആ മധുര പലഹാരത്തിൽ മയക്കി നിങ്ങൾക്കവളെ എന്തും ചെയ്യാമെന്നും സരസ്വതിയമ്മ എഴുതിയപ്പോൾ സാഹിത്യത്തിന്റെ തന്ത്രങ്ങൾക്കു നേരെയുള്ള ഒരു പരിഹാസമായിട്ടാണ് അത് മാറിയത്. അമ്മ- ഭാര്യ - മകൾ എന്ന ത്രിത്വത്തിലിട്ട് കറക്കുന്ന മൂല്യസങ്കല്പങ്ങളോടുള്ള സരസ്വതിയമ്മയുടെ പ്രതികരണം ശക്തമാണ്. അന്തർജ്ജനത്തിന്റെയും സരസ്വതിയമ്മയുടെയും രചനകളെ സാമുദായിക പ്രസ്ഥാനങ്ങളിലൂടെ സ്വീകാര്യമായിത്തീർന്ന ലിംഗ മാതൃകകളോടുള്ള വിമർശനാത്മക പ്രതികരണങ്ങളായി വായിക്കാൻ കഴിയും.

എഴുത്തുകാരി സ്വന്തം ശരീരത്തെ ചുറ്റിപ്പറ്റിയുള്ള സാമൂഹിക നിർമിതമായ സദാചാരത്തെ ചോദ്യം ചെയ്യാൻ തുടങ്ങിയപ്പോഴാണ് സ്ത്രൈണാസ്തിത്വത്തെ സ്വയം കീറിമുറിച്ച് കണ്ടെത്തിയ അനുഭവങ്ങൾ സ്ത്രീലൈംഗികതയുടെമേൽ പുതപ്പിച്ച സമൂഹത്തിന്റെ ആവരണത്തെ വലിച്ചു കീറുകയും അടിച്ചമർത്തപ്പെട്ട സ്ത്രീശരീരത്തിന്റെ ചെറുത്തുനില്പും ലൈംഗികാധികാരത്തോടുള്ള കലാപവും സ്വാതന്ത്ര്യമോഹവും പ്രത്യക്ഷമായത്. സ്വാതന്ത്ര്യം, ലൈംഗികത, മരണഭയം, പ്രേമാന്വേഷണം എന്നിങ്ങനെ പലതും ഉൾച്ചേർന്ന് മാധവിക്കുട്ടിയുടെ സർഗ്ഗാത്മക പ്രമേയത്തിന്റെയും സൗന്ദര്യത്തിന്റെയും മേഖലയിൽ പുതിയ അനുഭവം നൽകി. ശരീരത്തിൽ നിന്നു തുടങ്ങി ആത്മാവിലെത്തിനിൽക്കുന്ന ഉറയൂരൽ കണ്ടെത്തിയ കാര്യങ്ങൾ സമൂഹത്തെ ഞെട്ടിച്ച പുതിയ അനുഭവപരിസരം സൃഷ്ടിക്കുകയും ചെയ്തു.

ഒരു സ്ത്രീയുടെ എഴുത്തിന്റെ രാഷ്ട്രീയമെന്തായിരിക്കണം എന്ന ചിന്തയിൽ നിന്നാണ് സാറാ ജോസഫിന്റെ രചനകൾ ഉണ്ടായത്. ലിംഗപരമായ മേധാവിത്വത്തിന്റെ കീഴിൽ ശരീരത്തിനു മേലുള്ള സ്വയം നിർണ്ണയാവകാശം പോലും എടുത്തു കളയപ്പെട്ടിട്ടുള്ള പെണ്ണിന്റെ ലോകത്തെക്കുറിച്ച് ഭയലേശമില്ലാതെ എഴുതുകയാണ് സാറാ ജോസഫ് ചെയ്തത്.

ശക്തമായ രാഷ്ട്രീയ നിലപാടുകൾ മുന്നോട്ടുവച്ചവരല്ലെങ്കിലും രചനകളിലൂടെ സ്വന്തം പീഡിതാവസ്ഥയ്ക്ക് എതിരെ നിരന്തരം സംഘർഷം നേരിടുന്നവരും സർഗ്ഗാത്മതയ്ക്കുവേണ്ടി നിലകൊള്ളുന്നവരുമായ നിരവധി എഴുത്തുകാരികളുണ്ട്. എഴുത്തിനു വേണ്ടി മരണം വരിച്ച രാജലക്ഷ്മിയടക്കം പി.വത്സല, അഷിത,ഗ്രേസി,മാനസി,ചന്ദ്രമതി, വി.എം.ഗിരിജ, സാവിത്രി രാജീവൻ, വിജയലക്ഷ്മി എന്നിവരും എഴുത്തിൽ പുതിയ ഭൂമിക സൃഷ്ടിച്ചെടുത്തവരും നിരന്തരം കലാപം സൃഷ്ടിക്കുന്നവരുമാണ്.

സ്ത്രീ മനസിന്റെ ബഹിർദിശകളിലേയ്ക്ക് പടർന്നു കയറുന്ന അനുഭവത്തിന്റെ തീവ്രതയും സ്നേഹത്തിനു വേണ്ടിയുള്ള അന്വേഷണത്തിൽ പരാജയപ്പെടുമ്പോഴൊക്കെ കബളിപ്പിക്കപ്പെടുന്ന സ്ത്രീ-പുരുഷബന്ധത്തിന്റെ വിശദാംശങ്ങളെ തുറന്നു കാട്ടിയുമാണ് അഷിത എന്ന എഴുത്തുകാരിയുടെ കലാപം. സ്ത്രീവാദ സൗന്ദര്യത്തിന്റെയും സാമൂഹിക വിചാരത്തിന്റെയും പൊതു പരിസരം അവയുടെ വിചാരമാതൃകകളുടെ അന്തരീക്ഷവും അഷിതയുടെ കഥകളിൽ കാണാം. സ്ത്രീയുടെ ശരീരത്തെ പുരുഷന്റെ നോട്ടത്തി (male gaze) നും ആഹ്ലാദങ്ങൾക്കും വിചാരങ്ങൾക്കും വേണ്ടി സ്വന്തമാക്കി വച്ച് സാഹിത്യ സംസ്കാരത്തിൽ പുതിയതരം ഒത്തുതീർപ്പുകൾക്കു വിധേയമാക്കുന്നവയാണ് ഒത്തുതീർപ്പുകൾ എന്ന കഥയിലെ സ്ത്രീയനുഭവങ്ങളുടെ രാഷ്ട്രീയങ്ങളിലൂടെയുള്ള വിചാരം.

സാമൂഹിക സംഘർഷങ്ങളുടെ പരിസരങ്ങളിലേയ്ക്ക് വ്യാപിക്കുന്ന കാഴ്ചയാണ് അഷിതയുടെ ഒത്തുതീർപ്പുകൾ എന്ന ചെറുകഥ. പാർശ്വവത്കരിക്കപ്പെടുന്ന കഥാപാത്രസൃഷ്ടിയോ വായനയോ തിരിച്ചറിയപ്പെടുന്ന ഒരു വ്യവഹാര ചതുരത്തിലേയ്ക്ക് തുറന്നിടുന്ന മനുഷ്യ ജാലകങ്ങളും ഭാഷാവ്യവഹാരങ്ങളും സാർവ്വലൗകികരണം അസാധ്യമാക്കുന്ന വിധത്തിലുള്ളവയാണ്.

ISSN No: 3049-0316

വിശേഷ നിലയിലുള്ള പ്രശ്നപരിസരങ്ങളിലൂടെ കൊണ്ടുപോകുന്നതിന് അഷിത എന്ന കഥാകാരി വിജയിച്ചിരിക്കുന്നു. കഥകൾ ഓരോന്നും ആഖ്യാനത്തിന്റെ ഭിന്നമാതൃകകളും സ്ത്രീയനുഭവത്തിന്റെ ലോകവീക്ഷണത്തെയും അടയാളപ്പെടുത്തുന്നവയുമാണ്. സ്ത്രീ ധർമ്മപരമായി വ്യവച്ഛേദിക്കപ്പെടുന്ന ഭാര്യപദം അതിൻറെ ഇടങ്ങളിൽ നിന്നും മുഖം തിരിച്ചു നിൽക്കുന്നു. കുടുംബിനി ,അമ്മ തുടങ്ങിയ ധർമ്മങ്ങളിലൂടെ കടക്കുന്ന സ്ത്രീജീവിതവുമായി ഒരു ഒത്തുതീർപ്പ് സ്വീകരിച്ച് ബലിയായി അർപ്പിക്കുന്നു; വിധേയത്വത്തോടെ തലകുനിച്ചു നിൽക്കുന്നു. സ്ത്രീയുടെ വിനീതഭാവത്തിൽ നിന്ന് സരളയും സ്ത്രീയുടെ രൗദ്രഭാവത്തിൽ നിന്നും കുപ്പമ്മയും മോചിപ്പിക്കപ്പെടുന്നില്ല. ഇവരുടെ അതിജീവനം കലാപം നിറഞ്ഞ ഭൂമിയിൽ ആണെന്ന് തിരിച്ചറിയുന്നതായി അഷിത പറയുന്നു.

പ്രതിസന്ധിയുടെ നോവും സ്വപ്നവും തിരിച്ചറിയുന്നതിൽ നിന്ന് തന്റെ ഇടത്തിൽ ഒരു വിള്ളൽ വീഴുന്നതായും ആ പരിസരത്തിൽ തനിക്ക് സ്വത്വബോധം നഷ്ടപ്പെടുന്നതായും സരളയുടെ അനുഭവത്തിൽ ബോധ്യപ്പെടുന്നു. പൊതു ഇടത്തിന്റെ പാരതന്ത്ര്യവും ഫ്ലാറ്റ് ജീവിതം നൽകുന്ന ഒത്തുതീർപ്പിന്റെ കണികകളും നൽകുന്നത് ഞെരുങ്ങിയ പ്രകൃതി മാത്രമാണ്. ഇതിൽ നിന്നുള്ള രക്ഷപ്പെടലാണ് ചേരിയിലേക്ക് തുറക്കുന്ന തന്റെ കിടപ്പുമുറിയുടെ ജനൽ തുറന്നിട്ടുകൊണ്ട് സാധിക്കുന്നത്.സങ്കടകരവും വീർപ്പുമുട്ടിക്കുന്നതുമായ അവസ്ഥയിൽ നിന്ന് അരക്ഷിതവും ആഹ്ലാദകരവും സ്വതന്ത്രവുമായ ഒരു കാഴ്ചയാണ് സരളയ്ക്ക് ലഭിക്കുന്നത്.ആ കാഴ്ച അരോചകവും അസ്വാതന്ത്ര്യം നിറഞ്ഞതുമായിരുന്നു. ഒരിക്കലും സ്വസ്ഥത നൽകാൻ ഇടം ലഭിക്കാത്ത കാഴ്ച കണ്ടുകൊണ്ട് കണ്ണ പൊത്തേണ്ടിവരുന്നു . അവയുമായി ആ സ്ത്രീ ഒത്തുതീർപ്പിലെത്തുന്നു. പിന്നീട് തന്റെ നിലപാടുകളെ ചോദ്യം ചെയ്തുകൊണ്ട് സരള എന്ന സംസ്കാരസമ്പന്നയായ സ്ത്രീയുടെ ഗൂഢമായ യാഥാർത്ഥ്യത്തെ തുറന്നുകാട്ടുകയും ചെയ്യുന്നു. അയഞ്ഞ ജീവിതം നയിക്കുകയും അറപ്പും ആകർഷണവും തോന്നുന്ന പ്രകൃതിയുള്ളവളുമായ കുപ്പമ്മയോട് ഭർത്താവിന് താൽപര്യം ജനിക്കുന്നു എന്നറിയുമ്പോൾ അനുഭവിക്കുന്ന ക്ഷോഭവും അതിനോട് കുപ്പമ്മയുടെ പ്രതികരണവുമായിട്ടാണ് അഷിതയുടെ ഒത്തുതീർപ്പുകൾ അവസാനിക്കുന്നത്

ഭർത്താവിന് അനുവദിച്ചുകിട്ടിയ പുതിയ ഫ്ലാറ്റിലെ ഏകാന്തതയും പിന്നാമ്പുറത്തെ കോളനിയുടെ ശബ്ദമുഖരിതവുമായ അന്തരീക്ഷവും ഫ്ലാറ്റ് ജീവിതങ്ങളുടെ പരിഷ്കൃത ജീവിതത്തിന്/മാന്യതയ്ക്ക് (പുറം കുപ്പായമണിഞ്ഞ) എതിരെ ഉയരുന്നവയാണ്. പരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും അടയാളമായ നിശബ്തയ്ക്ക നേരെയാണ് അലോസരപ്പെടുത്തുന്ന - കുടിച്ച ലക്കുകെട്ടവന്റെയും അത് അനുഭവിക്കുന്നവന്റെയും - കരച്ചിലും പല്ലുകടിയും വിലാപങ്ങളും ശബ്ദമുഖരിതമായി ഉയരുന്നത്. എന്നാൽ തന്റെ മാന്യതയ്ക്ക നിരക്കാത്തതായ പുതിയ രക്ഷപെടലുകളാണ് കോളനിയിലേക്കുള്ള ജനലുകൾ തുറന്നിട്ടുകൊണ്ട് സരള നടത്തുന്നത്. ഈ കാഴ്ചയിൽ നിന്ന് സരള ഒരു സമൂഹത്തിനോടുള്ള അനുകമ്പയും ഒപ്പം തന്നെ കുപ്പമ്മയെ പുതിയ മാനം നൽകി ഒരു ജീവിതവ്യവസ്ഥിതിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരികയും ചെയ്തിരിക്കുന്നു. ഇവിടെ കുപ്പമ്മയെ ദാരിദ്ര്യത്തിൽനിന്നും വ്യഭിചാരവ്യവസ്ഥിതിയിലേയ്ക്ക് താണുപോയ ഒരു പ്രതീകാത്മക തലത്തിലൂടെയാണ് നോക്കിക്കാണുന്നത്. 'അഭ്യസ്തവിദ്യയും സംസ്കാര സമ്പന്നയുമായ ഒരു സ്ത്രീ അന്യസ്ത്രീകളിൽ തൽപ്പരനല്ലാത്ത ശാന്തശീലനും സത്വഭാവിയുമായ ഭർത്താവും അതിനാൽ താൻ മറ്റു സ്ത്രീകളിൽ നിന്നും വ്യത്യസ്തയാണ്.ഈ വ്യത്യസ്ത മധ്യവർഗ്ഗ / മാന്യത ജീവി സമൂഹത്തിന്റെ ഭാഷാവ്യവസ്ഥയ്ക്കകത്ത് നടത്തുന്ന വാക്കുകളും പ്രതീകങ്ങളുമാണ്.

അരുതാത്തത് ചെയ്യുമ്പോഴുള്ള ആനന്ദം ബാലിശമായ രസം അനുഭവിക്കുന്ന സരളയ്ക്ക് കുപ്പമ്മ നൽകുന്നത് തീഷ്ണവും സങ്കല്പരഹിതവുമായ പുരുഷത്വത്തെയാണ്. പുരുഷത്വത്തെ ഇല്ലാതാക്കുന്ന സ്ത്രീ എന്ന ഭാവവും കുപ്പമ്മയിൽ സരള ആരോപിക്കുന്നു.മധ്യവർഗ്ഗ ഫ്ലാറ്റുജീവിതത്തിന്റെ പുകയുന്ന ഏകാന്തതയും മറ്റു വ്യവസ്ഥിതികളോടുള്ള അരോചകമായ അസ്വാതന്ത്ര്യബോധവും പ്രകടമാക്കുന്ന സരള , കുപ്പമ്മയെന്ന അയഞ്ഞ ജീവിതം നയിക്കുന്ന അധ:കൃതയോടുള്ള മനോഭാവത്തെ വ്യക്തമാക്കുമ്പോൾ സ്ത്രീ എന്ന ആർത്ഥിക തലത്തിന് ഒരു വൈകാരികഭാവം - അസൂയ - നിറഞ്ഞ തലത്തിന്റെ ഒത്തുതീർപ്പിലാണെത്തുന്നത്.

ശാന്തശീലനും സത്വഭാവിയുമായ ഭർത്താവ് ഉള്ളവളാണ് സരള. അദ്ദേഹം പരസ്ത്രീ തല്പരനല്ലതാനും. ഇതിൽ അഭിമാനിക്കുന്ന സരളയ്ക്ക്, മറ്റു സ്ത്രീ സമൂഹത്തിന് കുപ്പമ്മയോടു തോന്നുന്ന ബാലിശമായ ഭയം ഇടയയ്ക്ക് സരളയിലും എത്തിച്ചേരുന്നുണ്ട്. തന്റെ നിലപാടുകളിൽ നിന്ന് മാറി ചിന്തിക്കേണ്ടി വരുമോ എന്ന പേടിയും

 ISSN No: 3049-0316

സരള എന്ന സ്ത്രീയുണ്ട്. അതുകൊണ്ടുതന്നെ കുപ്പമ്മയുടെ നിലപാടുകൾ സരളയിൽ ഒളിഞ്ഞു കിടക്കുന്ന രസമായി ഭവിക്കുന്നത്.

സാന്ദ്രമായ കറുപ്പിന്റെ വടിവൊത്ത തീഷ്ണമായ സൗന്ദര്യമുള്ള കുപ്പമ്മ ക്ലൂടെക്ലൂടെ ഉയരുന്ന ജീവിതം പതയുന്ന ഉന്നതങ്ങളിൽ പൊട്ടിച്ചിതറുന്ന വിലാസ വശ്യമായ ചിരി, ദിവസവും സന്ധ്യയ്ക്ക് വാടിയ മുല്ലപ്പൂക്കൾ ചൂടി, ചുവന്ന റിബൺകെട്ടി, മുറുക്കിച്ചുവപ്പിച്ച്, കുപ്പിവളകൾ കിലുക്കി, കോൺക്രീറ്റ് കെട്ടിടങ്ങൾക്കും നിരകളായി നീണ്ട കുടിലുകൾക്കും ഇടയിൽ കുപ്പമ്മ കത്തി നിന്നു. 'ഉലയുന്ന ഉജ്ജ്വല തീജ്ജ്വാല പോലെ'എന്ന ചിന്താതലം സരള തന്റെ നേരെയും തന്നെപ്പോലുള്ളവരുടെയും നേരെയുള്ള മാന്യത നിറഞ്ഞ സ്ത്രീവർഗ്ഗത്തിനു നേരെയുള്ള വെല്ലുവിളിയായിട്ടാണ് നിലനിൽക്കുന്നത്.

അയഞ്ഞ ജീവിതം എന്ന് ആദ്യമെ പ്രയോഗിച്ച കുപ്പമ്മയുടെ ജീവിതം മാന്യപുരുഷമാർഗ്ഗങ്ങൾക്കു നേരെയുള്ള വെല്ലുവിളി തന്നെ. കുപ്പമ്മ ഉരുക്കിത്തീർക്കുന്നത് പുരുഷത്വത്തെയാണ്. കുപ്പമ്മയ്ക്ക് തന്റെ ജീവിതത്തിനോടുള്ള വൈകാരികമായ അടുപ്പവും വെറുപ്പും ഈ പുരുഷത്വ സ്വീകാരത്തിലൂടെ നടക്കുന്നുണ്ട്.

കഥയിൽ 'വിളറിയ സ്ത്രീ'എന്ന പ്രയോഗത്തിന് കുപ്പമ്മയുടെ നടപ്പുദോഷത്തെ ചോദ്യം ചെയ്യുന്ന മറ്റൊരുവളുടെ വിളറിയ മുഖം അത് കഥയിൽ ജീവൻ നിലനിർത്തുന്നത് തന്നെ. തന്റെ വേശ്യാപദവിയെ അംഗീകരിക്കാൻ - കുപ്പമ്മയെ അംഗീകരിക്കാൻ- ശ്രമിക്കുന്നതിന്റെ രീതി ഇവിടെ കാണാം. സരള കാണുന്നത് അരുതാത്തത് എന്തോ നോക്കിക്കാണുന്നതാണുതാനും. എന്നാൽ ഈ വിളറിയ സ്ത്രീയായി സരള തന്നെ മാറുന്നുമുണ്ട്. ക്രോധത്തിലൂടെ എനിക്കും തന്റെ ഭയത്തെ അംഗീകരിക്കേണ്ടി വരുന്നു. ഇവിടെ സ്വയംപാളിച്ചയിൽ നിന്നു ജീവിതത്തിന്റെ പുറംപോക്കിലേയ്ക്ക് അന്വേഷിച്ചു പോകുന്ന പുരുഷ സമൂഹത്തിന്റെ ബാലിശമായ ചപലതയെ തന്റെ ഭയത്തിന്റെ കേന്ദ്രമാക്കി മാറ്റുന്നു.

തന്റെ മാന്യതയ്ക്ക മറയായി നിർത്തിയിരുന്ന അന്യസ്ത്രീകളെ അന്വേഷിക്കാത്ത ഭർത്താവ് എന്ന അഭിമാനത്തിന്റെ തകർച്ചയാണ് പിന്നീട് കാണുന്നത്. സരളയുടെ ഭർത്താവ്, കളിക്കുന്ന കുപ്പമ്മയെ ഒളിഞ്ഞു നോക്കുന്നതു കാണുമ്പോൾ തനിക്കു നേരെയും തന്റെ നിലനിൽപ്പിനു നേരെയും കുപ്പമ്മ തിരിയുന്നു എന്ന ചിന്ത സരളയിൽ ഉടലെടുക്കുന്നു. രക്തത്തിൽ അലിഞ്ഞുചേർന്ന എന്തോ ഒന്ന് സരളയിൽ പിടഞ്ഞുണരുന്നു. ഇപ്പോഴാണ് സരളയും വിളറിയ സ്ത്രീയായി മാറുന്നത്. ഉറഞ്ഞുണർന്ന പ്രാകൃതമായ വികാരങ്ങൾ നിയന്ത്രണം വിട്ടോടിയപ്പോൾ സരളയും പ്രയോഗിച്ചത് കുപ്പമ്മ പ്രയോഗിക്കാറുള്ള ഒരുതരം വില കുറഞ്ഞ പദങ്ങളാണ്. ഈ പദങ്ങളിലൂടെ അവൾ പ്രകടിപ്പിച്ചത് അടക്കി നിർത്തിയ അഭിലാഷങ്ങൾക്കുള്ള ഫലം ഭർത്താവിൽ നിന്നും കിട്ടിയില്ല എന്നതാണ്. ഇത് തന്റെ മൂല്യബോധത്തിലുണ്ടായ ഒരു വിരുദ്ധ ചിന്തയുടെ പ്രതിഫലനമായി കാണാം. ഇവിടെ കുപ്പമ്മയും സരളയും പ്രയോഗിക്കുന്ന വില കുറഞ്ഞ പദങ്ങൾക്ക് മൂല്യക്കുറവല്ല ഉള്ളത്. എന്നാൽ ചുട്ടെരിക്കുന്ന അഗ്നിയുടെ ചൂട് ഉണ്ടവയ്ക്ക്.ഇവിടെ പകരുന്ന ചൂട് കാല്പനികത നൽകിയ ഏകപത്നീവ്രതത്തിന്റേതാണ്. എന്നാൽ ഭർത്താവ് തന്റെ നിലനിൽപ്പിന്റെ ഇടം വെറും ശൂന്യസ്ഥലമാക്കി മാറ്റിയപ്പോൾ അവിടെ ഭാര്യ / പരസ്ത്രീ ദ്വന്ദത്തിന് വിള്ളൽ വീണു. കാരണം കൗമാരക്കാരന്റെ ജിജ്ഞാസയോടെ പരസ്ത്രീയെ നോക്കിയപ്പോൾ അയാൾ തന്റെ ധാർമ്മിക ഇടത്തിൽ നിന്നും ഒളിച്ചോടുകയായിരുന്നു. ഭാര്യ സരളയുടെ കാഴ്ചയിൽ ബാലിശമായ രസമാണ് കുപ്പമ്മയെ കാണുന്നതിൽ നിന്നും അനുഭവിക്കുന്നത്. ഭർത്താവിന്റെ കാഴ്ചയാകട്ടെ ഒരു കൗമാരക്കാരന്റെ ജിജ്ഞാസയോടെയും . ഇവിടെ ഭാര്യയും ഭർത്താവും വിരുദ്ധ ദ്വന്ദ്വം അല്ലെന്നും രണ്ടു പേരിലും ബാലിശമായ ഒരംശം ഉണ്ടെന്നും അതിന്റെ പ്രതിഫലനമാണ് ഇതെന്നും തിരിച്ചറിയുന്നില്ല. ജിജ്ഞാസുവായ ഭർത്താവിന്റെ നോട്ടത്തിൽ നിന്നും ഇനി ഒരിക്കലും തുറക്കരുത് എന്നു കരുതി സ്ത്രീസഹജമായ കോപത്തോടെ ജനൽപ്പാളികൾ വലിച്ചടക്കുമ്പോൾ അതുകണ്ട കുപ്പമ്മ സരളയെ നോക്കി നീട്ടിത്തുപ്പുന്നു. മുറുക്കിച്ചുവപ്പിച്ച ആ ഉജ്ജ്വലമായ ചിരിയിൽ നിന്നും കടുംപരിഹാസത്തിന്റെ തുള്ളികൾ തെറിച്ചുവീണ് തന്റെ ജനൽച്ചില്ലുകളിൽ നിരന്തരം കറകൾ വീണു കൊണ്ടിരിക്കുന്നു എന്ന് സരള മനസിലാക്കുന്നു. ആ പരിഹാസം എത്തിച്ചേർന്നത് കോളനിയിൽ മാന്യ(മാന്യതയുണ്ടെന്ന് നടിക്കുന്നവർ) ന്മാരുടെനേരെയാണ്. ഒരിക്കൽ കുപ്പമ്മ ഒരു മാന്യസ്ത്രീയോടു പ്രതികരിച്ചതു പോലെ 'നിങ്ങളെപ്പോലെയുള്ള മഹാറാണിമാരുടെ കെട്ടിയവന്മാരാണ് സന്ധ്യമയങ്ങിയാൽ തന്റെ അടുക്കളയിലേയ്ക്ക് എഴുന്നൊള്ളുന്നത്. ആർക്കും അത്ര പറയാനൊന്നുമില്ല'. നിർത്താത്ത ചിരിയോടെയാണ് കുപ്പമ്മ തന്റെ പരിഹാസം സരളയോടും ആവർത്തിക്കുന്നത്.

ISSN No: 3049-0316

കൃപ്പമ്മയുടെ ചിരി മാലിന്യലേശമില്ലാത്തും ഒരുപാട് വികാരധ്വനികളെ പകരുന്നതുമാണ്. കൃപ്പമ്മയുടെ വശ്യത മാന്യതകളുടെ നേരെയുള്ള സൗന്ദര്യ പ്രശ്നമായി മാറുന്നു. അവളുടെ ലാവണ്യം തന്റെ അഴകളവുകളെ കീഴടക്കുമോ എന്ന പ്രാകൃതവികാരം സരളയെ ഭയപ്പെടുത്തുന്നതോടൊപ്പം തന്റെ ഇടത്തിന്റെ നഷ്ടപ്പെടൽ കൂടി അവളറിയുന്നുണ്ട്. ഇവിടെ തന്റെ അഭ്യസ്തത / അനഭ്യസ്തത - അപരിചിതത്വം / പരിചിതത്വം- അവൾക്കു നൽകുന്നത് വരവീണ കൃപ്പിഗ്ലാസു പോലുള്ള കുറെ ബന്ധങ്ങളാണ്. തന്റെ നിലയ്ക്കും വിലയ്ക്കും ചേർന്ന ബന്ധങ്ങളെ തിരഞ്ഞെടുത്തപ്പോൾ അതിൽനിന്നും സരളയറിഞ്ഞത് പരിചിത ഇടങ്ങളിലെ അപരിചിതത്വം തന്നെയാണ്.

മധ്യവർഗ്ഗ മേലാളവിഭാഗം താമസിക്കുന്നിടത്തുള്ള ഉപരിപ്ലവ കാഴ്ചകളെ പൊതുജീവിതത്തിന്റെ രാഷ്ട്രീയ / സാമ്പത്തിക / സാംസ്കാരിക ചരിത്രത്തിന്റെ വിവിധ ഏടുകളായി ബന്ധപ്പെട്ടുകിടക്കുന്നതും തെരുവിന്റെ ഇടത്തെ കീഴ്പ്പെടുത്തുന്ന നഗരവത്കരണത്തിന്റെ പരിണിതികളും വ്യക്തമാക്കുമ്പോൾ പട്ടിണി എന്ന പറുദീസ ലളിതമായി കാണാനും കാണിക്കാനുമാണ് കൃപ്പമ്മ ശ്രമിക്കുന്നത്

സരളയെക്കുറിച്ച് ചിന്തിക്കാത്ത കൃപ്പമ്മ തന്റെ സാഹചര്യത്തെ വെല്ലുവിളിച്ചു കൊണ്ട് കാലത്തെ നേരിടുമ്പോൾ വേദനിപ്പിക്കാതെ വേദനിപ്പിക്കുകയും തിരിച്ചറിവിലൂടെ ചിന്തിപ്പിക്കുകയും പുരുഷത്വം ആരോപിക്കുന്നതിലൂടെ സ്ത്രീ എന്ന തന്റേട പ്രകൃതിയെ തനതായി ആവിഷ്കരിക്കുകയും ചെയ്യുന്നു. അതേസമയംതന്നെ അഗ്നിയായി വർഷിക്കുകയും ചെയ്യുമ്പോൾ നഷ്ട വിശ്വാസത്തിന്റെ ചിന്താരൂപത്തിലേയ്ക്ക് സരള എത്തിച്ചേരുകയും അതുമായി ഒത്തുതീർപ്പിലെത്തുകയും ചെയ്യുന്നു.

ഗ്രന്ഥസൂചി

1. അഷിത .2015. അഷിതയുടെ കഥകൾ .കോഴിക്കോട്. മാതൃഭൂമി ബുക്സ് .
2. ജോഷി വർഗ്ഗീസ്, ജോജി മാടപ്പാട്ട് (എഡി) 2012. മലയാളത്തിലെ കഥാകാരികൾ. കോട്ടയം.സാഹിത്യ പ്രവർത്തക സഹകരണ സംഘം.
3. ബഷീർ എം. എം 2002. മലയാള ചെറുകഥാസാഹിത്യ ചരിത്രം ഭാഗം ഒന്ന് - 1881-1950 തൃശ്ശൂർ കേരള സാഹിത്യ അക്കാദമി
4. —------ 2008. മലയാളചെറുകഥാ സാഹിത്യ ചരിത്രം ഭാഗം രണ്ട് . 1950. 2007 തൃശ്ശൂർ. കേരള സാഹിത്യ അക്കാദമി.
5. രവികുമാർ കെ.എസ്. (1999)2009. ചെറുകഥ വാക്കും വഴിയും . കോട്ടയം . .സാഹിത്യ പ്രവർത്തക സഹകരണ സംഘം.
6. —--— 2012. കഥയും ഭാവുകത്വ പരിണാമവും. കോട്ടയം . സാഹിത്യപ്രവർത്തക സഹകരണസംഘം.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

ലിംഗപദവി: സ്ത്രീപക്ഷസങ്കല്പനങ്ങൾ



മാർട്ടിൻ ജോസഫ് *

സംഗ്രഹം

സമകാലികമായ ദാർശനികപരിസരത്തിൽ ആഴത്തിലുള്ള സാമൂഹ്യ നിരീക്ഷണങ്ങൾക്കും അക്കാദമികമായ സംവാദങ്ങൾക്കും വിഷയമായ സങ്കല്പനമാണ് ലിംഗപദവി. 1970 കൾക്കു ശേഷമാണ് ഈ പദം വ്യാപകമായി ഉപയോഗിച്ചു തുടങ്ങുന്നത്. സാമൂഹ്യനിർമ്മിതി എന്ന നിലയിൽ പുരുഷനെയും സ്ത്രീയെയും ഭിന്നലൈംഗികതയെയും വിശകലനാത്മകമായി സമീപിക്കുന്ന രീതിയാണ് ലിംഗപദവിപഠനം. സ്ത്രീവാദചിന്തകളുടെ രണ്ടാം ഘട്ടത്തിലാരംഭിച്ച ഈ പഠനം മനുഷ്യനുമായി ചേർന്നുനിൽക്കുന്ന എല്ലാ ചിന്താധാരകളെയും പുതുക്കുകയും തിരുത്തുകയും ചെയ്തു. ഇത്തരം പഠനങ്ങൾക്ക് ദിശാബോധം നൽകുകയും നിലമൊരുക്കുകയും ചെയ്തിട്ടുള്ള സ്ത്രീപക്ഷ സൈദ്ധാന്തികരുടെ ചിന്തകളെ വളരെ ചുരുക്കി പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

താക്കോൽവാക്കുകൾ: ലിംഗപദവി, സാമൂഹ്യനിർമ്മിതി, പെണ്ണെഴുത്ത്, ലൈംഗികമേൽത്തട്ടുകൾ.

സാമൂഹ്യപരിപ്രേക്ഷ്യത്തിൽ നിർമ്മിക്കപ്പെടുന്ന ആൺ-പെൺ-ഭിന്നലിംഗ വ്യത്യാസങ്ങളുടെ സൈദ്ധാന്തികതയെയാണ് ലിംഗപദവി (Gender) എന്ന പദം കൊണ്ടർത്ഥമാക്കുന്നത്. പിതൃകോയ്മയിൽ രൂപീകൃതമായിത്തീർന്ന സ്ത്രീ-പുരുഷ-ഭിന്നലിംഗ കാഴ്ചപ്പാടുകളെ വിശദമാക്കാനും വ്യാവസായികാനന്തര സമൂഹത്തിൽ ഉടലെടുത്ത ലിംഗസമത്വത്തിന്റെ സാമൂഹികവും-സാംസ്കാരികവുമായ നിർമ്മിതിയെ വിശകലനം ചെയ്യാനുമായി രൂപംകൊണ്ട പദമാണ് ലിംഗപദവി അഥവാ ജെൻഡർ. 1970 കൾക്കു ശേഷമാണ് ഈ പദം വ്യാപകമായി ഉപയോഗിച്ചുതുടങ്ങുന്നത്. സാമൂഹ്യനിർമ്മിതി എന്ന നിലയിൽ പുരുഷനെയും സ്ത്രീയെയും വിശകലനാത്മകമായി സമീപിക്കുന്ന രീതിയെയാണ് ലിംഗപദവിപഠനം എന്ന പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത്. സ്ത്രീവാദചിന്തകളുടെ രണ്ടാംഘട്ടത്തിലാണ് ലിംഗപദവിയെപ്പറ്റിയുള്ള ചർച്ചകൾ ആരംഭിക്കുന്നത്. ജീവശാസ്ത്രപരമായ ലിംഗാധിഷ്ഠിതവേർതിരിവുകളുടെ സാമൂഹിക-സാംസ്കാരിക ഇടപെടൽ ശേഷിയെക്കുറിച്ച് ചർച്ചചെയ്തുകൊണ്ടാണ് അക്കാദമിക-വൈജ്ഞാനികമണ്ഡലത്തിൽ ലിംഗപദവി ഒരു വിഷയമായിത്തീരുന്നത്. 1970-കൾക്കുമുമ്പുള്ള സാമൂഹ്യചർച്ചകളിലൊന്നും തന്നെ ലിംഗപദവിയേക്കുറിച്ചുള്ള ചിന്തകൾ ഉണ്ടായിരുന്നില്ല. സാമൂഹ്യനീതി, പുരുഷസമത്വം എന്നിവയുള്ളിൽ അക്കാലത്ത് സ്ത്രീവാദം ഒതുങ്ങിനിന്നു. സ്ത്രീ/പുരുഷൻ/ഭിന്നലിംഗം എന്നീ ലിംഗാവസ്ഥകളിലേക്ക് മനുഷ്യനെ ക്രമീകരിക്കുന്ന സാമൂഹിക

* നിർമലഗിരി കോളേജ് കുത്തുപറമ്പ. Mob: 9495125827; Email: mparappalliyath@gmail.com

വ്യവസ്ഥകളെക്കുറിച്ച് ചർച്ചകൾ ഉണ്ടായില്ല. 1971 ൽ കേറ്റ് മില്ലറ്റ് എഴുതിയ 'Sexual Politics' എന്ന പുസ്തകം ഈ ഏകപക്ഷീയ സാമൂഹ്യശാസ്ത്രരീതിയെ വിചാരണ ചെയ്തു. ആൻ ഓക്ലെയുടെ 'Sex Gender and Society' എന്ന ഗ്രന്ഥം ലിംഗപദവി എന്ന പരികല്പനയ്ക്ക് ദാർശനികമായ അടിത്തറയിട്ടു. 'പേരില്ലാത്ത പ്രശ്നം' എന്ന് ബെറ്റി ഫ്രീഡൻ വിശേഷിപ്പിക്കുന്ന സ്ത്രൈണസങ്കീർണ്ണതകളെക്കുറിച്ചുള്ള ആഴത്തിലുള്ള മറുവായനകൾ തുടർന്ന് ഉണ്ടാവുകയും ചെയ്തു. (Betty Frieden, 2001: 57)

ലിംഗപദവിയെന്നത് ഏകോന്മുഖമായ ഒരു പഠനവിഷയമല്ല. മറിച്ച് രണ്ടാംലോകമഹായുദ്ധത്തിനുശേഷം മനുഷ്യന്റെ ജ്ഞാനമണ്ഡലത്തിൽ പൊതുവിൽ രൂപപ്പെട്ടുവന്ന സ്വത്വനിർമ്മിതിയെക്കുറിച്ചുള്ള ഏതുതരം ചിന്തയും ലിംഗപദവിയെന്ന ജ്ഞാനവ്യവഹാരത്തിന്റെ വ്യാഖ്യാനങ്ങളാണ്. സ്വത്വവാദചിന്തകളിൽ സ്ത്രീവാദപഠനമാണ് ആദ്യമുണ്ടായതെങ്കിലും പിന്നീട് ലിംഗപദവിപഠനത്തിന്റെ വിശാലതയിലേയ്ക്ക് സ്ത്രീവാദചിന്തകൾ വികസിച്ചു. സ്ത്രീവാദം, കറുത്തവരുടെ പ്രസ്ഥാനം, പരിസ്ഥിതി ചിന്തകൾ, സമൂഹത്തിൽ നിലനിന്നുപോന്ന പുരുഷാധിപത്യം, സ്ത്രീ-പുരുഷ-വൈവിധ്യജ്ഞാനമണ്ഡലങ്ങൾ എന്നിവയെല്ലാം സാഹിത്യം കല, സംസ്കാരം, ജീവിതവ്യവഹാരങ്ങൾ, ചരിത്രം, വിമർശനം, വ്യാകരണം, ശാസ്ത്രം തുടങ്ങിയ ജ്ഞാനമേഖലകളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് 1960 കൾ മുതൽ പുതിയ പരികല്പനകൾ രൂപപ്പെട്ടു. ദെറിദ, ഫൂക്കോ, ലക്കാൻ, ബോർദ്യു തുടങ്ങി നിരവധിപേരുടെ ചിന്തകൾ പുതിയ സ്വത്വചിന്തകൾക്ക് ആധാരമായി. വിർജീനിയ വൂൾഫ്, സിമോൺ ദ ബുവ്വ, ബെറ്റി ഫ്രീഡൻ, ജർമെയ്ൻ ഗ്രീർ, കേറ്റ് മില്ലറ്റ്, ജൂഡിത്ത് ബട്ട്ലർ എന്നിവരുടെ സൈദ്ധാന്തികാപഗ്രഥനങ്ങൾ സ്ത്രീവാദപഠനങ്ങളെ, ലിംഗപദവിപഠനങ്ങളുടെ വിശാലമായ ജ്ഞാനമണ്ഡലത്തിൽ ഉറപ്പിച്ചു. ലിംഗം, ലിംഗപദവി എന്നിവയെ സംബന്ധിച്ചുള്ള പുതുകാഴ്ചകളാണ് ഇന്നുണ്ടാവുന്നത്. ലിംഗം എന്നത് ജീവശാസ്ത്രപരവും ലിംഗപദവിയെന്നത് സാംസ്കാരികനിർമ്മിതിയുമാണെന്നാണ് പൊതുവിൽ കരുതിയിരുന്നത്. എന്നാൽ ജീവശാസ്ത്രപരമായ ഒരു ശരീരം ഇല്ലെന്നും ശരീരമെന്നത് എല്ലായ്പ്പോഴും ലിംഗപദവിയുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്നും സമകാലികസൈദ്ധാന്തികർ കരുതുന്നു. ജീവശാസ്ത്രപരമായ ശരീരമെന്നത് ഒരു മിത്താണെന്ന് ലിംഗപദവിപഠനങ്ങളുടെ നൂതനവ്യാഖ്യാനങ്ങൾ നിരീക്ഷിക്കുന്നു. (രാജേഷ് എം.ആർ, 2018:7)

ലിംഗപദവിയെ സ്ത്രീ, പുരുഷ, ഇതര ലൈംഗികസ്വത്വങ്ങളോടും വ്യവഹാരങ്ങളോടും ബന്ധപ്പെടുത്തി മാത്രമല്ല ഇന്ന് ചർച്ചചെയ്യുന്നത്; മറിച്ച് തൊഴിലും ഭൂമിശാസ്ത്രവും ജാതിയും മാധ്യമങ്ങളും കലയും ദേശീയതയും ഒക്കെ ഉൾപ്പെടുന്ന അത്യന്തം സങ്കീർണ്ണമായ ഒരു വൈജ്ഞാനികമേഖലയായി അതിനെ പരിഗണിക്കുന്നു. തൊഴിൽ വിഭജനത്തിന്റെ ചരിത്രം മുതലിങ്ങോട്ട് പുരുഷതൊഴിലുകൾ സ്ത്രീകളുടേതിനേക്കാൾ മൂല്യവത്തായി മാറിയതിലെ പുരുഷാധിപത്യപ്രവണതകൾ, പുരുഷന് മേൽക്കോയ്മയുള്ള ഭൂമിശാസ്ത്രഇടങ്ങളെ സൃഷ്ടിച്ച പാശ്ചാത്യഭൂമികയിലെ ലിംഗവിവേചനങ്ങൾ, അടിച്ചമർത്തപ്പെടലുകൾക്ക് വഴങ്ങേണ്ടിവന്ന ജാതിസ്ത്രീശരീരങ്ങൾ, പരമ്പരാഗത അർത്ഥത്തിലുള്ള ലിംഗസ്വത്വങ്ങളെ മാറ്റിമറിക്കുന്ന മാധ്യമ, സൈബർ ഇടങ്ങൾ തുടങ്ങിയവയെല്ലാം ഇന്ന് ലിംഗപദവി പഠനങ്ങളുടെ പരിധിയിൽ വരുന്ന ധാരകളാണ്.

"ജെൻഡർ" (Gender) എന്ന ഇൻഡോ യൂറോപ്യൻ പദാവലിയാണ് പൊതുവെ ലിംഗപദവി എന്ന് വിവർത്തനം ചെയ്ത് സ്വീകരിക്കപ്പെട്ടത്. സവിശേഷമായ സാമൂഹികസന്ദർഭത്തിലെ സാമൂഹികവും സാംസ്കാരികവും മനഃശാസ്ത്രപരവുമായ സ്ത്രീ/പുരുഷ/വിമത-ലൈംഗികാവസ്ഥകളുടെ സ്വഭാവത്തെയാണ് ലിംഗപദവി എന്ന അർത്ഥത്തിൽ പരിഗണിക്കുന്നത്. അതായത് സവിശേഷലിംഗം ഒരാളെ സ്ത്രീയും പുരുഷനും ഇതരലൈംഗിക പദവിയുമായി വേർതിരിക്കുകയാണെങ്കിൽ ലിംഗപദവിയനുസരിച്ചാണ് സ്ത്രീത്വവും പുരുഷത്വവും നിർണ്ണയിക്കപ്പെടുന്നത് എന്ന് സാരം. ഒരു സമൂഹത്തിന്റെ സാംസ്കാരികനിയമാവലിയ്ക്കുള്ളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഇതരലിംഗക്കാർക്കും എന്തുതരം സാമൂഹികധർമ്മങ്ങളാണ് നൽകപ്പെടുന്നത് എന്നു പരിശോധിക്കുകയാണ് പ്രധാനമായും ലിംഗപദവി പഠനങ്ങൾ ചെയ്യുന്നത്. (ബ്രില്ലി റാഫേൽ, 201)

ലിംഗപദവി (Gender)

ലൈംഗികതയിൽനിന്നു വ്യത്യസ്തമായി സ്ത്രീ-പുരുഷൻ-ഭിന്നലിംഗം എന്നീ സ്വത്വബോധത്തിന്റെ സാമൂഹ്യനിർമ്മിതിയെ വിശകലനം ചെയ്യുന്നതിനെയാണ് ലിംഗപദവി എന്നതുകൊണ്ടർത്ഥമാക്കുന്നത്. സ്ത്രീത്വം, പുരുഷത്വം എന്നിവ സാമൂഹ്യനിർമ്മിതി (Social Construct) ആണെന്ന ചിന്തയാണ് ലിംഗപദവി

പഠനങ്ങളുടെ അടിസ്ഥാനം. ലിംഗപദവിയെന്നത് ജീവശാസ്ത്രപരമല്ല (Biological Construct) മറിച്ച് ഈ വ്യത്യാസങ്ങൾ പ്രധാനമായും പിതൃകോയ്മയിൽ സൃഷ്ടിക്കപ്പെട്ടതും അതിനാൽത്തന്നെ പുരുഷകേന്ദ്രീകൃതവും അയുക്തവുമാണ്. തൽഫലമായി സ്ത്രീ പുരുഷനു താഴെയാവുന്നു (Gender Hierarchy). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഒരുവ്യക്തി അവന്റെ സാമൂഹ്യവത്കരണത്തിലൂടെ നേടുന്ന ഒന്നാണ് ലിംഗപദവി. ഒരാളുടെ ശരീരത്തിൽ സാമൂഹ്യപരവും സാംസ്കാരികവുമായ ഇടപെടലുകൾ സൃഷ്ടിച്ചെടുക്കുന്ന ബോധം മാത്രമാണ് സ്ത്രൈണതയും പുരുഷീയതയും എന്നർത്ഥം. ഇന്നത്തെ സമൂഹത്തിൽ നിലനിൽക്കുന്ന ബന്ധങ്ങളെ നിർണ്ണയിക്കുന്നതും ഒരാളുടെ ലിംഗപദവി ആണെന്നുകാണാം.

ലിംഗപദവിയെക്കുറിച്ച് പ്രമുഖരായ സ്ത്രീവാദദാർശനികർ നടത്തിയിട്ടുള്ള ചില നിരീക്ഷണങ്ങൾ വിലയിരുത്തുന്നത് ഈ യാഥാർത്ഥ്യത്തെ കൂടുതൽ മനസ്സിലാക്കുന്നതിന് സഹായിക്കും.

ആൻ ഓക്ലെ (Ann Oakley)

ബ്രിട്ടീഷ് സാമൂഹ്യശാസ്ത്രജ്ഞയും സ്ത്രീവാദചിന്തകയുമായ ആൻ ഓക്ലെ തന്റെ 'Sex, Gender and Society' എന്ന പുസ്തകത്തിൽ ലിംഗപദവിയെ സാമൂഹ്യശാസ്ത്രപരമായി വിലയിരുത്തുന്നുണ്ട്. 1970-കൾക്ക് മുൻപ് പാശ്ചാത്യസംസ്കാരത്തിൽ സ്ത്രീകൾക്ക് നൽകപ്പെട്ടിരുന്നത് വീട്ടമ്മ, അമ്മ എന്നീ പദവികളായിരുന്നു. ഈ ബിംബപദവികൾ തകർക്കപ്പെട്ടാൽ അതു സമൂഹം എന്ന യാഥാർത്ഥ്യത്തെ തകർക്കും എന്ന് പിതൃകോയ്മാധിഷ്ഠിതസമൂഹം വിശ്വസിച്ചു. (Ann Oakley, 1972: 192). ഓക്ലെയുടെ അഭിപ്രായത്തിൽ ഈ കാഴ്ചപ്പാടുകൾ പരമ്പരാഗത പിതൃകോയ്മ-ആണാധികാര ബോധ്യങ്ങളെ ഊട്ടിയുറപ്പിച്ചു. ലിംഗപദവിക്ക് സമൂഹവുമായുള്ള അനിഷേധ്യമായ ബന്ധത്തെ തന്റെ നിരീക്ഷണങ്ങളിലൂടെ സ്ഥാപിച്ചെടുക്കാനും ഓക്ലെക്ക് കഴിഞ്ഞു. ലൈംഗികതയെയും ലിംഗപദവിയെയും കുറിച്ചുള്ള ഓക്ലെയുടെ ചർച്ചകൾ ആരംഭിക്കുന്നതുതന്നെ ലൈംഗികത ജീവശാസ്ത്രപരവും ലിംഗപദവി സാംസ്കാരികവുമാണെന്ന പ്രഖ്യാപനത്തോടെയാണ് (Sex is a biological term and Gender is a Cultural one).

സിമോൺ ദ ബുവ (Simone de Beauvoir)

ഫ്രഞ്ച് സ്ത്രീവാദചിന്തകയായ സിമോൺ ദ ബുവ, ലിംഗപദവിസംബന്ധമായ ചിന്തകൾ അവതരിപ്പിക്കുന്നത് 'The Second Sex' എന്ന ഗ്രന്ഥത്തിലൂടെയാണ്. ലിംഗപദവി എന്ന പരികല്പനയേക്കാൾ, ചരിത്രത്തിലുടനീളം രണ്ടാംതരംക്കാരിയാക്കി പരിഗണിക്കപ്പെട്ട സ്ത്രീസ്വത്വത്തെയാണ് ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നത്. ലിംഗപദവി എന്ന പദം പൂർണ്ണമായ അർത്ഥത്തിൽ ഉപയോഗിക്കുന്നില്ലെങ്കിലും പിന്നീട് ഉയർന്നുവന്ന ലിംഗപദവിചിന്തകൾക്ക് 'എന്താണ് സ്ത്രീ'? എന്ന ബുവ്വയുടെ ചോദ്യം അടിത്തറയിട്ടു. ഫ്രെഡറിക് ഏംഗൽസ് "കുടുംബം, സ്വകാര്യസ്വത്ത്, ദേശരാഷ്ട്രം എന്നിവയുടെ ഉദയം" (The Origin of Family, Private Property and the State) എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്ന "സ്ത്രീലിംഗത്തിന്റെ ചരിത്രപരമായ പരാജയം" (The Great Historical defeat of the female sex) എന്ന ആശയത്തെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് ബുവ്വ തന്റെ വാദഗതികൾ അവതരിപ്പിക്കുന്നത്. 'ആൺ' എന്നതും 'പെൺ' എന്നതും സമൂഹനിർമ്മിതിയാണെന്ന ഉറച്ച ബോധ്യത്തിനുടമയായിരുന്നു അവർ. മാത്രമല്ല ലിംഗപരമായ താരതമ്യം എപ്പോഴും പുരുഷന് മേൽക്കോയ്മ നൽകുന്നുവെന്നും അവർ വാദിച്ചു. മാതൃത്വം ഒരുപരിധിവരെ മേൽക്കോയ്മ പുരുഷനിൽ ഉറപ്പിക്കുന്നതിനു സഹായിച്ചു.

ലിംഗാസമത്വത്തിൽ സ്ത്രീ അനുഭവിക്കേണ്ടിവരുന്ന "അവസാനമില്ലാത്ത നൈരാശ്യത്തെ" (Ever lasting disappointment) കുറിച്ചും ആർത്തവം, കന്യകാത്വം, ലൈംഗിക ബന്ധം, വിവാഹം, മാതൃത്വം മുതലായവ സ്ത്രീയുടെ മേൽ സൃഷ്ടിക്കുന്ന ലിംഗാടിമത്തത്തെക്കുറിച്ചും വിശദമായ സംവാദങ്ങൾ ബുവ്വ നടത്തുന്നുണ്ട്. ഇത്തരം പരികല്പനകൾ പുരുഷന് സമൂഹത്തിൽ ഉയർന്നസ്ഥാനവും അധികാരവും നൽകുകയും ലിംഗവേർതിരിവുകൾ അധീശ-വിധേയത്വക്രമത്തിൽ സൃഷ്ടിക്കുകയും യഥാക്രമം അടിമ-ഉടമ എന്നീ അവസ്ഥകളിൽ സ്ത്രീയെയും പുരുഷനെയും സമൂഹമധ്യത്തിൽ നിലനിർത്തുകയും ചെയ്തു. സ്ത്രീ അന്യവത്കരിക്കപ്പെട്ട വാർപ്പുമാതൃകകളായി: സംസ്കാരംതന്നെ പുരുഷകേന്ദ്രിതമായി വ്യാഖ്യാനിക്കപ്പെട്ടു.

ISSN No: 3049-0316

ഷുലാമിത് ഫയർസ്റ്റോൺ (Shulamith Firestone)

കനേഡിയൻ അമേരിക്കൻ റാഡിക്കൽ സ്ത്രീവാദചിന്തകയായ ഷുലാമിത് ഫയർസ്റ്റോൺ "ലൈംഗികതയുടെ വൈരുദ്ധ്യാത്മകത" (The Dialectics of Sex) എന്ന തന്റെ ഗ്രന്ഥത്തിലാണ് ലിംഗപദവി സംബന്ധമായ വിശകലനങ്ങൾ നടത്തുന്നത്. അവരുടെ അഭിപ്രായത്തിൽ ആണാധികാര-പിതൃകോയ്മ സ്ത്രീയുടെ സന്താനോല്പാദനശേഷിയെ ന്യൂനവത്കരിക്കുകയും രണ്ടാംകിടക്കാരിയാക്കുകയും ചെയ്തു. സന്താനോത്പാദനത്തിന്റെ ഭാരപ്പെടുത്തലുകളിൽ നിന്ന് മോചിതയാകുവാൻ സാങ്കേതികമാർഗ്ഗങ്ങൾ അവലംബിക്കുകയും അതുവഴി സ്ത്രീ സ്വതന്ത്രയാവുകയും ചെയ്യേണ്ടതുണ്ട്. അമ്മയും കുട്ടിയും തമ്മിലുള്ള ജൈവികബന്ധത്തെ മുറിച്ചുമാറ്റി മാതൃമേ യഥാർത്ഥ സ്ത്രീവിമോചനം സാധ്യമാകൂ എന്നവർ പ്രഖ്യാപിച്ചു. അതിനായി ഏകഭാര്യാത്വവും അണുകുടുംബവും ഇല്ലാത്ത കമ്മ്യൂണുകൾ സൃഷ്ടിക്കപ്പെടണം എന്ന് അവർ അഭിപ്രായപ്പെട്ടു.

സാമ്പത്തിക മേൽത്തട്ടുകളെ ഇല്ലാതാക്കാൻ കീഴ്ത്തട്ടു-വിപ്ലവവും ആവശ്യമാണെന്നതുപോലെ ലൈംഗിക മേൽത്തട്ടുകളെ (Masculinity) തകർക്കാൻ ലൈംഗികകീഴ്ത്തട്ടു (Femininity) വിപ്ലവം അനിവാര്യമാണെന്നും, ശരീരത്തിന്മേലുള്ള അവളുടെ അവകാശം സ്ഥാപിക്കുന്നതുപോലെ തന്നെ പ്രത്യുല്പാദനത്തിന്മേലും അവകാശം പിടിച്ചെടുക്കണം എന്നുള്ള തീവ്രവാദഗതി ഫയർസ്റ്റോൺ മുൻപോട്ടു വെച്ചു. മനുഷ്യർക്കിടയിലെ ജനിതകവ്യത്യാസങ്ങളെ അടിസ്ഥാനമാക്കിയുള്ള തരംതിരിക്കലുകൾ സംസ്കാരത്തിന്റെ നിരാസമാണെന്നും സ്തൈണവിപ്ലവത്തിന്റെ ആത്യന്തികലക്ഷ്യം ലൈംഗികതട്ടുവത്കരണത്തെ ഇല്ലാതാക്കലാണെന്നും ഫയർസ്റ്റോൺ സിദ്ധാന്തിച്ചു. ലിംഗപദവി ചർച്ചയിലെ തീവ്ര സിദ്ധാന്തങ്ങളായിരുന്ന ഫയർസ്റ്റോണിന്റേത്.

ജൂഡിത്ത് ബട്ട്ലർ (Judith Butler)

സ്തൈണത എന്ന അവസ്ഥയുടെ സാധുതയെത്തന്നെ ചോദ്യം ചെയ്യുകയാണ് അമേരിക്കൻ ചിന്തകയായ ജൂഡിത്ത് ബട്ട്ലർ തന്റെ 'Gender Trouble' എന്ന ഗ്രന്ഥത്തിൽ. പുരുഷത്വം, സ്ത്രീത്വം എന്നിവ കല്പിക്കപ്പെടുന്നവയാണെന്നും ചരിത്രപരമായ അധികാരശ്രേണിയുടെ പശ്ചാത്തലത്തിൽ മാത്രമാണ് സ്ത്രീ-പുരുഷൻ-മൂന്നാം ലിംഗം മുതലായ പരികല്പനകൾ രൂപീകൃതമായിട്ടുള്ളതെന്നും ഭാഷയിലൂടെ നിങ്ങൾ ചില സത്താബോധത്തെ നിർമ്മിച്ചെടുക്കുകയാണെന്നും അവർ വാദിച്ചു. ലിംഗപദവിയുടെ സവിശേഷതകളെല്ലാം ആരോപിക്കപ്പെട്ടവയാണ്. ജെൻഡറിനെക്കുറിച്ച് ജൂഡിത്ത് ബട്ട്ലറുടെ ആശയങ്ങളിൽ പ്രധാനപ്പെട്ടവയെ ഇപ്രകാരം ക്രോഡീകരിക്കാം:

1. ലിംഗപദവിയെന്നത് പ്രകടനപരമാണ്.
2. ലിംഗപദവി ഒരു മനുഷ്യന്റെ അടിസ്ഥാനപരമായ തെരഞ്ഞെടുപ്പല്ല.
3. ലിംഗപദവി അടിച്ചേല്പിക്കപ്പെട്ടതാണ്.
4. കാലത്തിലൂടെയും ചരിത്രത്തിലൂടെയും തുടർച്ചയായി സ്വീകരിക്കപ്പെടുന്ന നിർദ്ദേശങ്ങളിലൂടെയാണ് ശരീരം (sex) ലിംഗപദവിയിലേക്കെത്തുന്നത്.

മോണിക് വിറ്റിംഗ് (Monique Wittig)

ഫ്രഞ്ച് സ്ത്രീവാദചിന്തകയായ വിറ്റിംഗിന്റെ വിശകലനത്തിൽ ലിംഗപദവി എന്നത് വ്യത്യസ്തലിംഗവ്യവസ്ഥയുടെ രാഷ്ട്രീയപരിസരത്തിൽ രൂപംകൊണ്ട ഭാഷാനിർമ്മിതിയാണ്. ലിംഗപദവി ഏകവചനത്തിലാണ് ഭാഷയിൽ ഉപയോഗിക്കുന്നത്. കാരണം രണ്ടു പദവികൾ സമൂഹം അംഗീകരിക്കുന്നില്ല. ലിംഗം എന്ന അവസ്ഥയെ തകർക്കണമെന്ന് വിറ്റിംഗ് നിർദ്ദേശിക്കുന്നു കാരണം അതിലൂടെ മാത്രമേ സ്ത്രീക്ക് സാർവ്വത്രികമായ മാനത്തിലേക്ക് ഉയരാൻ കഴിയൂ. ഭാഷയുടെശക്തി കാലാകാലങ്ങളായി സ്ത്രീയെ അടിമ എന്ന നിലയിൽ മാത്രമാണ് വ്യാഖ്യാനിച്ചിട്ടുള്ളതെന്ന് വിറ്റിംഗ് കുറ്റപ്പെടുത്തുന്നു. ലൈംഗികതയുടെ രാഷ്ട്രീയവൈരുദ്ധ്യങ്ങളുടെ ഭാഷാശാസ്ത്രപരമായ സൂചികകളാണ് ലിംഗപദവിയെന്ന് വിറ്റിംഗ് നിർവ്വചിച്ചു.

 ISSN No: 3049-0316

ജെർമെയ്ൻ ഗ്രീർ (Germaine Greer)

സ്ത്രീവാദമുന്നേറ്റങ്ങളുടെ വർത്തമാനകാലമുഖമാണ് ഓസ്ട്രേലിയക്കാരിയായ ജെർമെയ്ൻ ഗ്രീർ. 1970 കളിൽ ഒന്നാംതരംഗ ഫെമിനിസത്തിന്റെ കാലത്താണ് "ദ ഫീമെയിൽ യൂനക്" എന്ന പുസ്തകവുമായി ഫെമിനിസത്തിന്റെ സംവാദമേഖലകളെ ഗ്രീർ കൂടുതൽ ചലനാത്മകമാക്കിയത്. ഗ്രീറിന്റെ അഭിപ്രായത്തിൽ പുരുഷനുമായി തുല്യയാവുകയല്ല സ്ത്രീയുടെ ലക്ഷ്യം. സ്ത്രീക്ക് അവളുടേതായ ശരീരവും ലൈംഗികതയുമുണ്ട്. അതിൽനിന്നു വേറിട്ടൊരു അസ്തിത്വം അവൾക്കില്ല. പുരുഷകേന്ദ്രിതമായ സമൂഹം സ്വന്തം ശരീരത്തെ അപകർഷതയോടെ കാണാൻ സ്ത്രീകളെ പഠിപ്പിക്കുന്നു. ലൈംഗികതയെ അവളിൽനിന്നും മുറിച്ചുമാറ്റിയിരിക്കുന്നു. പാടങ്ങളിലും മറ്റും പണിയെടുക്കുന്ന മൃഗങ്ങളെപ്പോലെ ഷണ്ഡീകരിക്കുന്നു. അതുകൊണ്ടുതന്നെ സ്വന്തം ലൈംഗികതയെ തിരിച്ചുപിടിക്കാൻ അവർ സ്ത്രീകളോട് ആഹ്വാനം ചെയ്യുന്നു. പുരുഷലിംഗത്തിന്റെ ആയുധവത്കരണമാണ് പുരുഷമേധാവിത്വത്തിന്റെ അടിത്തറ എന്നതാണ് ഗ്രീറിന്റെ പ്രധാനവാദം. പരമ്പരാഗതരീതിയിലുള്ള സാമൂഹിക ഘടനയും കൺസ്യൂമറിസവും അണുകുടുംബവും സ്ത്രീകളുടെ ലൈംഗികതയെ അടിച്ചമർത്തി അവളെയൊരു നപുംസകമാക്കി തീർക്കുന്നുവെന്ന് ഗ്രീർ നിരീക്ഷിച്ചു.

ഹെലൻ സിക്സ്സ് (Helene Cixous)

ലൂസ് ഇറിഗാരെ, ജൂലിയ ക്രിസ്തേവ എന്നീ ഫ്രഞ്ച് ഫെമിനിസ്റ്റ് സൈദ്ധാന്തികരെപ്പോലെ തന്നെ ലൈംഗികതയെ ഭാഷയോടും എഴുത്തിനോടും അതിലൂടെ ആവിഷ്കൃതമാകുന്ന പ്രതീകങ്ങളോടും ബന്ധപ്പെടുത്തി വിമർശിക്കുന്ന പോസ്റ്റ് സ്ട്രക്ചറലിസ്റ്റ് ഫെമിനിസത്തിന്റെ പാതയിലൂടെ സഞ്ചരിച്ച ഫ്രഞ്ച് ചിന്തകയാണ് ഹെലൻ സിക്സ്സ്. 1975-ൽ "മെഡൂസയുടെ ചിരി" (Le rire de la Meduse) എന്ന ഗ്രന്ഥത്തിലൂടെ ലൈംഗികത സമൂഹത്തിൽ എങ്ങനെ ആശയവിനിമയം നടത്തുന്നുവെന്ന് അവർ വിശദീകരിക്കുന്നു. എഴുത്ത് തന്റെ നിയന്ത്രണത്തിനപ്പുറമാണെന്നും അതിന്റെ പ്രവാഹത്തിന് അവളവളെത്തന്നെ തുറന്നിട്ടാൽ സംഭവിക്കുന്ന തകിടംമറിച്ചിലാണ് തന്റെ ഭാഷയെന്നും സിക്സ്സ് പറയുന്നു. ആണാധികാര ഇടങ്ങളിൽ സ്ത്രീകൾ സ്വയം പ്രകടിപ്പിക്കാൻ കഴിയാത്ത ഒരു ഭാഷയിലൂടെ വായിക്കാനും അതുവഴി സ്വന്തം ശരീരത്തിൽ കുടുങ്ങിക്കിടക്കാനും ഇടയാകുന്നു. അതിനുപകരം ആശയവിനിമയം നടത്താനുള്ള ഒരു മാർഗ്ഗമായി അവർ ശരീരം ഉപയോഗിച്ചു തുടങ്ങണം. അതിൻപ്രകാരം പുരുഷാധിപത്യവ്യവസ്ഥകളിൽ കാണുന്ന സംഭാഷണനിയമങ്ങൾക്ക് പുറത്തേക്ക് നീങ്ങാൻ ശ്രമിക്കുന്ന പെൺപരിശ്രമങ്ങളെ 'Ecriture Feminine' എന്ന് സിക്സ്സ് വിളിച്ചു. സിക്സ്സ് മുൻപോട്ടുവയ്ക്കുന്ന പെണ്ണെഴുത്ത് എന്ന ആശയത്തെ ഇങ്ങനെ സംഗ്രഹിക്കാം:

1. എഴുത്ത് അധികാരമാർഗ്ഗമായി സ്ത്രീകൾ ഉപയോഗിക്കണം.
2. സ്ത്രീശരീരം സ്ത്രീകർതൃത്വവുമായി മാത്രമാണ് ബന്ധപ്പെട്ടുനിൽക്കുന്നത്.
3. യുക്തിയുടെ പുല്ലിംഗകോയ്മകളെ നിരന്തരം വെല്ലുവിളിക്കണം.
4. എഴുത്തിൽ പുല്ലിംഗകോയ്മയെ തകർക്കാൻ സാഹിത്യത്തിൽ സ്ത്രീലൈംഗികതയുടെ ആവിഷ്കാരം അനിവാര്യമാണ്.

ലൂസ് ഇറിഗാരെ (Luce Irigaray)

"സ്പെകുലം ഓഫ് ദി അദർ വുമൺ" (Speculum of the Other Woman), "ദിസ് സെക്സ് വിച്ച് ഈസ് നോട്ട് വൺ" (This Sex Which Is Not One) എന്നീ ഗ്രന്ഥങ്ങളിലൂടെയാണ് ലൂസ് ഇറിഗാരെ പ്രധാനമായും തന്റെ സ്ത്രീവാദചിന്തകൾ അവതരിപ്പിക്കുന്നത്. പുരുഷനിർമ്മിതമായ അധീശത്വഭാഷയുടെ പരമ്പരാഗതവ്യാകരണനിയമങ്ങളെ ആക്രമിക്കുന്ന ഒരു സ്ത്രൈണഭാഷയുടെ രൂപീകരണമെന്ന ദാർശനികതലമാണ് ഇറിഗാരെയുടെ ചിന്തയുടെ കാതൽ. ഈ ഭാഷ കേവലം പുരുഷഭാഷയുടെ മാറ്റൊലിയോ, പ്രതിബിംബമോ ആക്കിത്തീർക്കാനുള്ള ഒരു ജ്ഞാനപദ്ധതിയല്ല, മറിച്ച് ലയമുള്ള ആഖ്യാനം, ബഹുത്വം, ലീലാപരത, ഏകത്വത്തെ ത്യജിക്കുന്ന രചനാരീതി, സാഹിത്യം, തത്ത്വചിന്ത, സാങ്കല്പികം, യാഥാർത്ഥ്യം, പാരമ്പര്യം എന്നിവയുടെ അതിർവരമ്പുകളെ മാനിക്കാനുള്ള വിസമ്മതം എന്നിവയൊക്കെ പ്രകടിപ്പിക്കുന്ന സ്ത്രൈണബോധത്തിന്റെ കണ്ടെത്തലാണ്. മൂന്നു തലത്തിൽ നിന്നുകൊണ്ടാണ് പുരുഷപരമല്ലാത്ത തന്റെ സ്ത്രൈണഭാഷാസംവാദം ഇറിഗാരെ വികസിപ്പിക്കുന്നത്:

ISSN No: 3049-0316 വാല്യം 3 ലക്കം 1 ഒക്ടോബർ 2026

1. പാശ്ചാത്യവ്യവഹാരമണ്ഡലങ്ങളിൽ ആധിപത്യം പുലർത്തുന്ന പുരുഷബോധ്യങ്ങളെ തിരുത്തുക.
2. സ്ത്രൈണമായ വ്യവഹാരമണ്ഡലത്തിന്റെ നിർമ്മാണതിനാവശ്യമായ സാധ്യതകൾ രേഖപ്പെടുത്തുക.
3. വ്യത്യസ്തമായ (ഏകമല്ലാത്ത) ലൈംഗിക വിഷയങ്ങൾ തമ്മിലുള്ള വൈജ്ഞാനിക ബന്ധത്തിനാവശ്യമായ സാമൂഹികവും നിയമപരവും ധാർമ്മികവുമായ അവസ്ഥകൾ വികസിപ്പിക്കുക.

സ്ത്രീകളുടെ അവസ്ഥകളെക്കുറിച്ച് ഇറിഗാരെയുടെ അഭിപ്രായം ഇപ്രകാരമാണ്:

"മറ്റേതു ചരക്കുകളെയുംപോൽ സ്ത്രീകൾ പുരുഷന്മാർക്കിടയിൽ കൈമാറ്റം ചെയ്യപ്പെടുന്നു. സ്ത്രീകളുടെ ഈ കൈമാറ്റത്തെ അടിസ്ഥാനമാക്കിയാണ് നമ്മുടെ മുഴുവൻ സാമൂഹ്യമേഖലകളും പരസ്പരം വിനിമയത്തിൽ ഏർപ്പെടുന്നത്. അവളുടെ വിനിമയമൂല്യം സമൂഹം നിർണ്ണയിക്കുന്നു. അതേസമയം അവളുടെ ഉപയോഗമൂല്യം അവളുടെ സ്വാഭാവികഗുണങ്ങളാണ്. അങ്ങനെ ഒരു സ്ത്രീയുടെ സ്വഭാവം അവളുടെ ഉപയോഗത്തിനും വിനിമയമൂല്യത്തിനും ഇടയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല അവളുടെ വിനിമയമൂല്യത്തിനായി ആഗ്രഹിക്കുന്ന സമൂഹം മൂന്നു തരത്തിലുള്ള സ്ത്രീകളെ സൃഷ്ടിക്കുന്നു: ഉപയോഗമൂല്യമുള്ള അമ്മ, വിനിമയമൂല്യമുള്ള കന്യക, ഉപയോഗവും വിനിമയമൂല്യവുമുള്ള വേശ്യ" (Luce Irigare, 1985: 799). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യൻ എന്തായിരിക്കുന്നു എന്ന ആശയത്തിന്റെ പുല്ലിംഗകഥ, സാർവ്വത്രികതയുടെയും ബഹുത്വത്തിന്റേതുമായ ലൈംഗിക യാഥാർത്ഥ്യങ്ങളിലേക്ക് കൊണ്ടുവരേണ്ടതുണ്ടെന്നും അതിനായി പുരുഷന്മാരുടെ സ്ഥാനങ്ങളെ പുനർനിർണ്ണയിക്കണമെന്നും അവർ വാദിക്കുന്നു.

ലിംഗപദവിയെ പറ്റി, ഈ പ്രബന്ധത്തിൽ വിശദീകരിച്ച ചിന്തകരുടെ, ആശയങ്ങളെ ഇപ്രകാരം സംഗ്രഹിക്കാം.

1 ലിംഗപദവി എന്നത് വ്യക്തിയുടെ സ്വതന്ത്രമായ തെരഞ്ഞെടുപ്പല്ല, മറിച്ച് നിരന്തരമായ ഇടപെടലുകളിലൂടെ ചരിത്രവും സമൂഹവും ശരീരത്തിന്മേൽ അടിച്ചേൽപ്പിക്കുന്ന ഒരു അവസ്ഥയാണ്. ഭാഷയിലൂടെയും മറ്റ് സാംസ്കാരിക വ്യവഹാരങ്ങളിലൂടെയും ഈ വേർതിരിവുകൾ സമൂഹത്തിൽ ഉറപ്പിക്കപ്പെടുന്നു.

2. ലിംഗപദവി എന്നത് ജീവശാസ്ത്രപരമായ ഒരു യാഥാർത്ഥ്യമല്ല; മറിച്ച് അത് സമൂഹവും സംസ്കാരവും ചേർന്ന് ബോധപൂർവ്വം നിർമ്മിച്ചെടുക്കുന്നതാണ്. പുരുഷമേധാവിത്വം നിലനിർത്താനും സ്ത്രീകളെ ചില പ്രത്യേക ചുമതലകളിൽ (ഉദാഹരണത്തിന്: വീട്ടമ്മ, അമ്മ) മാത്രം ഒതുക്കി നിർത്താനുമാണ് ഇത്തരം സങ്കല്പങ്ങൾ പ്രധാനമായും ഉപയോഗിക്കുന്നത്.

3. സന്താനോത്പാദനശേഷി, മാതൃത്വം തുടങ്ങിയ ജൈവികമായ അവസ്ഥകളെ മുൻനിർത്തിയാണ് പിതൃമേധാവിത്വസമൂഹം സ്ത്രീകളെ രണ്ടാംകിടക്കാരായി മാറ്റുന്നത്. ഈ ലൈംഗിക മേൽത്തട്ടുകളെ തകർക്കാനും തുല്യത നേടാനും സ്ത്രീകൾ തങ്ങളുടെ ശരീരത്തിന്മേലും ലൈംഗികതയ്ക്കുമേലുമുള്ള അവകാശം തിരിച്ചുപിടിക്കേണ്ടതുണ്ട്.

4. പുരുഷകേന്ദ്രീകൃതമായ യുക്തികളെയും നിയമങ്ങളെയും വെല്ലുവിളിക്കാൻ സ്ത്രീകൾ എഴുത്തിനെ ഒരു അധികാരമാർഗ്ഗമായി ഉപയോഗിക്കണം. ആണാധികാര ഇടങ്ങളിലെ നിയന്ത്രണങ്ങളെ ഭേദിക്കാൻ സ്വന്തം ആശയവിനിമയത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

5. സമൂഹം പലപ്പോഴും സ്ത്രീകളെ കേവലം വിനിമയമൂല്യമോ ഉപയോഗമൂല്യമോ ഉള്ള ചരക്കുകളെ പോലെയാണ് കാണുകയും വിഭജിക്കുകയും ചെയ്യുന്നത്. ഈ ചൂഷണത്തെയും പരമ്പരാഗത വ്യവസ്ഥകളെയും തകർക്കാൻ നിലവിലുള്ള പുരുഷകേന്ദ്രീകൃത ഭാഷയ്ക്ക് പകരം സവിശേഷമായ ഒരു 'സ്ത്രൈണഭാഷ'യും ബോധവും രൂപപ്പെടേണ്ടത് അനിവാര്യമാണ്.

ചുരുക്കത്തിൽ, ലിംഗപദവിയെക്കുറിച്ചുള്ള പഠനങ്ങൾ വികസിപ്പിച്ച സ്ത്രീവാദചിന്തകരുടെ അഭിപ്രായത്തിൽ, സ്ത്രീത്വം - പുരുഷത്വം എന്നിവയുടെ ഗുണവിശേഷങ്ങളെ നിർമ്മിച്ചെടുക്കുന്നത് സമൂഹവും അതിന്റെ രാഷ്ട്രീയവുമാണ്. പരമ്പരാഗതമായി പിതൃകോയ്മയിലും ആണാധികാരത്തിലും നിർമ്മിക്കപ്പെട്ടിട്ടുള്ള സമൂഹശ്രേണി സ്ത്രീത്വം - പുരുഷത്വം എന്നിവയെ ഏകപക്ഷീയമായി നിർമ്മിച്ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്. ലൈംഗികത, ലിംഗം എന്നിവ സാർവത്രികമായ ഒരു പദമാണ്. എന്നാൽ ലിംഗപദവി എന്ന പദത്തിന് കാലം, ഭൂമിശാസ്ത്രം സാമൂഹിക സാംസ്കാരിക മണ്ഡലങ്ങൾ എന്നിവയുടെ വ്യത്യാസമനുസരിച്ച് അർത്ഥവ്യത്യാസം ഉണ്ടാകുന്നു. സ്ത്രീ-പുരുഷൻ എന്നിവയ്ക്ക് നൈയാമികമായ അംഗീകാരം നിലനിൽക്കുമ്പോൾ സ്ത്രീസത്തയ്ക്കും പുരുഷസത്തയ്ക്കും അങ്ങനെയൊരു

നിലനിൽപ്പില്ല. കൃത്രിമ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നിങ്ങൾക്ക് ലിംഗത്തെ മാറ്റാൻ കഴിഞ്ഞേക്കാം എന്നാൽ ലിംഗപദവിയെ പൊളിച്ചെഴുതുക എളുപ്പമല്ല.

സഹായക ഗ്രന്ഥങ്ങൾ

1. രാജേഷ് എം. ആർ (ഡോ.). ലിംഗപദവി പഠനങ്ങൾ. കണ്ണൂർ: മെയ് ഫ്ലവർ, 2018.
2. Friedan, Betty, *The Feminine Mystique*. Newyork : W.W Norton and Company, 2001.
3. Irigare, Luce. *This Sex Which is Not One*. Newyork : Cornell University Press, 1985.
4. Oakley, A., *Sex Gender and Society*. London : Temples Smith, 1972.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

ഹിംസയുടെയും, അധികാരത്തിന്റെയും നിഗൂഢസമവാക്യങ്ങൾ അബിൻ ജോസഫിന്റെ കഥകളിൽ



ഡോ. പ്രിൻസ് മോൻ ജോസ്

സംഗ്രഹം

സമകാലിക മനുഷ്യജീവിതത്തെ നിർണയിക്കുന്ന അധികാരബന്ധങ്ങളുടെയും ഹിംസാത്മക ഇടപെടലുകളുടെയും സങ്കീർണതകൾ വ്യത്യസ്ത ആഖ്യാനതന്ത്രങ്ങളിലൂടെ അബിൻ ജോസഫിന്റെ കഥകളിൽ അവതരിപ്പിക്കപ്പെടുന്നു. ചരിത്രം, രാഷ്ട്രീയം, പ്രത്യയശാസ്ത്രം, അധിനിവേശം, കുടുംബബന്ധങ്ങൾ, പ്രണയം, ലൈംഗികത, ജനിതകവാസനകൾ, സ്വത്വപ്രതിസന്ധികൾ തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളെ കഥാകൃത്ത് തന്റെ രചനകളിൽ പരസ്പരം ബന്ധിപ്പിക്കുന്നു. അധികാരം കേവലം ഭരണകൂടത്തിന്റെയോ രാഷ്ട്രീയസ്ഥാപനങ്ങളുടെയോ മാത്രം പ്രയോഗമല്ലെന്നും വ്യക്തിബന്ധങ്ങളിലും സാമൂഹികഘടനകളിലും സാംസ്കാരികബോധത്തിലും അതിന്റെ സൂക്ഷ്മവും ഹിംസാത്മകവുമായ സാന്നിധ്യമുണ്ടെന്നും കഥകൾ വ്യക്തമാക്കുന്നു. അധികാരത്തിന്റെ ഈ ഇടപെടലുകൾ പലപ്പോഴും വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും സ്വത്വത്തെയും ചരിത്രബോധത്തെയും നിർണയിക്കുന്നതായി കാണാം.

'കല്ല്യാശ്ശേരി തീസിസ്' എന്ന കഥയിലൂടെ ചരിത്രനിർമ്മിതിയിൽ അധികാരവും അറിവിന്റെ പ്രാമാണ്യവും വഹിക്കുന്ന പങ്കാണ് പരിശോധിക്കുന്നത്. ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടുന്നതും തമസ്കരിക്കപ്പെടുന്നതുമായ വസ്തുതകൾക്കിടയിലെ വിടവ് അന്വേഷിക്കുന്ന ആഖ്യാതാവ് അധികാരത്തിന്റെ ഹിംസാത്മകമായ അറിവുനിർമ്മാണത്തെ ചോദ്യം ചെയ്യുന്നു. '100 മില്ലി കാവ്യജീവിതം' എന്ന കഥയിൽ കലാസ്വപ്നവും ചൂഷണവും കുടുംബഹിംസയും ദുരന്തപരമായ മനുഷ്യാവസ്ഥയും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. 'ഹിരോഷിമയിലെ പൂപ്പ'യിൽ വംശീയഹത്യയും യുദ്ധവും സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ വ്യക്തിയുടെ ജീവിതത്തിലേക്ക് എങ്ങനെ പടർന്നുകയറുന്നു എന്നത് അവതരിപ്പിക്കുന്നു. 'ഫ്രഞ്ച് വിപ്ലവത്തിന്റെ പ്ലാൻ' സാംസ്കാരിക അധിനിവേശത്തിനും സാമ്രാജ്യത്വചിന്തയ്ക്കുമെതിരായ പ്രതിരോധത്തിന്റെ സാധ്യതകളെ അന്വേഷിക്കുന്നു.

അതേസമയം, 'എന്റെ ലൈംഗികാന്വേഷണപരീക്ഷണങ്ങൾ' പ്രണയത്തിന്റെയും ലൈംഗികാഭിലാഷത്തിന്റെയും സങ്കീർണതകളെ പുതിയൊരു ഭാവുകത്വത്തിലൂടെ അവതരിപ്പിക്കുമ്പോൾ, 'സഹയാത്രിക' പൈതൃകവും ജനിതകവാസനകളും കുടുംബബന്ധങ്ങളും വ്യക്തിയുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന അന്വേഷണമായി മാറുന്നു. 'പ്രതിനായകൻ' രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങളും ചരിത്രസന്ദർഭങ്ങളും വ്യക്തിയുടെ സ്വത്വത്തിലും ജീവിതബോധത്തിലും സൃഷ്ടിക്കുന്ന സംഘർഷങ്ങളെ ആവിഷ്കരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ അബിൻ ജോസഫിന്റെ കഥകളിലെ ഹിംസ കേവലം ശാരീരിക ആക്രമണമായി ചുരുങ്ങുന്നില്ല; ചരിത്രത്തെ നിയന്ത്രിക്കുന്ന അധികാരം, സാംസ്കാരിക അധിനിവേശം, രാഷ്ട്രീയ അടിച്ചമർത്തൽ, സാമ്പത്തിക ചൂഷണം, കുടുംബബന്ധങ്ങളിലെ സംഘർഷം, വ്യക്തിയുടെ ആന്തരിക പ്രതിസന്ധി എന്നിവയിലേക്കും അത് വ്യാപിക്കുന്നു. അധികാരത്തിന്റെ രൂപാന്തരങ്ങളും അതിനെതിരായ മനുഷ്യന്റെ പ്രതിരോധവും അതോടൊപ്പം വ്യക്തിയുടെ നിസ്സഹായതയും സ്വത്വാന്വേഷണവും ആഖ്യാനം ചെയ്യുന്ന അബിൻ ജോസഫിന്റെ കഥകൾ സമകാലിക മലയാളചെറുകഥയുടെ ശ്രദ്ധേയമായ വ്യതിരിക്തതകളെ അടയാളപ്പെടുത്തുന്നു.

താക്കോൽവാക്കുകൾ: അധിനിവേശം, സാമ്രാജ്യത്വം, പ്രത്യയശാസ്ത്രം, സ്വത്വപ്രതിസന്ധി, രാഷ്ട്രീയഹിംസ, സാംസ്കാരിക അധിനിവേശം, ലൈംഗികത, പൈതൃകം, പ്രതിരോധം.

* അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്

നൂതനമായ രചനാതന്ത്രങ്ങൾകൊണ്ടും പ്രമേയതലത്തിലെ അസാമാന്യതകൊണ്ടും തീക്ഷ്ണപ്രഭാവം പ്രസരിപ്പിച്ച എഴുത്തുകാരനാണ്, അബിൻ ജോസഫ്.പുതുകാലത്തിന്റെ പ്രസന്നവും, നിഗൂഢവും കുടിലവും വൈവിധ്യപൂർണവുമായ സാംസ്കാരികപരിണതികളെ ഭാഷയുടെ അപാരസാധ്യതകളുമായി സംലയിപ്പിക്കുന്ന രചനാമാന്ത്രികത അദ്ദേഹത്തിന്റെ കഥകൾ പ്രകടിപ്പിക്കുന്നു. സാധാരണജീവിതചിന്തകളെ സ്വാധീനിക്കുന്ന പ്രത്യയശാസ്ത്രവ്യഥകളെയും, നിലപാട് രാഷ്ട്രീയങ്ങളെയും, അധികാരഇടപെടലുകളെയും ഇവയെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന താത്വികപ്രതിസന്ധികളെയും അദ്ദേഹത്തിന്റെ കഥകൾ പ്രമേയവത്ക്കരിക്കുന്നു.ജീവിതം കൊണ്ടെത്തിക്കുന്ന യാദൃശ്ചികസന്ദർഭങ്ങളിൽ, അപകടങ്ങൾ പതിയിരിക്കുന്ന അവസാനപന്തിൽ സിക്സറടിച്ചു കളിജയിക്കാൻ നിർബന്ധിതനാക്കപ്പെടുന്നവന്റെ വിഹ്വലതകളും, ആശങ്കകളും സ്ഥൈര്യവുമാണ് അബിന്റെ കഥകൾക്ക് ചൈതന്യം പകർന്നിട്ടുള്ളത്. അധ്യാപകജീവിതത്തിനിടയിൽ കുറച്ചുസമയത്തെ ക്ലാസിനുശേഷം മറ്റൊന്നും ചെയ്യാനില്ലാത്ത ശൂന്യത, കഠിനമായഅരക്ഷിതാവസ്ഥ, പ്രത്യയശാസ്ത്രപ്രതിസന്ധി, സിഗ്നേച്ചർ ബാക്കിവെക്കാനാവാതെ ലോകത്തോട് വിടപറയേണ്ടിവരുമോയെന്ന പേടി, മുതലായ പ്രശ്നങ്ങളിൽ നിന്ന് മോചനം നേടാനുള്ള മാർഗമായി അദ്ദേഹം കഥാരചനയെ തെരഞ്ഞെടുത്തു. ഇപ്രകാരം സ്വകാര്യവും സാമൂഹികവുമായ ചിന്താസന്ദേഹങ്ങളും സർഗാത്മകതയും സമന്വയിപ്പിക്കുന്ന കഥാമുകുളങ്ങളാണ് അബിൻ ജോസഫിന്റേത്.

അധികാരവും സംസ്കാരവും നിഗൂഢമായി താലോലിക്കുന്ന അധിനിവേശത്തിന്റെ പാഠങ്ങൾ എങ്ങനെ ചരിത്രപരമായി, ശരികളായി അംഗീകരിപ്പെടുന്നു എന്നതിന്റെ സാംഗത്യം അനാവൃതമാക്കുന്ന കഥയാണ് കല്ല്യാശ്ശേരി തീസിസ്. ചില വസ്തുതകൾ ചരിത്രാത്മകമായി താലോലിക്കപ്പെടുകയും ചിലത് തമസ്കരിക്കപ്പെടുകയും ചെയ്യുന്നത് ബോധപൂർവകമായി രഹസ്യാത്മകമായി ക്രമീകരിക്കപ്പെടുന്നതാണെന്നത് സംശയിക്കേണ്ടിയിരിക്കുന്നു. സഖാവ് എൻ.സി.ആർ. നാരായണന്റെ പാർട്ടി തിരുത്തൽരേഖ പുറത്തുവന്ന സംഘർഷാത്മകമായ ചരിത്രസംഭവത്തിനൊപ്പം കല്ല്യാശ്ശേരിയിൽ ചില അനർത്ഥങ്ങളും ഉണ്ടായി. നൂറുദ്ദീൻ മുസലിയാർ നാട്ടിൽ നിന്നും പുറപ്പെട്ടുപോയി. രേഖയുടെ പേരിൽ സഖാവിനെ പാർട്ടിയിൽ നിന്നു പുറത്താക്കി. ചിദംബരം ചെട്ടിയുടെ കയ്യിൽനിന്നും ഒരായുർവേദഗ്രന്ഥം വാങ്ങാൻ അഞ്ചാം പീടികയിൽ വണ്ടിയിറങ്ങിയ ഒരാളുടെ ശവം ഇന്നുവരെ കണ്ടെത്തിയിട്ടില്ല. ചരിത്രഗതി അവശേഷിപ്പിച്ച ഈ വിടവിന്റെ വസ്തുത തേടി സഞ്ചരിക്കുന്ന ആഖ്യാതാവിന്റെ അന്വേഷണത്തിന്റെ തലങ്ങളെയാണ് ഈ കഥ അടയാളപ്പെടുത്തുന്നത്. ഓനച്ചൻ മാപ്പിളയും രാമാനുജൻ മൂസതും ചെട്ടിയുടെ വീട്ടിലേക്ക് സാവധാനം നടന്നു. രാമാനുജൻ മൂസതിന് അറിയില്ലായിരുന്നു അത് തന്റെ ജീവിതത്തിലെ അവസാനദിനമാണെന്ന്. എന്റെ അച്ഛനാണ് അദ്ദേഹം. കല്ല്യാശ്ശേരി ദേശചരിത്രത്തിനൊപ്പം കല്ല്യാശ്ശേരി തീസിസ് എഴുതിചേർക്കപ്പെട്ടെങ്കിൽ തന്റെ അച്ഛന്റെ ചരിതം ആരോ തമസ്കരിച്ചതായി അദ്ദേഹത്തിനുതോന്നി. ഈ സത്യത്തിന്റെ നിഗൂഢതപേറുന്ന ഓനച്ചൻ മാപ്പിള പത്തുകൊല്ലംമുമ്പ് തന്നെ കെട്ടിപ്പിടിച്ചു കരഞ്ഞതും സങ്കടവ്യാധിയിൽ രാത്രിയിൽ മരണപ്പെട്ടതും മനസിലുണ്ട്. ഇനിസത്യം എവിടെ തിരയും. അന്വേഷണവഴികളിൽ ഡിക്കൂറ്റീവിനെ പോലെ ചതുരതയോടെ നടന്ന അയാൾ വേദരാമന്റെ അടുക്കലെത്തുന്നു. അയാളിൽ നിന്നുകിട്ടിയ ഗ്രന്ഥക്കെട്ടിൽ നിന്നും ആ സത്യത്തിന്റെ നിഗൂഢത അറിഞ്ഞ അയാൾ ഞെട്ടി എഴുന്നേൽക്കുന്നു. ചിദംബരം ചെട്ടിയാർ പറഞ്ഞ വാചകം അയാളുടെ നെഞ്ചിൽ ചോരപൊടിച്ചു. മൂസത് ശരിക്കും വൈദ്യനാണ്, മാപ്പിള, കച്ചവടക്കാരനും. ഒടുവിൽ അഞ്ചാം പീടികയിലെ ഭഗവതിക്കാവിനു പിന്നിലുള്ള താമരചതുപ്പിൽ നിന്ന് അച്ഛന്റെ വാറുപൊട്ടിയ വള്ളിചെരുപ്പ് എന്റെ ഹൃദയത്തിലേക്ക് പതിയെ പൊങ്ങിവന്നു എന്നാണ് കഥാകാരൻ രേഖപ്പെടുത്തുന്നത്. ഇരുട്ടിനെ അകറ്റി തെളിഞ്ഞുതെളിഞ്ഞ് സുതാര്യമാകുന്ന ചരിത്രവഴികളുടെ മുദ്രണങ്ങളാണ് ഇവിടെ രേഖീകൃതമായിരിക്കുന്നത്. അറിവിന്റെ പ്രാമാണ്യവും ആധിപത്യവും ഏകാന്വിതമായി കേന്ദ്രീകരിക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന ഹിംസാത്മകനിലപാടുകൾ ഇരകളാക്കപ്പെടുന്നവരെ പുറത്താക്കപ്പെടുകയോ, നിഷ്കാസനം ചെയ്യുകയോ ചെയ്യുന്നു. ഈ തലത്തിലാണ് രാമാനുജൻ മൂസതിന്റെ തിരോധാനവും വിലയിരുത്തപ്പെടുന്നത്.

കവിയും സിനിമാനിർമാതാവും ആകാനാഗ്രഹിക്കുന്ന സദാനന്ദൻ വക്കീലിന്റെ ജീവിതദുഃഖങ്ങളെ അനാവരണം ചെയ്യുന്ന കഥയാണ് 100 മില്ലി കാവ്യജീവിതം. ജോൺ എബ്രാഹത്തിന്റെ ആരാധകനായ അയാൾ പുരയിടംവിറ്റ് സിനിമാനിർമാണത്തിനിറങ്ങുമ്പോൾ കുര്യന്റെ വഞ്ചനയ്ക്ക് ഇരയാകുന്നു.ഒടുവിൽ സ്വത്തെല്ലാം നഷ്ടപ്പെട്ട് ജീവിതവും നശിച്ച് മകന്റെ കയ്യാൽ അയാൾ കൊല്ലപ്പെടുന്നു. ജോൺ എബ്രാഹമിന്റെ ചെറിയാച്ചന്റെ ക്രൂരകൃത്യത്തെ ഓർമ്മിപ്പിക്കുന്ന അച്ഛൻറ വാക്കുകൾ, കടവായിലൂടെ ഒലിച്ചിറങ്ങിയ

ISSN No: 3049-0316 വാല്യം 3 ലക്കം 1 ഒക്ടോബർ 2026

ചോരയ്ക്കൊപ്പം മുഖത്തേക്ക് തെറിച്ചത് മകനിൽ ഭ്രാന്തമായ ഉന്മാദങ്ങളാണ് ഉണർത്തിയത്. എബ്രാഹമെ നീ പിടിച്ചതിനേക്കാളൊക്കെ, വെല്യ സിനിമ,എന്റെ സിനിമ നീ കൂടെ കാണേണ്ടതായിരുന്നുവെന്ന് വക്കീൽ മരണത്തിനുമുമ്പ് പുലമ്പുമ്പോൾ ആ വേദന കൂടുതൽ ആയാസപ്പെടുത്തുന്നുണ്ട്. ജീവിതത്തിന്റെ വിധി വൈപരീത്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനാവാത്ത മനുഷ്യന്റെ നിസഹായതയും, പിതൃഘാതകനെന്ന ദുരന്തം ഏറ്റുവാങ്ങിയ മകന്റെ ജല്പനങ്ങളും ഹൃദയത്തെ ഭാരപ്പെടുത്തുമ്പോൾ ഹിംസാത്മകതയുടെ ചോരമണമാണ് ഇവിടെ പടരുന്നത്.

ഇരകളാകാൻ വിധിക്കപ്പെടുന്നവരുടെ വിഹ്വലതകളും മാനസികസംഘർഷങ്ങളും സിരകളിലൂടെ മരവിപ്പായി പടരുന്നത് ഹിരോഷിമയിലെ പൂപ്പ എന്ന കഥയിലെ അനുഭവമാണ്. വംശീയഹത്യയും കലാപവും നിത്യസാന്നിധ്യമായ ആഫ്രിക്കൻ വനാന്തരങ്ങളിലെ ഏതോ ദേശത്തുനിന്നും തോബിയാസ് പോത്തനുവന്ന ഫോൺകോളിലൂടെയാണ് കഥ സാവധാനം വികസിക്കുന്നത്. എപ്പോൾ വേണമെങ്കിലും ജീവൻ നഷ്ടപ്പെടുമെന്ന അവസ്ഥയിലായിരുന്ന ഫാദർ പീറ്റർ കാഞ്ഞിരക്കാട്. തോക്കുകഴലിനു മുമ്പിൽ ഭയന്നുവിറച്ച അതേ അരക്ഷിതാവസ്ഥയിൽ തന്നെയായിരുന്ന പക്ഷേ തോബിയാസ് പോത്തനും. മകളും മരുമകനും സ്വത്തിനുവേണ്ടി തന്നെ എപ്പോൾ വേണമെങ്കിലും കൊല്ലുമെന്ന് അയാൾക്കറിയാം. ഒടുവിൽ തോബിയാസ് പോത്തനെ കൊല്ലാൻ മകളും മരുമകനും മൂന്നാലാളുകളുമായി പടികയറിവരുമ്പോൾ ആ ഭീതി തീവ്രതരമാകുന്നു.ഒപ്പം മരണമുഖത്തുനിന്നും വെപ്രാളപ്പെട്ടു വിളിക്കുന്ന ഫാദറിന്റെ വിളിയും സന്ദർഭത്തെ കലുഷിതമാക്കുന്നു.അയാൾ പെട്ടിയിൾ ഒളിപ്പിച്ചിരുന്ന് ഇരട്ടക്കുഴൽ തോക്ക് പുറത്തെടുത്തു. മേശവലിപ്പിൽ നിന്നെടുത്ത തിരകൾ അതിലിട്ടു. തറയ്ക്കും മുറിയുടെ വാതിലിനും ഇടയിലെ വിടവിലൂടെ ദിനോസറിനോളം വലുപ്പമുള്ള മൂന്നുനിഴലുകൾ തോബിയാസിനു പിന്നിലേക്കു നീണ്ടുവന്നു. നാലു ഭ്രഖണ്ഡങ്ങൾക്കപ്പുറത്തുനിന്നുള്ള ഒരായിരം അലമുറകൾ മുറിയിൽ വിങ്ങിപ്പടർന്നു. ഭാഷ തിരിച്ചറിയാനാവാത്ത ഏങ്ങലടികൾ അയാളുടെ നെഞ്ചിനൊപ്പം പെരുകി. ചെവിതുളച്ചെത്തിയ അനേകം അട്ടഹാസങ്ങൾ തലച്ചോറിന്റെ ഇരുണ്ട വൻകരയിൽ മിസൈലുകൾ വർഷിച്ചപ്പോൾ തോബിയാസ് ഭയാനകമായി പല്ലുകടിച്ചു. പിന്നെ തോക്കിന്റെ ട്രിഗറിൽ വിരൽ വച്ചശേഷം പട്ടാളതൊപ്പിക്കുതാഴെയുള്ള കുറെ നെറ്റിത്തടങ്ങൾ ലക്ഷ്യമാക്കികൊണ്ട് വാതിലിവുനേരെ പാഞ്ഞടുത്തു എന്നിങ്ങനെയാണ് കഥ പര്യവസാനിക്കുന്നത്.

അധികാരവും സാമ്രാജ്യത്വവും രഹസ്യാത്മകമായി അധിനിവേശം നടത്തുമ്പോൾ വിപ്ലവത്തിന്റെ പുതുവഴികൾ തേടേണ്ടതുണ്ട് എന്ന് ഓർമ്മിപ്പിക്കുന്ന കഥയാണ് ഫ്രഞ്ച് വിപ്ലവത്തിന്റെ പ്ളാൻ.പണ്ട് അപ്പനായരെന്ന മാടമ്പിയെ കൊല്ലുന്നതിനുശ്രമിച്ചു പരാജയപ്പെട്ട് നാടുവിട്ട മട്ടുമുരളി, ശ്യാമളൻ ,കഥാനായകൻ എന്നിവരുടെ വിമോചനസ്വപ്നങ്ങളാണ് കഥയിൽ നിറയുന്നത്. കാലങ്ങൾക്കുശേഷം കഥാനായകന്റെ മെയിലിലേക്കുവന്ന മാവോയുടെ സന്ദേശത്തിലും ഈ ആഹ്വാനമുണ്ടായിരുന്നു. സുഹൃത്തേ അപ്പനായർ വലിയൊരു മഞ്ഞുമലയുടെ ഏറ്റവും അടിത്തട്ടിലെ ഒരുകുഞ്ഞ് ഐസ്ക്യൂബു മാത്രമായിരുന്നു.ലോകത്തിന്റെ മുഴുവൻ ഭാഷയേയും സംസ്കാരത്തേയും അതുവഴി ചരിത്രത്തേയും അടിച്ചമർത്തുന്ന അനേകം ഹിമാലയങ്ങൾ നമുക്കു മുന്നിലുണ്ട്. പോരാട്ടത്തിന്റെ തീക്ഷ്ണമായ ചൂടുകൊണ്ട് അതു നമുക്ക് ഉരുക്കിത്തീർക്കണം. അതിൽനിന്നുണ്ടാകുന്ന ജലപ്രവാഹത്തിന്റെ തീരത്ത് പുതിയൊരു ജനത ഉരുവമെടുക്കണം. ഈ സന്ദേശം കഥാനായകന്റെ ഞരമ്പുകളിലേക്ക് സുനാമികയറ്റം കയറുന്നത് കഥാന്ത്യത്തിലുണ്ട്. ആഗോളവത്ക്കരണവും യൂറോകേന്ദ്രചിന്തകളും രൂപപ്പെടുത്തുന്ന വിധേയത്വസ്വത്വങ്ങളെയല്ല ,ആർജ്ജവമുള്ള ധീരന്മാരെയാണ് പുതുകാലത്തിനാവശ്യമെന്നും, സാംസ്കാരികമായ ഈ അധിനിവേശം ചെറുക്കപ്പെടേണ്ടതു തന്നെയാണെന്നും ഈ കഥ ഉദ്ബോധിപ്പിക്കുന്നു.

പ്രണയം തീവ്രതരമായ ലൈംഗികാഭിരതികളുടെ അഭിലാഷങ്ങളിൽ ബന്ധിതമാണ്. അത് ശരീരത്തോടാകാം, പ്രണയിക്കുന്ന എന്തിനോടുമാകാം. ആ അഭിനിവേശത്തിന്റെ അനിർവചനീയതയെ സാധൂകരിക്കുന്ന കഥയാണ് എന്റെ ലൈംഗികാന്വേഷണപരീക്ഷണങ്ങൾ. പുസ്തകങ്ങളോട് പ്രത്യേകിച്ച് ചരിത്രപുസ്തകങ്ങളാടുള്ള തൃഷ്ണ പ്രണയത്തിന്റെ അപാരതതേടുന്ന ഭോഗസായൂജ്യങ്ങൾ തേടുന്നത് ഈ കഥയുടെ സുഖാനുഭൂതിയാണ്.

മുൻപു പരാമർശിച്ച കഥകളിൽ നിന്നെല്ലാം വേറിട്ടുനിൽക്കുന്ന രചനയാണ് സഹയാത്രിക ജന്മജന്മാന്തരങ്ങളായി തലമുറകളിലൂടെ പ്രസരിക്കുന്ന ജൈവികമായ ചോദനകളിൽ നിന്നും

പൈതൃകവാസനകളിൽനിന്നും മോചനം നേടാൻ ആർക്കും ആവില്ല. ഒരു സഞ്ചാരിയായി അലഞ്ഞുനടന്നുമരണപ്പെട്ട ഡാഡിയുടെ വഴിയെ തന്നെയാണ് മകളായ ലിഡിയയുടെയും യാത്ര. കുടുംബത്തെയും ഉടയോരെയും മറന്നുള്ള ഈ അലച്ചിലിനിടയിൽ അകന്നുപോകുന്ന ഊഷ്മളതകൾ ഒടുവിൽ ലിഡിയ തിരിച്ചറിയുന്നു. പരിചയമില്ലാത്ത രണ്ടുപേരായിട്ട് ജനിച്ചാ മതിയാരുന്നല്ലേ എന്നുപറഞ്ഞ് സഹോദരനെ ആലിംഗനം ചെയ്യുന്ന അവൾ സാഹോദര്യത്തിന്റെ പുതിയ ഹൃദയാകാശമാണ് പ്രസരിപ്പിച്ചത്. പക്ഷേ അപ്പോഴേക്കും അവളുടെ അമ്മാമച്ചിയും മമ്മയും അവളെ വേർപെട്ടുപോയി എന്നത് വേദനയുണർത്തുന്നുണ്ട്.

ജീവിതത്തിലെന്നും പ്രതിനായകരാകാൻ വിധിയ്ക്കപ്പെട്ട മേക്കാതൻ റാവുത്തരും അന്ത്രയോസ് പാതിരിയും കഥാപാത്രങ്ങളായ രചനയാണ് പ്രതിനായകൻ. വിമോചനസമരത്തിന്റെ പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റ് നയങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും എതിരെ പോരാടിയ സമാന്തരചിന്താധാരയുടെ വക്താക്കളായിരുന്ന ഇവർ. ഇ.എം.എസ് മന്ത്രിസഭയ്ക്കെതിരെ മോസ്കോപിശാച് എന്ന നാടകം തട്ടിലെത്തിച്ച് ഇവർ കയ്യടി നേടി. എന്നാൽ ഈ പ്രശസ്തി ഏറെക്കാലം തുടരാൻ അവർക്ക് സാധിച്ചില്ല. കുമരകത്തുവച്ച് അവർ ക്രൂരമായി അക്രമിക്കപ്പെട്ടു. ഈ നാടകാവതരണത്തിൽനിന്ന് അവർക്ക് പിൻവാങ്ങേണ്ടിവന്നു.എന്നാലും കമ്മ്യൂണിസം തുടച്ചുനീക്കണം എന്നതായിരുന്ന അവരുടെ സ്വപ്നം. ഈ ആവേശത്തോടെ വടക്കനച്ചനെ കണ്ടപ്പോൾ ശാന്തഭാവത്തോടെ അദ്ദേഹം പറഞ്ഞു. അന്ത്രയോസ് പാതിരി മൂന്നുതരം പോരാട്ടങ്ങളാണ് സമൂഹത്തിൽ നടക്കാറുള്ളത്. ആശയങ്ങൾക്കെതിരെയും നയങ്ങൾക്കെതിരെയും വ്യക്തികൾക്കെതിരെയും. ഓരോന്നിനും അതിന്റേതായ രീതികളുമുണ്ട്. പക്ഷേ പോരാട്ടത്തെക്കാൾ പ്രധാനമായൊരു കാര്യമുണ്ട്. എന്തിനെതിരെയാണ് നമ്മൾ യുദ്ധം ചെയ്യുന്നതെന്നുള്ള തിരിച്ചറിവ്. അതില്ലെങ്കിൽ ചെയ്തതെല്ലാം ചിലപ്പോൾ പാഴായിപ്പോകും. ഇ.എം.എസ് മന്ത്രിസഭയ്ക്കെതിരെ മൂന്ന് നാടകങ്ങൾ ഇവർ തയ്യാറാക്കുന്നുണ്ട്. എന്നാൽ മന്ത്രിസഭ പിരിച്ചുവിട്ടതോടുകൂടി ഗോദയിൽ പോരാടാൻ എതിരാളികളില്ലാതെ അവർ തളർന്നു.പിന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയെപറ്റി ഇവർ ചിന്തിച്ചത് അടിയന്തിരാവസ്ഥക്കാലത്താണ്. നിശബ്ദമാക്കപ്പെടുന്ന കാലത്തിന്റെ വൈപരീത്യം അവരെ അലോസരപ്പെടുത്തി. ക്രൂരമർദ്ദനത്തിന് ഇരയാക്കപ്പെട്ടവരുടെ വിഹ്വലതകൾ വലിയ പ്രത്യയശാസ്ത്രപ്രതിസന്ധികളാണ് ഇവരിലുണ്ടാക്കിയത്. മൂന്നാറിൽ തേയിലതോട്ടം വാങ്ങി അങ്ങോട്ട് പോയ പാതിരിയേയും രാവുത്തരേയും ബൂർഷ്വാമുതലാളിമാരായാണ് അവിടെയുള്ളവർ കാണുന്നത്. തൊഴിലാളിപ്രശ്നങ്ങളിലും നക്സലൈറ്റ് ആക്രമങ്ങളിലും പെട്ട് വലതുകൈ നഷ്ടപ്പെട്ട് അവർക്ക് നാടുവിടേണ്ടതായിവന്നു .ഒരു പ്രത്യയശാസ്ത്രത്തിനും രക്ഷിക്കാനാവാത്ത തീവ്രദുരന്തത്തിലേക്കാണ് ഒടുവിൽ അവർ എത്തിച്ചേർന്നത് .സത്യം മാത്രമാണ് നമ്മൾ വിളിച്ചുപറഞ്ഞത്. അതിനെയന്ന് ലോകം തിരസ്കരിച്ചു.പിന്നീട് കാലം അത് ശരിവെച്ചെങ്കിലും നമ്മളായിരുന്നു ശരിയെന്ന് എതിരാളികൾതന്നെ തെളിയിച്ചു. എന്തൊരു വിരോധാഭാസം. ഒടുവിൽ നട്ടെല്ലില്ലാത്ത വിപ്ലവചിന്തകളാണ് തങ്ങളുടെ പരാജയത്തിന് കാരണമെന്നവർ കണ്ടെത്തുന്നു. അപ്പോഴേക്കും വൈകിക്കഴിഞ്ഞിരുന്നു. ഒടുവിൽ യഥാർത്ഥവിമോചനം തിരിച്ചറിഞ്ഞ് പാതിരിയുടെ കുഴിമാടത്തിൽ നിന്നുകൊണ്ട് റാവുത്തർ വിളിച്ചുപറഞ്ഞു. ഈങ്കലാബ്. രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങളും നിലപാടുകളും വലിച്ചിഴയ്ക്കുന്ന സ്വത്വപ്രതിസന്ധിയുടെ വലിയ അരക്ഷിതമാനങ്ങളെയാണ് ഈ കഥ അടയാളപ്പെടുത്തുന്നത്.

അധികാരത്തിന്റെ തലങ്ങൾ എന്നും വിഭിന്നഭാവത്തിൽ അധിനിവേശം നടത്തുകയും അതിന്റെ പാരമ്യത്തിൽ ഹിംസാത്മകമാവുകയും ചെയ്യാറുണ്ട്. ചരിത്രത്തെപ്പോലും നിർണയിക്കുന്ന ഈ ചൂഷണം അസഹനീയമാകുമ്പോൾ വിപ്ലവത്തിന്റെ ഒരു മിന്നൽ പ്രവാഹമുണ്ടാവുകയും കിരീടത്തിൽ മണൽ പുരളുകയും ചെയ്യും. പിന്നീട് അധികാരത്തിലെത്തുന്നവരും ഇതേവഴിയെ സാവധാനം ചൂഷകരായി മാറുന്നത് കാലത്തിന്റെ നൈതികതയാണ്. ഇത് എപ്പോഴും ആവർത്തിക്കപ്പെട്ടുകൊണ്ടേയിരിക്കും.ഈ നിരീക്ഷണത്തിന്റെ തലങ്ങൾ അന്തർഭാവമായി അബിൻ ജോസഫിന്റെ കഥകളിലുണ്ട്. ഉപഭോഗാധിഷ്ഠിതമായ പുതുകാലം പണത്തിനും ലാഭത്തിനുംവേണ്ടി ബന്ധങ്ങൾക്കപ്പുറംഎങ്ങനെ ഹിംസാത്മകമായി മാറുന്നു എന്നതിന്റെ തലങ്ങളും ഇതോടൊപ്പം കാണാം. വിധിവൈപരീത്യങ്ങളുടെ കെട്ടുപാടുകളിൽ നിന്ന് ഒഴിഞ്ഞുമാറാനാവാത്ത മനുഷ്യന്റെ നിസ്സഹായതയും പൈതൃകവും ജനിതകബന്ധങ്ങളും ചുറ്റിപ്പിണയുന്ന വാസനകൾക്ക് വഴിപ്പെട്ടു ജീവിക്കുന്നവന്റെ അടിമത്വവും ഒപ്പമുണ്ട്. നിർവചിക്കാനാവാത്ത സ്വത്വപ്രശ്നങ്ങളും അവയുണർത്തുന്ന സന്ദേഹങ്ങളും ലൈംഗികതൃഷ്ണയുടെ അനിർവചനീയതയും പുതുഭാവുകത്വമായി നിറയുമ്പോൾ മലയാളചെറുകഥാസാഹിത്യത്തിലെ വേറിട്ട മുഖമായി അബിൻ ജോസഫിന്റെ കഥകൾ മാറുന്നു.

ISSN No: 3049-0316

സഹായകഗ്രന്ഥങ്ങൾ

1. Said, Edward W. Culture and Imperialism. New York: Vintage Books, 1994.
2. Said, Edward W. Orientalism. New York: Vintage Books, 1978.
3. Bhabha, Homi K. The Location of Culture. London: Routledge, 1994.
4. അബിൻ ജോസഫ് ,കല്യാശ്ശേരി തീസീസ്,ഡി.സി ബുക്ക്സ് കോട്ടയം.2025
5. അച്യുതൻ, എം ചെറുകഥ ഇന്നലെ ഇന്ന് ,ഡി.സി ബുക്ക്സ് കോട്ടയം.2021
6. അപ്പൻ. കെ പി, ക്ഷോഭിക്കുന്നവരുടെ സുവിശേഷം,നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം 2021

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

മലയാള സിനിമാ ഗാനങ്ങളിലെ ഭക്ഷണസംസ്കാരവും രുചി രാഷ്ട്രീയവും



ഡോ. ലിജാ അരവിന്ദ്

സംഗ്രഹം

മലയാള സിനിമയിൽ ഭക്ഷണം എന്നത് കേവലം ജീവൻ നിലനിർത്താനുള്ള ഒരു ഘടകം മാത്രമല്ല; മറിച്ച് അത് സംസ്കാരം, പ്രാദേശികത, വികാരങ്ങൾ, മനുഷ്യബന്ധങ്ങൾ എന്നിവയെ അടയാളപ്പെടുത്തുന്ന ശക്തമായ ഒരു മാധ്യമമാണ്. സിനിമയിലെ സംഭാഷണങ്ങളിലും ദൃശ്യങ്ങളിലും മാത്രമല്ല, പാട്ടുകളുടെ വരികളിലും ഭക്ഷണത്തിന്റെ സാന്നിധ്യം വളരെ വ്യക്തമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. നാടൻ ഭക്ഷണവിഭവങ്ങളുടെ തനിമ മുതൽ ആധുനിക ഭക്ഷണരീതികൾ വരെ ചലച്ചിത്ര ഗാനങ്ങളിലൂടെ വരച്ചുകാട്ടുന്നതിനൊപ്പം ജാതി, മത, ലിംഗ, പ്രാദേശിക രാഷ്ട്രീയവും ദർശിക്കാൻ കഴിയും. ഈ പ്രബന്ധം മലയാള സിനിമാ ഗാനങ്ങളിലെ ഭക്ഷണ പരാമർശങ്ങളെയും അവയുടെ സാംസ്കാരിക-സാമൂഹിക പശ്ചാത്തലങ്ങളെയും വിശകലനം ചെയ്യുന്നു.

താക്കോൽവാക്കുകൾ: മലയാള സിനിമ, ചലച്ചിത്ര ഗാനങ്ങൾ, ഭക്ഷണ സംസ്കാരം, രുചി രാഷ്ട്രീയം, ഗൃഹാതുരത്വം, പ്രാദേശികത, കമ്പോള സംസ്കാരം.

മലയാളിയെ എക്കാലത്തും ഏറെ സ്വാധീനിക്കുന്ന ഘടകമാണ് ദൃശ്യമാധ്യമമായ സിനിമ. മാറുന്ന കേരളീയ സമൂഹത്തെ അടയാളപ്പെടുത്താൻ സിനിമകൾക്ക് കഴിയുന്നുണ്ട്. ദൃശ്യവും ശ്രവ്യവും സമ്മേളിക്കുന്ന ചലച്ചിത്രശാഖയിൽ പാട്ടുകൾക്ക് സവിശേഷമായ സ്ഥാനമാണുള്ളത്. മലയാളിയുടെ നിത്യജീവിതത്തിന്റെ ഭാഗമായ ഭക്ഷണരീതികളും രുചികളും പാട്ടുകളുടെ വരികളിലും ചിത്രീകരണത്തിലുമൊക്കെ തനിമയോടെ ഇടം പിടിച്ചിട്ടുണ്ട്. കേവലം വിശപ്പടക്കൽ എന്നതിലുപരിയായി പ്രാദേശിക അടയാളമായും പ്രണയത്തിന്റെയും സന്തോഷത്തിന്റെയും ഗൃഹാതുരത്വത്തിന്റെയും അടയാളപ്പെടുത്തലായും ഭക്ഷണത്തെ മലയാള സിനിമ അവതരിപ്പിക്കുന്നു.

പലപ്പോഴും സിനിമയെ അതിന്റെ സമ്പൂർണ്ണതയിലെത്തിക്കാൻ അതിലെ ഗാനങ്ങൾക്ക് കഴിയാറുണ്ട്. 1938-ൽ പുറത്തുവന്ന 'ബാലൻ' എന്ന സിനിമയിലൂടെയാണ് മലയാള സിനിമ ശബ്ദിച്ചും പാടിയും തുടങ്ങിയത്. ഈ സിനിമയിൽ23 പാട്ടുകളാണുണ്ടായിരുന്നത്. അഭിനേതാക്കൾ തന്നെ പാടി അഭിനയിക്കുന്ന സമ്പ്രദായമായിരുന്നു അന്ന് നിലനിന്നിരുന്നത്. എന്നാൽ 1948-ൽ പുറത്തിറങ്ങിയ 'നിർമ്മല' എന്ന സിനിമയിലൂടെയാണ് പിന്നണിഗാന സമ്പ്രദായം ആരംഭിക്കുന്നത്. അന്നുതൊട്ട് ഇന്നുവരെയുള്ള സിനിമാഗാനങ്ങൾ പരിശോധിച്ചാൽ കേരളീയ സംസ്കാരത്തിന്റെ മാറ്റത്തെ അടയാളപ്പെടുത്താൻ സിനിമാഗാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാകും.

* മലയാള വിഭാഗം, സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വുമൺ, ആലുവ, Mob: 8281889852;
Email: lijaaravind9@gmail.com

കേരളീയ ഭക്ഷണ സംസ്കാരം കേവലം പ്രാദേശിക രുചികളുടെയോ വിഭവങ്ങളുടെയോ സമാഹാരമല്ല; മറിച്ച് അത് ജാതി, മത, ലിംഗ ഭേദങ്ങളും പ്രാദേശികതയും അടങ്ങുന്ന സാമൂഹിക ഘടകങ്ങളാൽ നിർണ്ണയിക്കപ്പെട്ട ഒരു രാഷ്ട്രീയ ഇടമാണ്. അയിത്തവും ശുദ്ധി-അശുദ്ധി സങ്കൽപ്പങ്ങളും നിലനിന്നിരുന്ന കാലം മുതൽ ആധുനിക കാലത്തെ 'ബീഫ് രാഷ്ട്രീയം' വരെയുള്ള മാറ്റങ്ങൾ നമുക്ക് ഇതിൽ ദർശിക്കാൻ കഴിയും. ആര്, ആർക്കൊപ്പം, എന്ത്, എങ്ങനെ കഴിക്കുന്നു എന്നത് ഒരു സമൂഹത്തിലെ ജാതീയവും ലിംഗപരവുമായ ശ്രേണികളെ നിർണ്ണയിക്കുന്നു. കേരളീയ സാമൂഹിക മാറ്റങ്ങളിലും നവോത്ഥാനത്തിലുമൊക്കെ ഭക്ഷണസംസ്കാരം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും, ഒളിഞ്ഞും തെളിഞ്ഞും നിൽക്കുന്ന ചില രാഷ്ട്രീയങ്ങൾ ഇന്നും ഭക്ഷണസംസ്കാരത്തിൽ സജീവമാണ്.

ഭക്ഷണം മനുഷ്യ സംസ്കാരവുമായി ആഴത്തിൽ ബന്ധപ്പെട്ട കിടക്കുന്നു. "എന്താണ് ഭക്ഷണം?" എന്നതിന് ഫ്രഞ്ച് ചിന്തകനായ റൊളാങ് ബാർത് (Roland Barthes) നൽകുന്ന ഉത്തരം ഇപ്രകാരമാണ്: *"അത് സ്ഥിതിവിവരക്കണക്കുകൾക്കോ പോഷകാഹാര ആവശ്യങ്ങൾക്കോ ഉപയോഗിക്കാവുന്ന ഉൽപ്പന്നങ്ങളുടെ ഒരു ശേഖരം മാത്രമല്ല; അത് ആശയവിനിമയത്തിനുള്ള ഒരു വ്യവസ്ഥയും, സങ്കൽപ്പങ്ങളുടെ ചട്ടക്കൂടും, ആചാരങ്ങളുടെയും പെരുമാറ്റങ്ങളുടെയും ആചാരമര്യാദാ സംഹിതയുമാണ്."*

കേരളത്തിന്റെ ചരിത്രത്തിൽ ജാതിവ്യവസ്ഥ ഭക്ഷണത്തെ പൂർണ്ണമായും നിയന്ത്രിച്ചിരുന്നു. ആചാരം, അനുഷ്ഠാനം, വിശ്വാസം, മതചിന്തകൾ എന്നിവ കൂട്ടിക്കലർന്നതാണ് കേരളീയ ഭക്ഷണസംസ്കാരം. *"ഏതൊരു ഭക്ഷണത്തിന്റെയും ചരിത്രം തിരഞ്ഞുപോയാൽ അത് നാട്ടുകാർ തമ്മിലുള്ള കൊടുക്കൽവാങ്ങലുകളിലേക്കാണ് എത്തിക്കുക. പരമ്പരാഗത രുചി എന്ന് വിശ്വസിച്ചുപോരുന്ന പലതും വിദേശത്തുനിന്നും വന്നതോ വൈദേശിക സ്വാധീനത്തിൽ നിന്നുയർകൊണ്ടതോ ആകാം"* (സി. ഗണേഷ്, 2023).

നമ്മുടെ നാടോടി സാഹിത്യം മുതൽ പുരാണ ഇതിഹാസങ്ങളിലും ആധുനിക സാഹിത്യത്തിലും വരെ ഭക്ഷണം ഒരു കേന്ദ്രപ്രമേയമായി കടന്നുവരുന്നുണ്ട്.

1964-ൽ പുറത്തിറങ്ങിയ 'തച്ചോളി ഒതേനൻ' എന്ന സിനിമയിലെ 'അഞ്ചനക്കണ്ണെഴുതി' എന്ന് തുടങ്ങുന്ന ഗാനം മലയാള സിനിമാ ഗാനശാഖയിൽ വളരെ ശ്രദ്ധേയമായ ഒന്നായിരുന്നു. അതിലെ:

"തുശനില മുറിച്ചുവെച്ചു തുമ്പപ്പൂച്ചോറു വിളമ്പി
ആശിച്ച കറിയെല്ലാം നിരത്തിവെച്ചു
പുള്ളുകളുറങ്ങിയിട്ടും പൂങ്കോഴി കരഞ്ഞിട്ടും
കള്ളനവൻ വന്നില്ലല്ലോ തോഴിമാരേ..."

ഈ വരികളിൽ രുചിയുടെ രാഷ്ട്രീയം, ലിംഗ രാഷ്ട്രീയം, വർഗ്ഗ-സമുദായിക അധീശത്വം എന്നിവ ദർശിക്കാൻ കഴിയുന്നു. തുശനില മുറിച്ചുവെച്ച്, ആശിച്ച കറിയെല്ലാം നിരത്തിവെച്ച്, പാതിരാത്രി പൂങ്കോഴി കരയുന്നത് വരെ ഒരു സ്ത്രീ പുരുഷനായി കാത്തിരിക്കുകയാണ്. ഇവിടെ ഭക്ഷണം കഴിക്കൽ പുരുഷന്റെ അധികാരവും, അത് ഒരുക്കിവെച്ച് കാത്തിരിക്കൽ സ്ത്രീയുടെ ബാധ്യതയുമായി മാറുന്നു. വരികൾ പ്രണയാതുരമാകുമ്പോഴും കാത്തിരിപ്പ് മധുരമായി തോന്നുമ്പോഴും, അതിനുപിന്നിലെ സ്ത്രീയുടെ സമയവും അധ്വാനവും അദൃശ്യവൽക്കരിക്കപ്പെടുന്ന ഗാർഹിക അസമത്വം ഇവിടെ കാണാം.

ഈ വരികളിലെ ഭക്ഷണത്തിന്റെ ചേരുവകളും വിഭവങ്ങളും വർഗ്ഗ-ജാതി മേൽക്കോയ്മയെക്കൂടി പ്രതിഫലിപ്പിക്കുന്നു. അരിയുടെ വെളുപ്പ് നിറത്തെയും വരേണ്യതയെയും അടയാളപ്പെടുത്തുന്നു. പരമ്പരാഗത മായ സവർണ്ണ ശക്തിസങ്കൽപ്പങ്ങളോടും ആഢ്യത്വത്തോടും ചേർന്നുനിൽക്കുന്ന ഒന്നാണ് ഇത്തരം വിഭവങ്ങൾ. വെറുമൊരു ഇലയിലല്ല, തുശനിലയിലാണ് (വാഴയുടെ തലപ്പായ ഭാഗത്ത്) സൽക്കാരം. വിരുന്നിന്റെയും സദ്യയുടെയും വരേണ്യമായ സാംസ്കാരിക അടയാളമാണിത്. പിന്നോക്ക വിഭാഗത്തിന്റെ അതിജീവന ഭക്ഷണങ്ങളിൽ നിന്ന് വ്യത്യസ്തമായി, കൃത്യമായ അച്ചടക്കത്തോടെയുള്ള ഒരു സാമുദായിക ചട്ടക്കൂട് ഈ ഭക്ഷണരീതിക്ക് പിന്നിൽ കാണാം. ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക അടയാളപ്പെടുത്തലായി ഇതിനെ വായിച്ചെടുക്കാം.

'ആശിച്ച കറി' എന്നത് കാത്തിരിക്കുന്ന പുരുഷന് പ്രിയപ്പെട്ട ഭക്ഷണങ്ങളാണ്. തന്റെ രുചിഭേദങ്ങൾ മാറ്റിവെച്ച്, പങ്കാളിയുടെ അല്ലെങ്കിൽ നായകന്റെ രുചികളെ തൃപ്തിപ്പെടുത്താൻ സ്ത്രീകൾ ശ്രമിക്കുന്ന

ആൺകോയ്മാ സംസ്കാരം ഇവിടെ ദൃശ്യമാകുന്നു. പുരുഷന്റെ രുചിതാല്പര്യങ്ങൾക്ക് സ്ത്രീ കീഴടങ്ങുന്ന സാംസ്കാരിക മാനദണ്ഡങ്ങൾ ഇവിടെ സ്ഥാപിക്കപ്പെടുകയാണ്. ഈ പാട്ടിൽ ഒരു കാലഘട്ടത്തിലെ മലയാളിയുടെ ഗാർഹിക രുചിരാഷ്ട്രീയത്തിന്റെ കൃത്യമായ പ്രതിഫലനമാണ് കാണാൻ കഴിയുന്നത്.

ശ്രീകുമാരൻ തമ്പി സംവിധാനം ചെയ്ത് 1979-ൽ പുറത്തിറങ്ങിയ 'വേനലിൽ ഒരു മഴ' എന്ന സിനിമയിലെ പ്രശസ്തമായ ഗാനമാണ്:

"അയല പൊരിച്ചതുണ്ട്,
കരിമീൻ വറുത്തതുണ്ട്
കുടംപുളിയിട്ടുവെച്ച നല്ല ചെമ്മീൻ കറിയുണ്ട്
നിറമുള്ള ചെറുമണി ചോറുണ്ട്,
ഉപ്പിലിട്ട മാങ്ങയുണ്ട് ഉണ്ണാൻ വാ മച്ചുനനേ..." (ശ്രീകുമാരൻ തമ്പി)

സാധാരണ ഒരുനേരം വിശപ്പടക്കാൻ കഴിയുന്ന ലളിതമായ ഭക്ഷണത്തിൽ നിന്ന് മാറി, ആതിഥേയത്വത്തിന്റെ ഉന്നതതലത്തെയാണ് ഇവിടെ വിഭവങ്ങളുടെ സമൃദ്ധിയിലൂടെ കാണിക്കുന്നത്. അയലയും കരിമീനും ചെമ്മീനും ഒന്നിച്ച് ഊണുമേശപ്പുറത്തെത്തുന്നത് സാമ്പത്തികശേഷിയെയും വിരുന്നിന്റെ ആഢ്യത്വത്തെയുമാണ് സൂചിപ്പിക്കുന്നത്. പ്രകൃതിദത്തമായ കുടംപുളി ചേർത്തുണ്ടാക്കുന്ന ചെമ്മീൻകറി മലയാളിയുടെ, പ്രത്യേകിച്ച് തെക്കൻ കേരളത്തിന്റെ പാചകരീതിയുടെ സാംസ്കാരിക പ്രൗഢിയെ അടയാളപ്പെടുത്തുന്നു. ചെറുമണി ചോറിന്റെ വെൺമയെ തുമ്പപ്പൂ നിറത്തോട് ഉപമിക്കുമ്പോൾ, അത് ശുദ്ധിയുടെയും മികവുറ്റ പാചകത്തിന്റെയും പ്രതീകമാകുന്നു.

'ഉണ്ണാൻ വാ മച്ചുനനേ' എന്ന പ്രയോഗത്തിൽ കൃത്യമായ ഒരു ലിംഗരാഷ്ട്രീയം ദർശിക്കാൻ കഴിയും. ആൺകഥാപാത്രത്തെ ഉപചാരപൂർവ്വം ക്ഷണിക്കുന്നതും, അവന്റെ മനസ്സും ശരീരവും തൃപ്തിപ്പെടുത്താൻ നായിക ശ്രമിക്കുകയും ചെയ്യുന്നതിലൂടെ രുചികരമായ വിഭവങ്ങൾ ഒരുക്കിവെക്കുന്നത് സ്ത്രീയുടെ ഗാർഹിക കടമയായി മാറുന്നു. ഇവിടെ രുചി എന്നത് പുരുഷനെ പ്രീതിപ്പെടുത്താനും ബന്ധങ്ങളെ ശക്തിപ്പെടുത്താനുമുള്ള ഒരു മാധ്യമമായി ഉപയോഗിക്കുന്നു.

"വെണ്ടയ്ക്ക സാമ്പാറില് കൈപ്പയ്ക്ക വെള്ളരിയ്ക്ക..."

മീൻ വിഭവങ്ങളിൽ തുടങ്ങി പിന്നീട് നിരത്തുന്നത് പൂർണ്ണമായും നാടൻ സസ്യവിഭവങ്ങളാണ്; സാമ്പാർ, അവിയൽ, പച്ചടി, കിച്ചടി എന്നിങ്ങനെ പോകുന്നു അവ. ഭക്ഷണത്തിൽ നിലനിന്നിരുന്ന ജാതീയമായോ സാമുദായികമായോ ഉള്ള വേർതിരിവുകളെ (സസ്യഭക്ഷണം വരേണ്യം, മാംസാഹാരം അവർണ്ണം) ഈ വരികൾ മറികടക്കുന്നു. ഒരു മലയാളി വീടിന്റെ ഭക്ഷണമേശയിൽ മാംസവും സസ്യവിഭവങ്ങളും തോളോട് തോൾ ചേർന്ന് നിൽക്കുന്ന ജനാധിപത്യപരമായ സാംസ്കാരിക സന്തുലിതാവസ്ഥ ഈ ഗാനത്തിൽ അവതരിപ്പിക്കപ്പെടുന്നു.

"കുടിക്കാൻ ചുക്കുവെള്ളം, ചടഞ്ഞിരിക്കാൻ പുൽപ്പായ..."

കേവലം കനത്ത ഭക്ഷണം നൽകുക മാത്രമല്ല, ദഹനപ്രക്രിയയ്ക്ക് ആവശ്യമായ ചുക്കുവെള്ളവും വിശ്രമിക്കാനുള്ള പുൽപ്പായയും ഇവിടെ കരുതുന്നു. ആഹാരത്തെയും ആതിഥേയത്വത്തെയും കേവലം വയറുനിറയ്ക്കൽ എന്നതിൽ നിന്ന് മാറ്റി, ശരീരത്തിന്റെ വീണ്ടെടുപ്പും ആശ്വാസവുമാണെന്ന പാരമ്പര്യ കാഴ്ചപ്പാടിനെ ഇത് എടുത്തുകാട്ടുന്നു.

1960-ൽ പുറത്തിറങ്ങിയ 'ഉമ്മ' എന്ന ചിത്രത്തിനായി പി. ഭാസ്കരൻ എഴുതിയ 'കദളിവാഴക്കൈയിലിരുന്ന്' എന്ന ഗാനം ഏറെ ശ്രദ്ധേയമാണ്. വിരുന്നുകാരന്റെ സ്വത്വവും ഭക്ഷണത്തിലെ സാമ്പത്തിക-സാംസ്കാരിക മൂല്യവും ഈ ഗാനത്തിൽ കാണാം. ഈ ഗാനത്തിന്റെ ഏറ്റവും വലിയ സവിശേഷത, വീട്ടിലേക്ക് വരുന്ന ആൾ ആരാണ് എന്നതിനനുസരിച്ച് നൽകുന്ന ഭക്ഷണത്തിലും സൽക്കാരത്തിലും വരുത്തുന്ന വേർതിരിവാണ്.

"മാരനാണ് വരുന്നതെങ്കിൽ
മധുരപ്പത്തിരി വെക്കണം
മാവ് വേണം വെണ്ണ വേണം
പൂവാലിപ്പശുവേ പാൽതരണം..."

ISSN No: 3049-0316

മാരൻ/പ്രണയിതാവാണ് വരുന്നതെങ്കിൽ ഒരുക്കുന്നത് മധുരപ്പത്തിരിയാണ്. അരിമാവും വെണ്ണയും പാലും ചേർത്തുണ്ടാക്കുന്ന മധുരപ്പത്തിരി കേവലം വയറുനിറയ്ക്കാനുള്ള ഭക്ഷണം മാത്രമല്ല; മറിച്ച് പ്രണയത്തിന്റെയും സാമ്പത്തിക സമൃദ്ധിയുടെയും വരേണ്യതയുടെയും അടയാളമാകുന്നു. ഉത്തമ വിഭവങ്ങൾ പ്രിയപ്പെട്ടവനായി മാറ്റിവെക്കുന്നതിലൂടെ പ്രണയത്തെ ആഹാരവുമായി ഇവിടെ ബന്ധിപ്പിക്കുന്നു.

"വയസ്സനാണ് വരുന്നതെങ്കിൽ അയലയും ചോറും നൽകണം." വയോധികനായ വിരുന്നുകാരന് നൽകുന്നത് എളിയ ഭക്ഷണമായ അയലയും ചോറുമാണ്. മധുരപ്പത്തിരിയും വെണ്ണയും മാറ്റിനിർത്തി അയലക്കറിയും ചോറും നൽകുന്നതിലൂടെ വിരുന്നുകാരന്റെ 'മൂല്യത്തിന്' അനുസരിച്ച് ഭക്ഷണം മാറിനിൽക്കുന്ന സാംസ്കാരിക ശ്രേണി ഇവിടെ പ്രകടമാകുന്നു. അതേസമയം, പല്ലില്ലാത്ത ആ വയോധികന് വെറ്റില ഇടിച്ചു കൊടുക്കണം എന്ന് പറയുമ്പോൾ, ഭക്ഷണത്തോടൊപ്പം മുതിർന്നവരോടുള്ള ആതിഥേയത്വത്തിന്റെ കരുതലും കാണാൻ കഴിയും.

മലയാള സിനിമയിൽ പൊതുവേ കാണുന്ന സദ്യ, പായസം തുടങ്ങിയ വരേണ്യ ഭക്ഷണസംസ്കാരത്തിനൊപ്പം മലബാർ മാപ്പിള സംസ്കാരത്തിന്റെ തനതു വിഭവങ്ങളായ മധുരപ്പത്തിരി, അയലക്കറി എന്നിവയെ പാട്ടിന്റെ കേന്ദ്രപ്രമേയമാക്കുന്നത് വഴി സാംസ്കാരിക അന്തരീക്ഷത്തിന് പുതിയ മാനങ്ങൾ നൽകുന്നു. 'പൂവാലിപ്പശുവേ പാൽ തരണം' എന്ന് പാടുമ്പോൾ ആഹാരം എന്നത് കമ്പോളത്തിൽ നിന്ന് വാങ്ങുന്ന ഒന്നല്ലെന്നും, വീട്ടുമുറ്റത്തെ കൃഷിയും മൃഗപരിപാലനവുമായി ബന്ധപ്പെട്ട തനത് ജീവിതത്തിന്റെ പ്രതീകമാണെന്നും വ്യക്തമാകുന്നു. വിരുന്നുകാരൻ വരുമ്പോൾ എന്ത് വെച്ചുവിളമ്പണം, അവരെ എങ്ങനെ സൽക്കരിക്കണം എന്ന് തീരുമാനിക്കുന്നതും അത് നടപ്പിലാക്കുന്നതും സ്ത്രീയുടെ ഉത്തരവാദിത്തമാണെന്ന മലയാളിയുടെ സാംസ്കാരികബോധത്തെ ഈ ഗാനം കാട്ടിത്തരുന്നു.

ആഷിഖ് അബു സംവിധാനം ചെയ്ത് 2011-ൽ പുറത്തിറങ്ങിയ 'സോൾട്ട് ആൻഡ് പെപ്പർ' എന്ന ചിത്രത്തിലെ, റഫീഖ് അഹമ്മദ് എഴുതി ബിജിബാൽ സംഗീതം നൽകി പുഷ്പവതി ആലപിച്ച "ചെമ്പാവു പുന്നെല്ലിൻ ചോറോ..." എന്ന ഗാനം മലയാള സിനിമയിലെ ഭക്ഷണപ്രമേയങ്ങളിൽ വലിയൊരു വഴിത്തിരിവായിരുന്നു. അതിൽ ഈ ഗാനം കേവലം പശ്ചാത്തല സംഗീതമല്ല; മറിച്ച് കഥാപാത്രങ്ങളുടെ വൈകാരിക തലങ്ങളെയും മലയാളി സമൂഹത്തിലെ സാംസ്കാരിക-ആഹാര പാരമ്പര്യത്തെയും അടയാളപ്പെടുത്തുന്ന ഒരു സ്വതന്ത്ര ഗാനം കൂടിയാണ്.

"ചെമ്പാവു പുന്നെല്ലിൻ ചോറോ...
നിന്റെ മുത്താരം മിന്നുന്ന മുല്ലപ്പൂച്ചിരിയോ..."

വരേണ്യ സങ്കൽപ്പങ്ങളിൽ എപ്പോഴും 'വെളുത്ത അരിയും' 'വെളുത്ത ചിരിയുമാണ്'' അഴകിന്റെ അടയാളമായിരുന്നത്. എന്നാൽ ഇവിടെ 'ചെമ്പാവ്' (കർഷകരുടെയും അധ്വാനിക്കുന്നവരുടെയും പാരമ്പര്യ അരി) എന്ന ചുവന്ന അരിയുടെ നിറത്തെയും നാടൻ തനിമയെയുമാണ് പ്രണയത്തിന്റെ പരമോന്നത രൂപമായി ഉപമിക്കുന്നത്. വരേണ്യ സൗന്ദര്യ സങ്കൽപ്പങ്ങളെ കീഴ്മേൽ മറിക്കുന്ന ഒരു സാംസ്കാരിക പ്രഖ്യാപനമാണിത്.

"മുളകരച്ചൊരുക്കിയ
പരൽമീനിൻ കറി...
കൂട്ടീട്ടെരിവുകൊണ്ടിടംകണ്ണ് തുടിച്ചവനേ..."

കടൽമീനുകൾക്കോ വലിയ മീനുകൾക്കോ പകരം ഗ്രാമീണ തോടുകളിൽ ലഭിക്കുന്ന നാടൻ 'പരൽമീൻ' ഇവിടെ വിഭവമാകുന്നു. അരച്ച മുളകിന്റെ എരിവുകൊണ്ട് കണ്ണ് തുടിക്കുന്നത് കേവലം ഭക്ഷണാനുഭവം മാത്രമല്ല;മറിച്ച് അത് ലൈംഗികതയുടെയുംആൺ-പെൺ ആകർഷണത്തിന്റെയും ശാരീരിക പ്രതിഫലനമാണ്.

"പഞ്ചാരപ്പാലടപ്രഥമൻ
തൃശനിലതന്നിൽ വിളമ്പുമ്പോൾ
ഒഴുകിടാതെ...
വലങ്കൈയ്യാൽ ഇടങ്കൈയ്യാൽ വടിച്ചും
തടുത്തും
പ്രണയം പോൽ പരക്കുന്ന മനപ്പായസം..."

 ISSN No: 3049-0316

വരേണ്യ സദ്യയിലെ പ്രധാനിയായ പാലടപ്രഥമൻ ഇലയിൽ ഒഴുകിപ്പരക്കുമ്പോൾ ഇരു കൈകളും കൊണ്ട് വടിച്ചു തടുക്കാൻ ശ്രമിക്കുന്ന ദൃശ്യം, മനുഷ്യന്റെ നിയന്ത്രണങ്ങൾക്കും സാംസ്കാരിക അതിരുകൾക്കും വഴങ്ങാത്ത പ്രണയത്തിന്റെ അനിയന്ത്രിതമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു.

"പഴം പുളിശ്ശേരി ചാറിൽ പിടിക്കുമ്പോൾ
വഴക്കണ മധുരമാമ്പഴം പോലെ വലയ്ക്കുന്നോളേ..."

വിഭവത്തിന്റെ ഘടനയെയും അനുഭൂതിയെയും വ്യക്തിബന്ധങ്ങളുമായി സമർത്ഥമായി ബന്ധിപ്പിക്കുന്നു. കൈയ്യിൽ നിന്ന് വഴുതിപ്പോകുന്ന മാമ്പഴം പ്രണയിനിയുടെ മനസ്സിലാക്കാൻ പ്രയാസമുള്ള സ്വഭാവത്തിന്റെ പ്രതീകമാണ് അവതരിപ്പിക്കുന്നത് .

"വരിക്കപ്പൊഞ്ചക്കയേ
മടലുകൊത്തിനുറുനറെ
അരിഞ്ഞിട്ടങ്ങുടച്ചൊരുക്കി...
പഴുക്കപ്ലാവിലകൊണ്ട്
കയിൽ കുത്തി ചൂടുകഞ്ഞി
കുടിക്കുമ്പോൾ വിയർപ്പാറ്റാൻ അടുത്തു വായോ..."

ആഡംബര സദ്യകളിൽ നിന്ന് മാറി, മലയാളിയുടെ അതിജീവനകാലഘട്ടത്തിലെ കഞ്ഞിയും ചക്കക്കുരുവും വരികളിൽ നിറയുന്നു. ലാളിത്യത്തിലും പങ്കുവെക്കലിലുമാണ് യഥാർത്ഥ പ്രണയവും ഐക്യവും തളിർക്കുന്നത് എന്ന സന്ദേശമാണ് ഈ വരികൾ നൽകുന്നത്.

"വെൺമേഘപ്പത്തിരി താളിൽ
നല്ല താറാവിൻ ചൂടുള്ള
നാടൻ കറി വേണ്ടേ...
കുഴച്ചടച്ചൊരു പിടി പിടിക്കുവാൻ
വിളമ്പട്ടെ മുളങ്കുറ്റി നിറഞ്ഞ പുട്ടൊരിക്കൽക്കൂടി..."

ഈ പാട്ടിന്റെ ഏറ്റവും വലിയ രാഷ്ട്രീയമാനം ഇതിന്റെ അവസാന വരികളിലാണ്. മാപ്പിള/മലബാർ സംസ്കാരത്തിന്റെ 'പത്തിരിയും താറാവിൻകറിയും', മലയാളിയുടെ പൊതുവിഭവമായ 'മുളങ്കുറ്റിപ്പുട്ടും' അടുത്തടുത്ത വരികളിൽ നിരക്കുന്നു. സസ്യ-മാംസ ഭേദമന്യേ, പ്രാദേശിക-സാമുദായിക അതിരുകളില്ലാതെ എല്ലാ ഭക്ഷണങ്ങളെയും ഒരൊറ്റ സാംസ്കാരിക സഞ്ചയത്തിൽ കോർത്തിണക്കുകയാണ് റഫീഖ് അഹമ്മദ് ഇവിടെ ചെയ്യുന്നത്.

'പ്രൊപ്രൈറ്റേഴ്സ് കമ്മത്ത് & കമ്മത്ത്' (2013) എന്ന സിനിമയ്ക്ക് വേണ്ടി സന്തോഷ് വർമ്മ രചിച്ച 'സാദാ ദോശ, കല്ല ദോശ, തട്ട ദോശ' എന്ന ഗാനം കേവലം ഒരു പാട്ടോ വരികളുടെ കൂട്ടമോ അല്ല; മറിച്ച് കേരളീയ പൊതുമണ്ഡലത്തിലെ മാറിയ ഭക്ഷണസംസ്കാരത്തിന്റെയും അതിനുപിന്നിലെ രുചിരാഷ്ട്രീയത്തിന്റെയും കൃത്യമായ അടയാളപ്പെടുത്തലാണ്.

വൈവിധ്യങ്ങളുടെ ഭക്ഷണസംസ്കാരം പരമ്പരാഗതമായി വീടുകളിലെ അടുക്കളകളിൽ ഒതുങ്ങിനിന്നിരുന്ന 'സാദാ ദോശ', 'തട്ടുദോശ', 'കല്ലുദോശ' എന്നിവയിൽ നിന്ന് തുടങ്ങി, പ്രാദേശികവും ആധുനികവുമായ നഗര ഭക്ഷണരീതികൾ ഉൾക്കൊള്ളുന്ന വലിയൊരു നിര തന്നെ പാട്ടിൽ നിരത്തുന്നുണ്ട്. അടദോശ, ഗോതമ്പ് ദോശ, പച്ചരി ദോശ തുടങ്ങിയ നാടൻ രുചികൾക്കൊപ്പം റവ ദോശ, ചീസ് ദോശ, പനീർ ദോശ, ബോംബെ ദോശ, മൈസൂർ മസാല ദോശ തുടങ്ങിയ വടക്കേന്ത്യൻ/നഗര ദോശഭേദങ്ങളെയും പാട്ടിൽ ഒന്നിച്ചുചേർക്കുന്നു. ബീറ്റ്റൂട്ട്, ക്യാരറ്റ്, കാബേജ്, പുതിന, കാര ദോശ തുടങ്ങിയ വൈവിധ്യമാർന്ന പരീക്ഷണങ്ങൾ മലയാളി തന്റെ ഭക്ഷണശീലങ്ങളിൽ വരുത്തിയ മാറ്റങ്ങളെയും പരീക്ഷണോത്സുകതയെയുമാണ് കാണിക്കുന്നത്.

ഭക്ഷണം എന്നത് കേവലം വിശപ്പടക്കാനുള്ള മാർഗ്ഗമല്ല; മറിച്ച് അത് സംസ്കാരവും സ്വത്വവും രാഷ്ട്രീയവുമാണ്. *"തമിഴകത്തിന്റെ പെരുമ കാട്ടും..."* എന്ന് പാട്ടിൽ പറയുമ്പോൾ ദോശ എന്ന ജനകീയ

ആഹാരം അതിർത്തികൾ കടന്ന് ജനങ്ങളെ ഒന്നിച്ചുചേർക്കുന്ന മാധ്യമമാകുന്നു. വഴിയോരത്തെ തട്ടുകടകൾ ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ലാതെ എല്ലാവർക്കും ഒരുപോലെ പ്രാപ്യമായ ജനാധിപത്യപരമായ ഇടങ്ങളാണ്. പരമ്പരാഗതമായി സ്ത്രീകളുടെ സൗജന്യ അധ്വാനത്തിന്റെ ഭാഗമായി വീട്ടുതടവിലായിരുന്ന രുചിക്കൂട്ടുകൾ, 'ദോശക്കടകൾ' എന്ന സംരംഭങ്ങളിലൂടെ പൊതുമണ്ഡലത്തിലേക്ക് എത്തുകയും പ്രാദേശിക സാമ്പത്തികവ്യവസ്ഥയുടെ ഭാഗമാവുകയും ചെയ്തു.

"ആവോളം നെയ്യൊഴിച്ചു
കടലോളം സ്നേഹമിട്ട് ആരെയും
പാട്ടിലാക്കാൻ ചക്കരദോശ..."

എന്ന വരികൾ ഭക്ഷണത്തിലൂടെ മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുന്ന സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും രാഷ്ട്രീയത്തെയാണ് വരച്ചുകാട്ടുന്നത്. ഭക്ഷണത്തെ ഒരു സാംസ്കാരിക അനുഭവമായും കൂട്ടായ്മയുടെ ആഘോഷമായും മാറ്റിയെടുക്കാൻ ഈ ഗാനത്തിനും അതിലെ രുചിവർണ്ണനകൾക്കും സാധിച്ചിട്ടുണ്ട്.

പരമ്പരാഗത മാപ്പിളപ്പാട്ടിന്റെ തനത് ഈണത്തെ പുനരാവിഷ്കരിച്ചുകൊണ്ട് റഫീഖ് അഹമ്മദ് രചനയും ഗോപി സുന്ദർ സംഗീതസംവിധാനവും നിർവ്വഹിച്ച 'ഉസ്താദ് ഹോട്ടൽ' (2012) എന്ന ചിത്രത്തിലെ 'അപ്പങ്ങളെമ്പാടും' എന്ന ഗാനം മലബാർ അടുക്കളകളുടെ ഗാർഹിക ചട്ടക്കൂടുകളെയും ലിംഗ അസമത്വത്തെയും തമാശ കലർന്ന ശൈലിയിൽ തുറന്നുകാട്ടുന്നു.

"അപ്പങ്ങളെമ്പാടും ഒറ്റയ്ക്ക് ചുട്ടമ്മായി...
അമ്മായി ചുട്ടത് മരുമോനുക്കായി..."

കുടുംബത്തിലെ പുരുഷന്മാർക്കോ വിരുന്നുകാർക്കോ വേണ്ടി അടുക്കളയിലെ മുഴുവൻ അധ്വാനവും ഒറ്റയ്ക്ക് സഹിക്കേണ്ടിവരുന്ന സ്ത്രീയുടെ അവസ്ഥയാണ് ആദ്യ വരിയിൽത്തന്നെ തെളിയുന്നത്. പാചകം എന്നത് പ്രണയത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായി ചിത്രീകരിക്കപ്പെടുമ്പോഴും, അതിനുപിന്നിലെ സ്ത്രീയുടെ കഠിനാധ്വാനം പലപ്പോഴും അദൃശ്യമായിപ്പോകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

"കഞ്ഞിവെച്ചു പുട്ടുകുത്തി...
അമ്മായിക്ക് പുട്ടുകുത്തി
വട്ടായിപ്പോയി വട്ടായിപ്പോയി..."

കഞ്ഞിവെപ്പും പുട്ടുകുത്തലും ആവർത്തിച്ചു ചെയ്യേണ്ടിവരുന്ന അടുക്കളപ്പണികളുടെ വിരസതയെ നമുക്കിവിടെ കാണാൻ കഴിയും. ഒരേ ജോലികൾ വിശ്രമമില്ലാതെ തുടരുമ്പോൾ സ്ത്രീ അനുഭവിക്കുന്ന ശാരീരിക-മാനസിക തളർച്ചയെ "വട്ടായിപ്പോയി" എന്ന പ്രയോഗത്തിലൂടെ ഹാസ്യത്തിന്റെ മറവിൽ ആവിഷ്കരിക്കുന്നു.

"വേവാതെ പോയി വേവേറിപ്പോയി...
ചൂടേറിപ്പോയി ചൂടാറിപ്പോയി...
വേഗം വേഗം വേഗം തോരെ തോരെ വിളമ്പി..."

കൃത്യമായ വേവും ചൂടും അളവും പാലിച്ചില്ലെങ്കിൽ പാചകം മോശമാകുമെന്ന പേടി സ്ത്രീകളെ എപ്പോഴും സമ്മർദ്ദത്തിലാക്കുന്നു. രുചികരവും തകരാറില്ലാത്തതുമായ ഭക്ഷണം വിളമ്പുക എന്നത് കുടുംബാംഗങ്ങളെയും അതിഥികളെയും പ്രീതിപ്പെടുത്താനുള്ള സ്ത്രീയുടെ ബാധ്യതയായി മാറുമ്പോൾ, ചെറിയ തെറ്റുകൾ പോലും വലിയ കുറ്റമായി വിലയിരുത്തപ്പെടുന്നു എന്നത് ഇന്നും കേരളീയ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യമാണ്. അപ്പവും പുട്ടും കഞ്ഞിയും ഒരുക്കി 'വട്ടായിപ്പോകുന്ന' അമ്മായിയുടെ രൂപം, കുടുംബങ്ങൾക്കുള്ളിൽ സ്ത്രീ അനുഭവിക്കുന്ന അദൃശ്യവും വേതനമില്ലാത്തതുമായ അധ്വാനത്തെയാണ് അടയാളപ്പെടുത്തുന്നത്. തനത് ഭക്ഷണങ്ങളുടെ നിരയിലൂടെ മലബാർ ആഹാരസംസ്കാരത്തെ ജനപ്രിയമാക്കുമ്പോഴും, അടുക്കളകൾ സ്ത്രീക്ക് നൽകുന്ന ശാരീരിക-മാനസിക അസ്വസ്ഥതകളെ ഈ വരികൾ തുറന്നുകാട്ടുന്നു.

'തല്ലുമാല' (2022) എന്ന ചിത്രത്തിൽ മുഹ്സിൻ പരാരി എഴുതിയ "കണ്ണിൽ പെട്ടോളെ..." എന്ന് തുടങ്ങുന്ന ഗാനത്തിന്റെ ഇടയിൽ വരുന്ന:

 ISSN No: 3049-0316

“അള്ളാനേ നിന്നേ കണ്ടാൽ
മോരും കാച്ചി തേങ്ങാച്ചോറിൽ
ബീഫും കൂട്ടി പപ്പടമോടെ
കഴിച്ചുകഴിഞ്ഞു സേമിയ പായസം
തന്നൊരു ദിക്കിൽ കണ്ടൊരു
നിന്നെപ്പോലെ തന്നെ...”

എന്ന വരികൾ മലയാള സിനിമാ ഗാനങ്ങളിലെ രുചിരാഷ്ട്രീയത്തിന്റെ ഏറ്റവും പുതിയ ഘട്ടത്തെ അടയാളപ്പെടുത്തുന്നതാണ്. പഴയകാല ഗാനങ്ങളിൽ ‘സദ്യ’ എന്നാൽ സസ്യവിഭവങ്ങൾ മാത്രമുള്ള സവർണ്ണ ആഢ്യത്വത്തിന്റെ പ്രതീകമായിരുന്നെങ്കിൽ, ആധുനിക മലയാള സിനിമ സസ്യ-മാംസ വിഭവങ്ങളെ ഒരേ തട്ടിൽ അണിനിരത്തിക്കൊണ്ട് ഒരു സങ്കര രുചിമണ്ഡലം സൃഷ്ടിക്കുന്നു. ‘മോരുകാച്ചിയത്’, ‘തേങ്ങാച്ചോറ്’, ‘ബീഫ്’, ‘പപ്പടം’, ‘സേമിയ പായസം’ എന്നിവ അടുത്തടുത്ത വരികളിൽ നിരക്കുന്നു. സാമുദായികമായോ ജാതീയമായോ വേർതിരിക്കപ്പെട്ടിരുന്ന ആഹാരരീതികളെ ഒരൊറ്റ ഊണിലേക്ക് കൊണ്ടുവരുന്നതിലൂടെ സാമുദായിക അതിരുകൾ തകരുകയും, മലയാളിയുടെ ആഹാരശാലകളിലെ ബഹുസ്വരത വാഴ്ത്തപ്പെടുകയും ചെയ്യുന്നു.

ഇന്ത്യൻ പൊതുമണ്ഡലത്തിൽ ഭക്ഷണസ്വാതന്ത്ര്യവും ബീഫും വലിയ രാഷ്ട്രീയ ചർച്ചകൾക്ക് വഴിവെക്കുമ്പോൾ, മലയാള സിനിമ അതിനെ ജനാധിപത്യപരമായി സാധാരണവൽക്കരിക്കുകയും ആഘോഷമാക്കുകയും ചെയ്യുന്നു. “തേങ്ങാച്ചോറിൽ ബീഫും കൂട്ടി പപ്പടമോടെ...” എന്ന പ്രയോഗം സാംസ്കാരികമായ ഒരു പ്രതിരോധമാണ്. ഒരുകാലത്ത് സിനിമാപ്പാട്ടുകളിൽ ‘സഭ്യമല്ലാത്തത്’ എന്ന് മാറ്റിനിർത്തപ്പെട്ട കീഴാള/ന്യൂനപക്ഷ ഭക്ഷണങ്ങൾ ഇന്ന് നായകസങ്കൽപ്പത്തിന്റെയും പ്രണയാനുഭൂതിയുടെയും മുൻനിരയിലേക്ക് കടന്നുവരുന്നതിന്റെ തെളിവാണിത്.

പഴയ ഗാനങ്ങളിൽ പ്രണയിനിയെ “പാലടപ്രഥമൻ” അല്ലെങ്കിൽ “മാമ്പഴപ്പുളിശ്ശേരി” എന്നിവയോടാണ് ഉപമിച്ചിരുന്നതെങ്കിൽ, പുതിയ കാലത്തെ പാട്ടുകളിൽ അത് കൂടുതൽ ബോൾഡായ ‘കോംബോ’ വിഭവങ്ങളായി മാറുന്നു. പെണ്ണിനെ കാണുമ്പോൾ ഉണ്ടാകുന്ന സന്തോഷത്തെ കേവലം മധുരമുള്ള ഒരു പായസത്തോടു മാത്രമല്ല ഉപമിക്കുന്നത്; മറിച്ച് മോരുകാച്ചിയതിന്റെ പുളിയും, ബീഫിന്റെയും തേങ്ങാച്ചോറിന്റെയും എരിവും കൊഴുപ്പും, ഒടുവിൽ കുടിക്കുന്ന സേമിയ പായസത്തിന്റെ മധുരവും ചേർന്ന നിറവുള്ള ഒരു തൃപ്തിയായാണ് ആവിഷ്കരിക്കുന്നത്. പ്രണയം എന്നത് കേവലം കാഴ്ചയുടെ സൗന്ദര്യം മാത്രമല്ല, മറിച്ച് വയറും മനസ്സും നിറയുന്ന ആസ്വാദന അനുഭൂതി കൂടിയാണെന്ന ‘നവയുഗ ആസ്വാദനരീതി’ ഇവിടെ പ്രകടമാകുന്നു.

സസ്യവിഭവങ്ങളായ മോരുകാച്ചിയതും പപ്പടവും മലബാർ സാമുദായിക ആഹാരങ്ങളായ തേങ്ങാച്ചോറും ബീഫും മധുരമായ സേമിയ പായസവും ഒന്നിച്ച് അണിനിരക്കുന്നതിലൂടെ സാമുദായിക-ജാതീയ അതിരുകളില്ലാത്ത സാംസ്കാരിക ബഹുസ്വരതയാണ് ഇവിടെ ആവിഷ്കരിക്കപ്പെടുന്നത്. വരേണ്യ രുചികളെ മാത്രം ആഘോഷിച്ചിരുന്ന സ്ഥാനത്ത് ബീഫും നാടൻ കൂട്ടുകളും പ്രണയത്തിന്റെ പരമോന്നത ഉപമകളായി മാറുമ്പോൾ, അത് മലയാള സിനിമയിലെ രുചിരാഷ്ട്രീയത്തിന്റെ ജനാധിപത്യവൽക്കരണത്തെയാണ് കാണിക്കുന്നത്.

ഉപസംഹാരം

മലയാള ചലച്ചിത്ര ഗാനങ്ങളിലെ ഭക്ഷണപരാമർശങ്ങളെ മുൻനിർത്തിയുള്ള അന്വേഷണം കേവലം പാചകകലയുടെയോ രുചിവൈവിധ്യങ്ങളുടെയോ പട്ടികപ്പെടുത്തലല്ല. മറിച്ച് അത് കേരളീയ സമൂഹത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ പരിണാമങ്ങളുടെ സാക്ഷ്യപത്രമാണ്. ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമകളുടെ കാലഘട്ടം മുതൽ ആരംഭിക്കുന്ന ഗാനങ്ങളിൽ കണ്ട സവർണ്ണ-വരേണ്യ സദ്യാലോകങ്ങളിൽ നിന്നും, ആൺകോയ്മാ ഗാർഹിക ഘടനകളിൽ നിന്നും മലയാള സിനിമാസംഗീതം ഇന്ന് ഏറെ മുന്നോട്ടുപോയിരിക്കുന്നു. ആദ്യകാലങ്ങളിൽ സ്ത്രീയുടെ നിശ്ശബ്ദ അധ്വാനത്തെ ‘കാത്തിരിപ്പിന്റെ മധുരമായി,കാല്പനികത യായി ആവിഷ്കരിച്ചു എന്നാൽ ‘ഉസ്താദ് ഹോട്ടൽ’ പോലുള്ള പിൽക്കാല ചിത്രങ്ങളിലെ ഗാനങ്ങൾ അടുക്കള പണികളുടെ വിരസതയെയും സ്ത്രീ നേരിടുന്ന അദൃശ്യ സമ്മർദ്ദങ്ങളെയും തുറന്നുകാട്ടാൻ ധൈര്യം കാണിച്ചു.

ISSN No: 3049-0316

വരേണ്യ ആഢ്യത്വത്തിന്റെ പ്രതീകമായിരുന്ന 'വെളുത്ത അരിക്കും' സസ്യസദ്യകൾക്കും പകരമായി, ചെമ്പാവരി ചോറും, പരൽമീൻ കറിയും, പത്തിരിയും, തട്ടുദോശയും, ബീഫുമെല്ലാം പാട്ടുകളുടെ മുൻനിരയിലേക്ക് കടന്നുവന്നത് രുചിമണ്ഡലത്തിന്റെ ജനാധിപത്യവൽക്കരണത്തെയാണ് സൂചിപ്പിക്കുന്നത്. അരികുവൽക്കരിക്കപ്പെട്ട സംസ്കാരങ്ങളുടെയും കീഴാള/ന്യൂനപക്ഷ ഭക്ഷണങ്ങളുടെയും ഈ കടന്നുവരവ് മലയാളിയുടെ സാമുദായിക ഭിന്നതകളെ തകർക്കുകയും സങ്കരമായ ഒരു ബഹുസ്വരതയെ വാഴ്ത്തുകയും ചെയ്യുന്നു. ചുരുക്കത്തിൽ, മലയാള സിനിമയിലെ പാട്ടുകൾ വെറുമൊരു കേൾവി സുഖത്തിനപ്പുറം, മലയാളിയുടെ മാറുന്ന വിശപ്പുകളെയും, ലിംഗ-ജാതി രാഷ്ട്രീയങ്ങളെയും, പ്രാദേശിക സ്വത്വങ്ങളെയും പ്രതിഫലിപ്പിക്കുന്ന നിശബ്ദമായ സാംസ്കാരിക പ്രതിരോധങ്ങളായി ഇന്നും നിലകൊള്ളുന്നു.

ഗ്രന്ഥ സൂചി

1. ഗണേഷ് സി ,2023, രുചിയും ഭക്ഷണവും ആത്മബുക്സ് : കോഴിക്കോട്
2. പാമ്പരികുന്ന് പ്രദീപൻ ,2012,ജീവിതാനശ്വരഗാനം, ലീഡ് ബുക്സ് : കോഴിക്കോട്
3. https://you.be/puvbu06q5v8
4. https://youtu.be/0g-310muvq
5. https://youtu.be/zqw72wrqjnw

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

ആൺനോട്ടങ്ങളും പ്രതിരോധത്തിന്റെ അതിരുകളും: എം. സുകുമാരന്റെ 'പാറ'യിൽ



ബേബി റീന എസ്. *

സംഗ്രഹം

മലയാള സാഹിത്യത്തിലെ രാഷ്ട്രീയ നോവലുകളിൽ വർഗസമരത്തോടൊപ്പം ലിംഗഭേദ രാഷ്ട്രീയത്തെ പ്രതിപാദിക്കുന്ന പ്രമേയങ്ങൾ പലപ്പോഴും പുരുഷാധിപത്യ കാഴ്ചപ്പാടുകൾക്ക് വിധേയമാകാറുണ്ട്. 1970-ൽ എം. സുകുമാരൻ എഴുതിയ 'പാറ' എന്ന നോവലിനെ ആസ്പദമാക്കി, രാഷ്ട്രീയ ആഖ്യാനങ്ങളിലെ സ്ത്രീ പ്രതിനിധാനങ്ങളെയും പുരുഷകേന്ദ്രീകൃത ബോധങ്ങളെയും ആഴത്തിൽ പരിശോധിക്കുകയാണ് ഈ പ്രബന്ധം. കഥാസന്ദർഭങ്ങൾ, കഥാപാത്ര വിന്യാസം, ഘടനാപരമായ സവിശേഷതകൾ, പ്രയോഗങ്ങൾ, ഉദ്ധരണികൾ എന്നിവ വിശദമായി അപഗ്രഥിച്ചുകൊണ്ട് നോവലിലെ കുടുംബസങ്കൽപ്പങ്ങൾ, തൊഴിൽ അന്തരീക്ഷത്തിലെ ലിംഗപരമായ വേർതിരിവുകൾ, ലേബർ യൂണിയനുകളിലെയും അസോസിയേഷനുകളിലെയും സ്ത്രീസാന്നിധ്യം എന്നിവയിലെ ആൺഭാഷ്യങ്ങളെയും പ്രകടമായ ഇടതു-സ്ത്രീഭാവുകത്വത്തിന്റെ അതിരുകളെയും ഇവിടെ സമഗ്രമായി വിശകലനം ചെയ്യുന്നു.

താക്കോൽവാക്കുകൾ (Keywords): മലയാള രാഷ്ട്രീയ നോവൽ, ഇടതുപക്ഷ ഭാവുകത്വം, ആൺനോട്ടം, സ്ത്രീ പ്രതിനിധാനം, ലിംഗ രാഷ്ട്രീയം, വർഗസമരം, വാർപ്പുമാതൃകകൾ.

ആമുഖം: ഇടതുപക്ഷ ഭാവുകത്വവും മലയാള രാഷ്ട്രീയ നോവലുകളും

മലയാള കഥാ-നോവൽ ശാഖയിൽ തന്റേതായ ഏകാത്മകമായ കഥാപറച്ചിൽ രീതി കൊണ്ടും പ്രമേയപരമായ വേറിട്ട വഴികൊണ്ടും എടുത്തുപറയേണ്ട എഴുത്തുകാരനാണ് എം. സുകുമാരൻ. വ്യവസ്ഥിതിയോടും ഭരണകൂടഅനീതികളോടും നിസ്സഹായമായി ഏറ്റുമുട്ടുന്ന മനുഷ്യരുടെ വിപ്ലവാത്മകവും അതേസമയം ദുരന്തപൂർണ്ണവുമായ ജീവിതചിത്രങ്ങളാണ് അദ്ദേഹത്തിന്റെ രചനകളുടെ കാതൽ. 1970-ൽ പുറത്തിറങ്ങിയ 'പാറ' എന്ന നോവലും ഈ എഴുത്തുരീതിയുടെ തുടർച്ച തന്നെയാണ്. അധികം കഥാപാത്രങ്ങളില്ലാത്ത, ഏകമാനമായ ഘടനയിൽ കഥ പറയുന്ന രീതിയാണ് ഈ നോവൽ സ്വീകരിച്ചിട്ടുള്ളത്.

എന്നാൽ, ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രൂപപ്പെട്ട ഇടതുപക്ഷ സാഹിത്യ ഭാവുകത്വം വർഗപോരാട്ടങ്ങൾക്ക് അമിത പ്രാധാന്യം നൽകിയപ്പോൾ, ലിംഗഭേദപരമായ അനീതികളെ കാണാതെ പോവുകയോ അല്ലെങ്കിൽ അവയെ പുരുഷാധിപത്യപരമായ മുൻവിധികളോടെ സമീപിക്കുകയോ ചെയ്തു

* അസിസ്റ്റന്റ് പ്രൊഫസർ, ഭാരത മാതാ കോളേജ്, തൃക്കാക്കര & ഗവേഷക, മഹാരാജാസ് കോളേജ് എറണാകുളം, Affiliated to MG University

ISSN No: 3049-0316 വാല്യം 3 ലക്കം 1 ഒക്ടോബർ 2026

എന്ന വിമർശനം ശക്തി പ്രാപിച്ചിട്ടുണ്ട്. 'പാറ' എന്ന നോവലിനെ ഈയൊരു നിരീക്ഷണപ്പാതയിലൂടെ പരിശോധിക്കുമ്പോൾ, രാഷ്ട്രീയമായ പ്രതിരോധത്തിന്റെ ഭാഷ സംസാരിക്കുന്ന എഴുത്തുകാരന്റെ ആഖ്യാനത്തിൽ പോലും പരമ്പരാഗതമായ ആൺനോട്ടങ്ങളും സ്ത്രീവിരുദ്ധമായ വാർപ്പ് സങ്കൽപ്പങ്ങളും എത്രത്തോളം ആഴത്തിൽ വേരുന്നിയിരിക്കുന്നു എന്ന് കണ്ടെത്താനാകും.

നോവലിന്റെ പ്രമേയ വിശകലനവും കഥാസംഗ്രഹവും

പാലക്കാട് സ്വദേശിയായ വാസു എന്ന യുവാവും അയാളുടെ കുടുംബവുമാണ് നോവലിന്റെ കേന്ദ്ര പ്രമേയം. വാസു പത്താം ക്ലാസ് പലവട്ടം എഴുതിയെങ്കിലും വിജയിച്ചിട്ടില്ല. അയാൾക്ക് ആകെയുള്ളത് അമ്മയും ഒൻപത് വയസ്സിന് മൂത്ത സഹോദരിയായ രാജേടത്തിയുമാണ്. സ്വന്തമായി കുറച്ച് കൃഷിസ്ഥലമുണ്ടെങ്കിലും വാസു ജോലി തേടി അലയുകയാണ്. രാജേടത്തി അടുത്തുള്ള പോസ്റ്റ് ഓഫീസിൽ ജീവനക്കാരിയാണ്; അവർക്ക് ഹൃദയസംബന്ധമായ അസുഖമുണ്ട്. അനുദിനം ആരോഗ്യം ക്ഷയിച്ചു വരുന്ന അവസ്ഥയിലാണ് അവർ.

ഇതിനിടയിൽ വാസുവിന് തിരുവനന്തപുരത്ത് സർക്കാർ സർവീസിൽ താൽക്കാലികമായി ശിപായി ജോലി ലഭിക്കുന്നു. സ്ഥാപനത്തിലെ നിഷ്ഠുരനായ ഡയറക്ടറുടെ പ്രീതി സമ്പാദിച്ചാൽ ജോലി സ്ഥിരമാകുമെന്നും ഉമസ്തനായി സ്ഥാനക്കയറ്റം കിട്ടുമെന്നും അയാൾ കണക്കുകൂട്ടുന്നു. ഒരു ലോഡ്ജിൽ താമസിക്കുന്ന വാസുവിന് എങ്ങനെയെങ്കിലും ജീവിതത്തിൽ രക്ഷപ്പെടണമെന്നാണ് ആഗ്രഹം. ഓഫീസിൽ ഡയറക്ടറുടെ സ്വജനപക്ഷപാതത്തിനും ക്രൂരതകൾക്കുമെതിരെ മോഹൻദാസിന്റെ നേതൃത്വത്തിൽ യൂണിയൻ ശക്തമായ സമരം ആരംഭിക്കുന്നു. എന്നാൽ വാസു ആത്മാഭിമാനം പണയം വെച്ച് ഡയറക്ടറുടെ വീട്ടുജോലികളും സ്വകാര്യ ആവശ്യങ്ങളും നിർവ്വഹിച്ചുകൊടുത്ത് 'വിടുവേല' ചെയ്ത് ഗ്രഡ്ബുക്കിൽ കയറാൻ ശ്രമിക്കുന്നു.

ഇതിനിടയിൽ നാട്ടിൽ വാസുവിന്റെ അമ്മ മരിക്കുന്നു. പണം പിരിച്ചുനൽകി എല്ലാ സഹായങ്ങളും ചെയ്ത് വാസുവിനെ നാട്ടിലേക്ക് അയക്കുന്നത് യൂണിയൻ പ്രവർത്തകരും മോഹൻദാസുമാണ്. അമ്മ മരിച്ചതോടെ ഒറ്റയ്ക്കായ രാജേടത്തിയെ വാസു തിരുവനന്തപുരത്തേക്ക് കൊണ്ടുവരുന്നു. മോഹൻദാസിന്റെ പരിചയത്തിലുള്ള ഡോക്ടറെ കാണിക്കുന്നതിനിടയിൽ രാജേടത്തിയും മരണപ്പെടുന്നു. ഈ സമയത്തും വേണ്ട സഹായങ്ങളെല്ലാം ചെയ്യുന്നത് മോഹൻദാസും യൂണിയൻ പ്രവർത്തകരുമാണ്. തുടർന്നുള്ള ഘട്ടത്തിൽ ഓഫീസിലെ സമരം കൂടുതൽ രൂക്ഷമാകുന്നു. ആദ്യ ഘട്ടങ്ങളിൽ ഒഴിഞ്ഞുമാറിയ വാസു, ഒടുവിൽ താൻ ആർക്കൊപ്പമാണ് നിൽക്കേണ്ടത് എന്ന് തീരുമാനിക്കുകയും ഡയറക്ടർക്കെതിരെ സമരസഖാക്കൾക്കൊപ്പം അണിനിരക്കുകയും ചെയ്യുന്നു. മോഹൻദാസിനെ ഡയറക്ടർ സസ്പെൻഡ് ചെയ്യുന്നതോടെ, വിപ്ലവം പറഞ്ഞിരുന്ന ചില അസോസിയേഷൻ നേതാക്കളും ജീവനക്കാരും മോഹൻദാസിനെയും സമരത്തെയും വഞ്ചിച്ച്, മാപ്പെഴുതി ജോലിയിൽ പ്രവേശിക്കുന്നു. മോഹൻദാസ് ഒറ്റപ്പെടുന്നു. തുടർന്ന് വാസുവിന് പിരിച്ചുവിടൽ ഉത്തരവ് ലഭിക്കുകയും അയാൾ നാട്ടിലേക്ക് മടങ്ങുകയും ചെയ്യുന്നു. ആരുമില്ലാത്ത അവസ്ഥയിൽ സ്വന്തം തരിശുനിലത്ത് രണ്ട് കിണറുകൾ കുഴിച്ച് കൃഷി ചെയ്യാൻ ഒരുങ്ങുന്ന വാസു തോൽക്കാൻ കൂട്ടാക്കാതെ വീണ്ടും പോരാടാൻ തുടങ്ങുന്നുവെന്ന സന്ദേശത്തോടെയാണ് നോവൽ അവസാനിക്കുന്നത്.

കുടുംബം, സ്വാശ്രയത്വം, പുരുഷകേന്ദ്രീകൃത നിലപാടുകൾ

'പാറ'യിലെ സ്ത്രീ കഥാപാത്രങ്ങൾ തികച്ചും പരിമിതമാണ്. മുഖ്യമായി അമ്മ, സഹോദരി രാജേടത്തി, വാസുവിന്റെ പ്രണയമെന്ന് കരുതുന്ന സൗദാമിനി, അയൽവാസിയായ കേശവൻനായരുടെ ഭാര്യ കാർത്ത്യായനി, സഹായിയായ അമ്മുത്തള്ള, ഓഫീസിലെ സ്റ്റെനോഗ്രാഫറായ കമലാക്ഷി എന്നിവരാണ് അവർ. ഇതിൽ കുടുംബാംഗങ്ങളായ അമ്മയും രാജേടത്തിയും നന്മയുടെയും ത്യാഗത്തിന്റെയും പരമ്പരാഗത പ്രതിരൂപങ്ങളായി മാത്രം നിലകൊള്ളുന്നു.

1. സ്വന്തം നിലപാടുകളില്ലാത്ത സ്ത്രീരൂപങ്ങൾ

അമ്മയും ജ്യേഷ്ഠത്തിയും പാരമ്പര്യത്തിന്റെ ചിട്ടവട്ടങ്ങളെ ലംഘിക്കാതെ, സ്വന്തമായ ആഗ്രഹങ്ങളെല്ലാം മാറ്റിവെച്ച് കുടുംബത്തിന്റെയും മകന്റെയോ സഹോദരന്റെയോ നന്മയ്ക്കായി മാത്രം നിലകൊള്ളുന്ന പരമ്പരാഗത വേഷങ്ങളാണ്. സ്വന്തമായ ആഗ്രഹങ്ങളോ നിലപാടുകളോ പങ്കുവെക്കാൻ അവർക്ക് സാധിക്കുന്നില്ല. അമ്മ പ്രകടിപ്പിക്കുന്ന ഏക ആഗ്രഹം അവർ നട്ടുവളർത്തിയ മാവ് തന്നെ അവർ മരിച്ചാൽ സംസ്കാരത്തിനായി

 ISSN No: 3049-0316

ഉപയോഗിക്കണം എന്നത് മാത്രമാണ്. ജീവിച്ചിരിക്കുമ്പോൾ സ്വന്തമായ വ്യക്തിത്വമോ ആഗ്രഹങ്ങളോ പ്രകടിപ്പിക്കാൻ അനുവദിക്കപ്പെടാത്ത സ്ത്രീക്ക്, മരണശേഷമുള്ള ആഗ്രഹങ്ങൾ മാത്രമാണ് സാഹിത്യത്തിൽ ബാക്കിയാകുന്നത് എന്നത് ശ്രദ്ധേയമാണ്.

2. സ്വാശ്രയത്വമില്ലായ്മയും ആൺ-അധികാരത്തോടുള്ള ഒത്തുതീർപ്പും

സ്വന്തമായി കൃഷി ചെയ്യാവുന്ന ഭൂമിയുണ്ടായിരുന്നിട്ടും അത് ചെയ്യാനോ, അല്ലെങ്കിൽ വാസുവിനെ കൃഷിയിലേക്ക് തിരിച്ചുവിട്ട് സ്വയംപര്യാപ്തത നേടാനോ ഈ സ്ത്രീ കഥാപാത്രങ്ങൾ മുതിരുന്നില്ല. പുരുഷാധിപത്യ പരമായ കുടുംബ വ്യവസ്ഥയ്ക്കുള്ളിൽ സ്വയം സമർപ്പിച്ച് പിന്നിലേക്ക് പോകാനാണ് അവർ ശ്രമിക്കുന്നത്. കുടുംബത്തിന്റെ നിയന്ത്രണം കുറച്ചുകൂടി യാഥാർത്ഥ്യബോധത്തോടെ അവർ ഏറ്റെടുത്തിരുന്നെങ്കിൽ കഥാഗതി തന്നെ മാറിമറിയുമായിരുന്നു. ചികിത്സ എന്ന അടിയന്തര പ്രാധാന്യമുള്ള കാര്യം പോലും അവർ മാറ്റിവെക്കുന്നു. 32 വയസ്സുവരെ മാത്രമേ തനിക്ക് ആയുസ്സുള്ളൂ എന്ന് ജാതകത്തിൽ പറഞ്ഞിട്ടുണ്ടെന്ന ന്യായീകരണം രാജേടത്തി ഉന്നയിക്കുന്നത് ഇതിന് തെളിവാണ്. അതായത്, ശാസ്ത്രീയമായ ചികിത്സ തേടുന്നതിനേക്കാൾ അന്ധവിശ്വാസങ്ങളിലോ വിധിവൈപരീത്യങ്ങളിലോ വിശ്വസിച്ച് സ്വന്തം ജീവിതം നിഷ്ക്രിയമാക്കുകയാണവർ.

3. സഹോദരസ്നേഹത്തിലെ ശുദ്ധമായ പുരുഷസ്വാർത്ഥത

സഹോദരിയെ ചികിത്സയ്ക്ക് കൊണ്ടുപോകുമ്പോൾ വാസുവിൽ നിറയുന്നത് സഹോദരസ്നേഹമാണെന്ന് തോന്നാമെങ്കിലും, അതിനുള്ളിൽ പുരുഷന്റെ സ്വാർത്ഥമായ ആവശ്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. നോവലിൽ വാസു ആത്മഗതം ചെയ്യുന്നത് കാണുക:

"ആ രാജേടത്തി മാത്രമേ ഇനിയൊരു തണലായുള്ളൂ. ആ തണൽ നഷ്ടപ്പെടുത്തിക്കൂടാ..."

"രാജേടത്തി ജീവിക്കണം... തനിക്കൊരു താങ്ങായി." (പേജ് 99)

സഹോദരിയുടെ സ്വതന്ത്രമായ നിലനിൽപ്പോ ജീവിതമോ അല്ല വാസു കാംക്ഷിക്കുന്നത്; മറിച്ച് തനിക്കൊരു തണലായും താങ്ങായും ഒരു സ്ത്രീ കൂടെ വേണം എന്ന സ്വാർത്ഥ ചിന്തയാണ്. പുരുഷകേന്ദ്രീകൃത വ്യവസ്ഥയിൽ സ്ത്രീ എപ്പോഴും പുരുഷന്റെ വൈകാരികവും ഭൗതികവുമായ താങ്ങായി മാറാൻ ബാധ്യസ്ഥയാണെന്ന ചിന്ത തന്നെയാണ് ഇവിടെയും തെളിയുന്നത്.

4. തൊഴിലിടം, സ്ത്രീ ആവിഷ്കാരം, ആൺനോട്ടങ്ങൾ

കുടുംബാന്തരീക്ഷത്തിന് പുറത്തുള്ള സ്ത്രീകളെ നോവലിൽ ചിത്രീകരിച്ചിരിക്കുന്നത് തികച്ചും ആൺകോയ്മ ബോധത്തോടെയും മുൻവിധികളോടെയുമാണ്.

1. കമലാക്ഷിയും 'വഞ്ചകിയായ സ്ത്രീ' എന്ന വാർപ്പ് മാതൃകയും

ഓഫീസിലെ സ്റ്റെനോഗ്രാഫറായ കമലാക്ഷി നിഷ്ഠുരനായ ഡയറക്ടറുടെ പ്രീതി നേടിയ വ്യക്തിയാണ്. ഡെസ്പാച്ചിലെ ജീവനക്കാരൻ ജോസഫ് മരിച്ച ദിവസം അനുശോചനയോഗം കൂടാൻ എല്ലാവരും പുറത്ത് ഒന്നിച്ച ദിവസം കമലാക്ഷി ഓഫീസിലെ മറ്റൊരു ജീവനക്കാരനുമായി പ്രണയലീലയിൽ ഏർപ്പെടുന്നു. ഡയറക്ടറുടെ കണ്ണടയെടുക്കാൻ തിരിച്ചുവരുന്ന വാസു ഇത് കാണുന്നുണ്ട്. പിന്നീട് ഈ പ്രണയപുരുഷൻ കമലാക്ഷിയെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുന്നുമുണ്ട്.

കമലാക്ഷിയെക്കുറിച്ചും മറ്റ് സ്ത്രീ ജീവനക്കാരെക്കുറിച്ചുമുള്ള വാസുവിന്റെ മാനസിക വ്യാപാരങ്ങളിലെല്ലാം പുരുഷന്റെ ഒളിഞ്ഞുനോട്ടവും അവിശ്വാസവും നിറഞ്ഞുനിൽക്കുന്നു. നോവലിലെ വരികൾ ശ്രദ്ധിക്കുക:

"പക്ഷേ, ഒരുകാര്യം മറക്കരുത്. കമലാക്ഷി ഡയറക്ടറുടെ സ്റ്റെനോഗ്രാഫറാണ്. പി.എ. കഴിഞ്ഞാൽ അടുത്ത സ്ഥാനം അവർക്കാണ്. അവർ വിചാരിച്ചാൽ ചിലതൊക്കെ നടന്നു എന്നുവരും. തനിക്ക് കമലാക്ഷിയെപ്പറ്റി പറഞ്ഞുനടക്കാനുള്ള ധൈര്യമുണ്ടാവില്ല. കാരണം, അവർ സ്ത്രീയാണ്... നുണ പ്രചരിപ്പിക്കാൻ കഴിവുണ്ടാവും. നല്ലൊരു സന്ദർഭം നോക്കി ഡയറക്ടറോട് തന്നെപ്പറ്റി എന്തെങ്കിലും പറഞ്ഞു കൊടുത്താൽ മതി. സംശയത്തിന്റെ വിത്ത് ഡയറക്ടറുടെ മനസ്സിൽക്കിടന്നു വളരും... ഒടുവിൽ അസോസിയേഷനിൽ അംഗമായതും മോഹൻദാസുമായുള്ള പരിചയവും കണ്ടുപിടിക്കപ്പെടും. അതോടെ തിരശ്ശീല വീഴുന്നു..." (പേജ് 88)

ഇവിടെ "അവർ സ്ത്രീയാണ്... നഗ്ന പ്രചരിപ്പിക്കാൻ കഴിവുണ്ടാവും" എന്ന പരാമർശം തികച്ചും സ്ത്രീവിരുദ്ധവും പുരുഷാധിപത്യപരമായ പൊതുബോധത്തിൽ നിന്ന് ഉരുത്തിരിഞ്ഞതുമാണ്. നഗ്ന പ്രചരിപ്പിക്കുന്നത് സ്ത്രീകളുടെ സഹജസ്വഭാവമാണെന്ന വാർപ്പുമാതൃക സൃഷ്ടിക്കുകയാണ് ഇവിടെ ആഖ്യാതാവ് ചെയ്യുന്നത്.

2. സാമൂഹിക രൂപീകരണങ്ങളിലെ ലിംഗപരമായ മുൻവിധികൾ

സമൂഹത്തിലെ മറ്റ് സ്ത്രീകളെ നോക്കിക്കാണുന്നതിലും വാസുവിന്റെ കാഴ്ചപ്പാടിൽ ആൺകോയ്മ നിറഞ്ഞുനിൽക്കുന്നുണ്ട്. ക്ഷേത്രത്തിലെ പൂജാരിയുടെ മകളെക്കുറിച്ചുള്ള പരാമർശം നോക്കുക:

"ഉച്ചപ്പൂജയ്ക്ക് ഇനിയും അരമണിക്കൂർ കഴിയണം. പൂജാരി തിടപ്പള്ളിയിൽ നിവേദ്യമുണ്ടാക്കുന്ന തിരക്കിലാണ്. മകൾ അലമേലു മുറ്റം അടിച്ചുവാരുന്നു. പൂജാരിയുടെ ഏകമകളാണ് അലമേലു. വയസ്സ് ഇരുപത്തിരണ്ടു കഴിഞ്ഞിട്ടും വിവാഹം കഴിഞ്ഞിട്ടില്ല. ആരും അവളെ വിവാഹം കഴിക്കുകയുമില്ല. കാരണം അവൾ ഊമയാണ്." (പേജ് 23)

ഊമയായ ഒരു പെൺകുട്ടിയെ പുരുഷന്മാർ ആരും വിവാഹം കഴിക്കില്ല എന്ന അടിയുറച്ച സാമാന്യവൽക്കരണം ആഖ്യാതാവിന്റെ മുൻവിധിയെയാണ് വ്യക്തമാക്കുന്നത്.

രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്ത്രീകളുടെ അസാന്നിധ്യവും

എം. സുകുമാരന്റെ നോവലുകളിലെ പ്രധാന തീം വ്യവസ്ഥിതിക്കെതിരെയുള്ള തൊഴിലാളിവർഗ്ഗ പോരാട്ടമാണ്. എന്നാൽ ഈ വിപ്ലവ പ്രസ്ഥാനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ച് നോവൽ നൽകുന്ന സൂചനകൾ തികച്ചും നിരാശാപരമാണ്.

1. ലേബർ യൂണിയനുകളും സ്ത്രീ വിരുദ്ധ ആഖ്യാനങ്ങളും

നൂറുകണക്കിന് ജീവനക്കാരുള്ള ഒരു സർക്കാർ സ്ഥാപനത്തിൽ സ്ത്രീകൾ യൂണിയൻ സമരങ്ങളെ പുച്ഛത്തോടെയാണ് കാണുന്നത് എന്ന ആഖ്യാനമാണ് നോവൽ മുന്നോട്ടുവെക്കുന്നത്. അസോസിയേഷന്റെ ചരിത്രം വിവരിക്കുന്ന ഭാഗത്ത് നോവലിൽ പറയുന്നു:

"അഞ്ചാറു വർഷങ്ങൾക്ക് മുൻപുവരെ അസോസിയേഷന്റെ സ്ഥിരം പ്രസിഡന്റായിരുന്നു. ഒരു തിരഞ്ഞെടുപ്പിൽ തോറ്റപ്പോൾ കാലുമാറി ഡയറക്ടർമാരെ പ്രീതിപ്പെടുത്തി പ്രമോഷൻ വാങ്ങിച്ചു. പത്തിരുനൂറിൽപ്പരം സ്ത്രീകളുണ്ട്. സുഖമനുഭവിക്കുന്നവർ അവരാണ് ഓവർടൈം ഇരിക്കേണ്ട. ആർക്കും പരിഭവവുമില്ല. സഹായിക്കാൻ പെൺകോന്തന്മാരുണ്ട്. അസോസിയേഷനെ പുച്ഛമാണവർക്ക്. വരിസംഖ്യ തരുന്നതുതന്നെ വളരെ വിമ്മിഷ്ടപ്പെട്ടിട്ടാണ്."

"ഡിഗ്രി കോഴ്സും കംപ്ലീറ്റ് ചെയ്ത് നേരേ ഈ ഓഫീസിലേക്കാണ് കയറിവരുന്നത്. തുടക്കത്തിൽ ആകർഷകമായ ശമ്പളമുണ്ട്. കാട്ടുമൃഗങ്ങളെ കൂട്ടിനകത്തേക്ക് ആകർഷിക്കുന്നത് ഇറച്ചി തൂക്കിക്കെട്ടിയിട്ടാണ്. അസോസിയേഷൻ തളരുകയായിരുന്നു. താത്പര്യമുള്ള അപൂർവം ചിലർ ഓടിനടന്നു. സ്ത്രീകൾക്ക് ഒട്ടും താത്പര്യമില്ല. അവർക്ക് താത്പര്യമുള്ളത് വിലകൂടിയ സാരികളിലും വരാനിരിക്കുന്ന ഐ.എ.എസ്സുകാരായ ഭർത്താക്കന്മാരിലുമാണ്. വിവാഹാലോചനയുമായി വന്നവർക്കൊന്നും സ്റ്റാറ്റസ്സില്ലെന്നും പറഞ്ഞ് അന്തസ്സിന്റെ ഉയർന്ന കൊമ്പിലേക്കുന്നംവെച്ചു ചാടി, എവിടെയും തങ്ങാതെ, അവസാനം ഭക്തിമാർഗത്തിന്റെ മുറ്റത്ത് വീണുകിടക്കുന്ന ഹതഭാഗ്യകളുമുണ്ടക്കൂട്ടത്തിൽ." (പേജ് 64)

വർഗബോധമോ രാഷ്ട്രീയചിന്തയോ ഇല്ലാത്തവരും, വിലകൂടിയ സാരികളിലും ഉന്നതന്മാരായ ഭർത്താക്കന്മാരിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഉപഭോഗ സംസ്കാരത്തിന്റെ വക്താക്കളായും സ്ത്രീകളെ ചിത്രീകരിക്കുന്നത് വഴി വിപ്ലവപ്രസ്ഥാനങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ പുറന്തള്ളലിന് വ്യാകരണമൊരുക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്.

2. സമരാന്തരീക്ഷത്തിലെ സ്ത്രീകളുടെ അസാന്നിധ്യം

സമരത്തിന്റെ നിർണായക ഘട്ടങ്ങളിലും സ്ത്രീ കഥാപാത്രങ്ങൾ തികച്ചും സ്വാർത്ഥമതികളായി പെരുമാറുന്നു എന്ന ആഖ്യാനമാണുള്ളത്:

"വൈകുന്നേരം അസോസിയേഷൻ ഓഫീസിന്റെ മുൻപിൽ വച്ചു തന്നെ ജനറൽബോഡി കൂടി. പതിവായി കൂടുന്ന അൻപതുപേർ അന്നുമുണ്ടായിരുന്നു. അവഗണിക്കപ്പെട്ടവരിൽ പതിനാലുപേർ സ്ത്രീകളാണ്.

ബാക്കിയുള്ളവരൊക്കെ എത്തിയിരുന്നു. പതിവായി ജനറൽബോഡി നടക്കുമ്പോൾ എത്തിനോക്കാത്തവരാണ് ഇവരൊക്കെ, സ്വന്തം കാര്യത്തിന്റെ വക്കിൽ ഉറുമ്പരിച്ചുതുടങ്ങിയപ്പോൾ ഓടിപ്പിടഞ്ഞെത്തിയിരിക്കുന്ന സ്ത്രീകൾ അഞ്ചുമണിക്കിറങ്ങിപ്പോയി; അസോസിയേഷൻകാർ വേണ്ടതു ചെയ്യും എന്ന മട്ടിൽ." (പേജ് 156)

അതുപോലെ തന്നെ സമരജാഥ നടക്കുമ്പോഴും സ്ത്രീകളാരും പങ്കെടുന്നില്ലെന്ന് മാത്രമല്ല, അതിനെ കുറ്റപ്പെടുത്തുന്ന കാഴ്ചയും നോവലിലുണ്ട്:

"സ്ത്രീകൾ അഞ്ചുമണിക്കിറങ്ങി തെക്കേ ഗേറ്റിലൂടെ കടന്നുപോകുന്നതു കമ്മിറ്റിക്കാർ നോക്കിനിന്നു. ചിലർ പിറുപിറുത്തു." (പേജ് 163)

"ഗെയിറ്റിൽ കൂടിനിൽക്കുമ്പോൾ യാതൊരു കൂസലുമില്ലാതെ കടന്നുപോകുന്ന സ്ത്രീകളെ ചിലർ തെറി പറഞ്ഞു. അവർ കേട്ടതായി ഭാവിച്ചില്ല. ഇതൊക്കെ വെറും നിസ്സാരം എന്ന മട്ടാണ്." (പേജ് 182)

സമരത്തെ അവഗണിച്ചു കടന്നുപോകുന്ന സ്ത്രീകൾ തെറിവിളികൾ കേട്ടിട്ടും പ്രതികരിക്കാതെ പോകുന്നവരാണ് എന്ന് ചിത്രീകരിക്കുമ്പോൾ, പുരുഷന്മാരുടെ സമരത്തോടുള്ള സ്ത്രീകളുടെ നിസ്സംഗതയെ പൊതു ധാർമ്മികതയുടെ പ്രശ്നമായി മാറ്റുകയാണ് ആഖ്യാതാവ് ചെയ്യുന്നത്.

ഉപസംഹാരം

എം. സുകുമാരന്റെ 'പാറ' വർഗപരമായ ചൂഷണങ്ങൾക്കും വ്യവസ്ഥിതിയുടെ അനീതികൾക്കുമെതിരെ ശക്തമായി ശബ്ദമുയർത്തുന്ന ഒരു പ്രഭാവമുള്ള രാഷ്ട്രീയ നോവലാണ്. എന്നാൽ നോവലിന്റെ ഉൾത്തളങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ, അത് പ്രതിനിധീകരിക്കുന്ന വിപ്ലവ രാഷ്ട്രീയത്തിന്റെ ലിംഗപരമായ പരിമിതികൾ വ്യക്തമായി പുറത്തുവരുന്നു. നോവലിലെ കുടുംബപശ്ചാത്തലത്തിലും തൊഴിലിടങ്ങളിലും പ്രക്ഷോഭ രംഗങ്ങളിലും സ്ത്രീകളെ ചിത്രീകരിക്കുന്നത് തികച്ചും ആൺകേന്ദ്രീകൃതമായ വാർപ്പുമാതൃകകളെ (Stereotypes) മുൻനിർത്തി മാത്രമാണ്.

കുടുംബത്തിലെ സ്ത്രീകൾ നിഷ്ക്രിയരും തണൽ നൽകേണ്ട ഉപകരണങ്ങളുമായി ചുരുങ്ങുമ്പോൾ, തൊഴിലെടുക്കുന്ന സ്ത്രീകൾ രാഷ്ട്രീയ ബോധ്യമില്ലാത്തവരും, ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടവരും, വഞ്ചകരുമായി ചിത്രീകരിക്കപ്പെടുന്നു. ചുരുക്കത്തിൽ, വർഗ പോരാട്ടങ്ങളെ ഉദാത്തവൽക്കരിക്കുമ്പോൾ തന്നെ ലിംഗഭേദപരമായ സമത്വത്തെയും സ്ത്രീകളുടെ രാഷ്ട്രീയം കാണാതെ പോകുന്ന, പുരുഷാധിപത്യ നോട്ടങ്ങളോട് ഒത്തുതീർപ്പു നടത്തുന്ന ഇടതു-ഭാവുകത്വത്തിന്റെ അതിരുകളെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നുണ്ട് 'പാറ' എന്ന നോവൽ.

ഗ്രന്ഥസൂചി

1. സുകുമാരൻ, എം. (2022). പാറ. കോഴിക്കോട്: മാതൃഭൂമി ബുക്സ്.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

സോർബയും സമകാലിക മലയാള സാഹിത്യവും: സ്വാതന്ത്ര്യം, ശരീരം, അതിജീവനം, പ്രതിരോധം



ഡോ. സോണിയ ജോസ്*

സംഗ്രഹം

നിക്കോസ് കസാൻദ്സാക്കിസിന്റെ സോർബ ദി ഗ്രീക്ക് എന്ന നോവലിലെ അലക്സിസ് സോർബ സ്വാതന്ത്ര്യം, ജീവിതോത്സാഹം, ശരീരാനുഭവം, ഇന്ദ്രിയബോധം, സാമൂഹിക നിയന്ത്രണങ്ങളോടുള്ള പ്രതിരോധം എന്നിവയുടെ പ്രതിനിധിയായ കഥാപാത്രമാണ്. ജീവിതത്തെ സൈദ്ധാന്തികമായി വ്യാഖ്യാനിക്കുന്നതിനേക്കാൾ ശരീരം, അധ്വാനം, ആഗ്രഹം, വേദന, സംഗീതം, നൃത്തം, മരണം എന്നിവയിലൂടെ നേരിട്ട് അനുഭവിക്കണമെന്നതാണ് സോർബയുടെ ജീവിതദർശനം. ഈ അസ്തിത്വപരവും ശരീരാധിഷ്ഠിതവുമായ സ്വാതന്ത്ര്യസങ്കൽപ്പത്തെ ബെന്യാമിന്റെ ആടുജീവിതം, കെ. ആർ. മീരയുടെ ആരാച്ചാർ, എസ്. ഹരീഷിന്റെ മീശ എന്നീ സമകാലിക മലയാള നോവലുകളുമായി താരതമ്യം ചെയ്യുകയാണ് ഈ പഠനം.

ആടുജീവിതത്തിലെ നജീബിന്റെ അനുഭവങ്ങളിലൂടെ സാമ്പത്തിക ചൂഷണവും കുടിയേറ്റവും ശാരീരിക തടങ്കലും സ്വാതന്ത്ര്യത്തിന്റെ ഭൗതിക സാധ്യതകളെ എങ്ങനെ പരിമിതപ്പെടുത്തുന്നു എന്ന് പഠനം പരിശോധിക്കുന്നു. ആരാച്ചാർ -ലെ ചേതനയുടെ ജീവിതത്തിലൂടെ ശരീരം, ലിംഗം, അധികാരം, തൊഴിൽ, പുരുഷാധിപത്യം എന്നിവ തമ്മിലുള്ള ബന്ധവും വിശകലനം ചെയ്യുന്നു. മീശയിൽ ജാതി, മതം, പുരുഷത്വം, ലൈംഗികത, കുടുംബം, സാമൂഹിക ഘടനകൾ എന്നിവ വ്യക്തിസ്വത്വത്തെയും സ്വാതന്ത്ര്യത്തെയും എങ്ങനെ നിർമിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു എന്നതും പരിശോധിക്കുന്നു. ഈ താരതമ്യത്തിലൂടെ സോർബയുടെ വ്യക്തികേന്ദ്രിതമായ അസ്തിത്വസ്വാതന്ത്ര്യവും മലയാള നോവലുകളിലെ സാമൂഹികവും ഘടനാപരവുമായ സ്വാതന്ത്ര്യസങ്കൽപ്പങ്ങളും തമ്മിലുള്ള സാജാത്യ-വൈജാത്യങ്ങൾ വ്യക്തമാകുന്നു.

പഠനം മുന്നോട്ടുവയ്ക്കുന്ന പ്രധാന വാദം സ്വാതന്ത്ര്യത്തിന് അസ്തിത്വപരവും സാമൂഹികവുമായ രണ്ട് മാനങ്ങളുണ്ടെന്നതാണ്. സോർബ ജീവിതത്തെ ആഘോഷിക്കാനുള്ള വ്യക്തിയുടെ ആന്തരിക സ്വാതന്ത്ര്യത്തെ പ്രതിനിധീകരിക്കുമ്പോൾ, നജീബ് അതിജീവനത്തെയും ചേതന പ്രതിരോധത്തെയും മീശ സാമൂഹികമായി നിർമിക്കപ്പെടുന്ന വ്യക്തിസ്വത്വത്തെയും പ്രതിനിധീകരിക്കുന്നു. അതിനാൽ ഈ കൃതികളെ ഒരുമിച്ച് വായിക്കുന്നത് ശരീരം, സ്വാതന്ത്ര്യം, അതിജീവനം, പ്രതിരോധം എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ ബന്ധങ്ങളെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നു.

താക്കോൽവാക്കുകൾ: സോർബ ദി ഗ്രീക്ക്, നിക്കോസ് കസാൻദ്സാക്കിസ്, സമകാലിക മലയാള സാഹിത്യം, സ്വാതന്ത്ര്യം, ശരീരം, അസ്തിത്വസ്വാതന്ത്ര്യം, അതിജീവനം, പ്രതിരോധം, ജാതി, ലിംഗം, കുടിയേറ്റം, ശരീരരാഷ്ട്രീയം, താരതമ്യസാഹിത്യം

* അസിസ്റ്റന്റ് പ്രൊഫസർ, പാവനാത്മാ കോളേജ് , മുരിക്കാശ്ശേരി പി. ഒ., ഇടുക്കി - 685604.
Email: soniajose.ek@gmail.com

വ്യത്യസ്ത ഭാഷകളിലും സംസ്കാരങ്ങളിലും രൂപപ്പെട്ട സാഹിത്യകൃതികളെ പരസ്പരം താരതമ്യം ചെയ്യുമ്പോൾ താരതമ്യസാഹിത്യപഠനം കൂടുതൽ അർത്ഥവത്താകുന്നു. ഒരു കൃതിയെ മറ്റൊന്നിന്റെ മാതൃകയിലേക്ക് ചുരുക്കാതെ അവയ്ക്കിടയിലെ സാജാത്യ വൈജാത്യങ്ങൾ പരിശോധിക്കുകയാണ് താരതമ്യപഠനത്തിന്റെ പ്രധാന ലക്ഷ്യം. നിക്കോസ് കസാൻദ്സാക്കിസിന്റെ 'സോർബ ദി ഗ്രീക്ക് ' എന്ന കൃതിയും സമകാലിക മലയാളത്തിലെ പ്രധാനപ്പെട്ട നോവലുകളും തമ്മിലുള്ള താരതമ്യം ശ്രദ്ധേയമായ സാധ്യതകൾ തുറന്നുവെക്കുന്നുണ്ട്. വ്യത്യസ്ത ചരിത്ര-സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നാണ് ഈ കൃതികൾ രൂപപ്പെട്ടിട്ടുള്ളതെങ്കിലും മനുഷ്യശരീരം, സ്വാതന്ത്ര്യം, വേദന, സാമൂഹിക നിയന്ത്രണം, അർത്ഥപൂർണ്ണമായ ജീവിതത്തിനായുള്ള അന്വേഷണം എന്നിവയുടെ ആഴത്തിലുള്ള അവതരണം അവയെ പരസ്പരം ബന്ധിപ്പിക്കുന്നു.

കസാൻദ്സാക്കിസിന്റെ നോവലിലെ കേന്ദ്രകഥാപാത്രമായ അലക്സിസ് സോർബ മുൻകൂട്ടി നിർണയിക്കപ്പെട്ട സാമൂഹിക, മതപര, ബൗദ്ധിക ചട്ടക്കൂടുകൾക്കനുസരിച്ച് ജീവിക്കാൻ വിസമ്മതിക്കുന്ന വ്യക്തിയാണ്. നൃത്തം, അധ്വാനം, ഭക്ഷണം, ലൈംഗികത, സംഗീതം, സൗഹൃദം, സാഹസികത എന്നിവയിലൂടെയാണ് അദ്ദേഹം ജീവിതത്തെ അനുഭവിക്കുന്നത്. ഇതിന് വിപരീതമായി, നോവലിലെ പേരില്ലാത്ത ആഖ്യാതാവ് കൂടുതൽ ബൗദ്ധികവും ചിന്താപരവുമായ വ്യക്തിയാണ്. ആഖ്യാതാവും സോർബയും തമ്മിലുള്ള ഈ വ്യത്യാസമാണ് നോവലിലെ പ്രധാനപ്പെട്ട സംഘർഷങ്ങളിലൊന്ന്. അതായത്, ചിന്തയിലൂടെ വ്യാഖ്യാനിക്കപ്പെടുന്ന ജീവിതവും ശരീരത്തിലൂടെ നേരിട്ട് അനുഭവിക്കപ്പെടുന്ന ജീവിതവും തമ്മിലുള്ള സംഘർഷം. സമകാലിക മലയാളസാഹിത്യത്തിലെ ശ്രദ്ധേയമായ നോവലുകളിൽ ഈ വസ്തുതകളെ വ്യത്യസ്തമായ സാമൂഹിക സാഹചര്യങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്. ബെന്യാമിന്റെ 'ആടുജീവിതം' സാമ്പത്തിക കടിയേറ്റം, ചൂഷണം, ശരീരം, അതിജീവനം എന്നിവയെ നജീബിന്റെ ജീവിതത്തിലൂടെ അവതരിപ്പിക്കുന്നു. കെ. ആർ. മീരയുടെ 'ആരാച്ചാർ 'പാരമ്പര്യ ആരാച്ചാർ കുടുംബത്തിലെ ചേതന ഗ്രന്ഥ മല്ലിക്കിന്റെ ജീവിതത്തിലൂടെ ലിംഗം, അധികാരം, ശരീരം, അക്രമം എന്നിവയുടെ ബന്ധം അന്വേഷിക്കുന്നു. എസ്. ഹരീഷിന്റെ 'മീശ ' ജാതി, മതം, പുരുഷത്വം, ലൈംഗികത, സമൂഹം തുടങ്ങിയ ഘടകങ്ങൾ വ്യക്തിയുടെ സ്വത്വത്തെ എങ്ങനെ നിർമിക്കുന്നു എന്ന് പരിശോധിക്കുന്നു.

കൃതികളെ സോർബയുമായി താരതമ്യം ചെയ്യുമ്പോൾ നിരവധി സാജാത്യങ്ങളും അതിലേറെ പ്രധാനപ്പെട്ട വൈജാത്യങ്ങളും കണ്ടെത്താൻ കഴിയും. സോർബയുടെ സ്വാതന്ത്ര്യം പ്രധാനമായും ഒരു വ്യക്തിയുടെ അസ്തിത്വപരമായ സ്വാതന്ത്ര്യമാണ്, വിധിയുടെയും സമൂഹത്തിന്റെയും നിയന്ത്രണങ്ങൾക്കിടയിലും താൻ എങ്ങനെ ജീവിക്കണമെന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം. എന്നാൽ ആടുജീവിതത്തിൽ സാമ്പത്തിക ചൂഷണവും ശാരീരിക തടങ്കലും സ്വാതന്ത്ര്യത്തിന്റെ സാധ്യതകളെ തന്നെ ഇല്ലാതാക്കുന്നു. ആരാച്ചാർ സ്വാതന്ത്ര്യത്തെ ലിംഗത്തിന്റെയും അധികാരത്തിന്റെയും പ്രശ്നങ്ങളുമായി ബന്ധിപ്പിക്കുന്നു. മീശ വ്യക്തിസ്വത്വത്തെ ജാതി, മതം, കുടുംബം, സമൂഹം, ചരിത്രസ്മൃതി എന്നിവയുമായി ബന്ധിപ്പിക്കുന്നു.വ്യക്തിയെ നിയന്ത്രിക്കുന്ന സാമൂഹിക ഘടനകളുടെ സ്വാധീനം സോർബയുടെ വ്യക്തികേന്ദ്രിതമായ സ്വാതന്ത്ര്യദർശനം കൊണ്ട് പൂർണ്ണമായി വിശദീകരിക്കാൻ കഴിയുമോ എന്ന ഒരു ചോദ്യം ഇവിടെ ഉയർത്താനാവും. ഈ ചോദ്യത്തിനുള്ള ഉത്തരം ഒരേസമയം അനുകൂലവും വിമർശനാത്മകവുമാണ്. സോർബ ജീവസ്സുറ്റ ജീവിതത്തിന്റെ ശക്തമായ ഒരു ഭാഷ നമുക്ക് നൽകുന്നു. എന്നാൽ മലയാള നോവലുകൾ വ്യക്തികേന്ദ്രിതമായ സ്വാതന്ത്ര്യസങ്കൽപ്പത്തിന്റെ പരിമിതികളെ തുറന്നുകാട്ടുകയാണ് ചെയ്യുന്നത്.

സോർബ: ശരീരം ജീവിതദർശനം

സോർബയുടെ പ്രാധാന്യം അദ്ദേഹം പറയുന്ന കാര്യങ്ങളിൽ മാത്രമല്ല, അദ്ദേഹം ജീവിക്കുന്ന രീതിയിലാണ് കാണാൻ സാധിക്കുന്നത്. അദ്ദേഹം ഒരു ക്രമബദ്ധമായ ദാർശനിക സിദ്ധാന്തം അവതരിപ്പിക്കുന്നില്ല. പകരം, ജീവിതത്തിൽനിന്നാണ് അദ്ദേഹത്തിന്റെ തത്ത്വചിന്ത രൂപപ്പെടുന്നത്. സോർബയ്ക്ക് ജീവിതം ചിന്തയിലൂടെ പൂർണ്ണമായി മനസ്സിലാക്കേണ്ട ഒന്നല്ല. അത് രുചിക്കണം, സ്പർശിക്കണം, അനുഭവിക്കണം, സഹിക്കണം, ആഘോഷിക്കണം. ഇതുകൊണ്ടുതന്നെ ശരീരം അദ്ദേഹത്തിന്റെ കഥാപാത്രനിർമാണത്തിൽ കേന്ദ്രസ്ഥാനത്താണ്. ഭക്ഷണം കഴിക്കുക, മദ്യം കഴിക്കുക, നൃത്തം ചെയ്യുക, അധ്വാനിക്കുക, പ്രണയിക്കുക, യാത്ര ചെയ്യുക, സംഗീതം ആസ്വദിക്കുക തുടങ്ങിയവയെല്ലാം അദ്ദേഹത്തിന് അറിവിന്റെ രൂപങ്ങളാണ്. ശരീരത്തിന് ബൗദ്ധിക അറിവിൽനിന്ന് വ്യത്യസ്തമായ ഒരു ജ്ഞാനമുണ്ട്." എനിക്കു തോന്നിയാൽ മാത്രമേ ഞാൻ സാന്ത്വരി

ISSN No: 3049-0316

വായിക്കു. എനിക്കു തോന്നണം. ഞാൻ നിങ്ങളുടെ പണിക്കാരനാണെന്നതൊക്കെ ശരിതന്നെ. എന്നാൽ സാന്ത്വരി വേറേ. ഇതൊരു വന്യമൃഗമാണ്. ഇവന് സ്വാതന്ത്ര്യം വേണം. നല്ല സന്തോഷത്തിലാണെങ്കിൽ ഞാൻ സാന്ത്വരി വായിക്കും പാടുകയും ചെയ്യും. നൃത്തവും എനിക്കറിയാം. സൈംബെക്കിക്കോയും' ഹസ്സാപി ക്കോ'യും പെൻറോസാലി'യുമൊക്കെ എനിക്കറിയാം. പക്ഷേ ഒരു കാര്യം ഞാൻ പറയാം. എനിക്കു തോന്നണം. നിങ്ങൾ നിർബന്ധിച്ചാൽ എല്ലാം തീരും. ഒന്നു നിങ്ങളോർക്കണം, ഞാനൊരു മനുഷ്യനാണ്.

"മനുഷ്യനോ? എന്നുവച്ചാൽ...?"

"എന്നുവച്ചാൽ, പൂർണ്ണ സ്വതന്ത്ര മനുഷ്യൻ!"(സോർബ ,18: 2018) പുസ്തകങ്ങളുടെയും തത്ത്വചിന്തയുടെയും ലോകത്തേക്ക് കൂടുതൽ ചായുന്ന ആഖ്യാതാവ് സോർബയിലൂടെ തിരിച്ചറിയുന്നത് അമിതമായ ബൗദ്ധികവൽക്കരണം മനുഷ്യനെ ജീവിതത്തിൽനിന്നുതന്നെ അകറ്റിയേക്കാം എന്നതാണ്. ഇവിടെ സോർബയെ 'ഡയോണീഷ്യൻ' ജീവിതസങ്കൽപ്പവുമായി ബന്ധപ്പെടുത്തി വായിക്കാനാവും. ഡയോണീഷ്യൻ എന്ന ആശയം സഹജവാസന, ഉന്മാദം, ശരീരോർജം, വികാരം, സംഗീതം, ആനന്ദം, കർശനമായ അതിരുകളുടെ ലയനം തുടങ്ങിയവയെ സൂചിപ്പിക്കുന്നു. സോർബയുടെ നൃത്തം ഈ പശ്ചാത്തലത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നു. വാക്കുകൾക്ക് പ്രകടിപ്പിക്കാൻ കഴിയാത്ത വികാരങ്ങളെ അദ്ദേഹം നൃത്തത്തിലൂടെ പ്രകടിപ്പിക്കുന്നു. നൃത്തം അദ്ദേഹത്തിന് മറ്റൊരു ഭാഷയായി മാറുന്നു.

എന്നാൽ സോർബയെ നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യത്തിന്റെ ഒരു വീരപ്രതീകമായി മാത്രം കാണാൻ കഴിയില്ല. സ്ത്രീകളോടുള്ള അദ്ദേഹത്തിന്റെ സമീപനം ഈ കഥാപാത്രത്തിലെ പ്രധാനപ്പെട്ട വൈരുദ്ധ്യം തുറന്നുകാട്ടുന്നുണ്ട്. അദ്ദേഹം സാമൂഹിക അധികാരങ്ങളെ നിരസിക്കുന്നുണ്ടെങ്കിലും സ്ത്രീകളോടുള്ള സമീപനത്തിൽ പുരുഷാധിപത്യപരമായ ചില സമീപനങ്ങൾ പുനരുത്പാദിപ്പിക്കുന്നുണ്ട്. അതിനാൽ അദ്ദേഹത്തിന്റെ സ്വാതന്ത്ര്യം എല്ലാവർക്കും ഒരുപോലെ ലഭ്യമാകുന്ന സ്വാതന്ത്ര്യമല്ല എന്ന് മനസ്സിലാക്കാനാവും.

സമകാലിക മലയാളസാഹിത്യവുമായി സോർബയെ താരതമ്യം ചെയ്യുമ്പോൾ ഈ വൈരുദ്ധ്യം വളരെ പ്രധാനപ്പെട്ടതാകുന്നു. സ്വാതന്ത്ര്യത്തെ വ്യക്തിയുടെ പ്രശ്നമായി മാത്രം കാണാനാകുമോ, അതോ അധികാരഘടനകളുമായി അതിനെ ബന്ധിപ്പിക്കേണ്ടതുണ്ടോ എന്ന ചോദ്യമാണ് മലയാള നോവലുകൾ ഉയർത്തുന്നത്.

സോർബയും നജീബും: ആടുജീവിതത്തിലെ സ്വാതന്ത്ര്യവും തടവും

ബെന്യാമിന്റെ ആടുജീവിതം സോർബയുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ശക്തമായ ഒരു വൈരുദ്ധ്യമാണ് ഈ കൃതികൾ സൃഷ്ടിക്കുന്നതെന്ന് കാണാനാവും. സോർബയും നജീബും ശരീരവുമായി ആഴത്തിൽ ബന്ധപ്പെട്ട കഥാപാത്രങ്ങളാണെങ്കിലും അവരുടെ ശരീരങ്ങൾ തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളിലാണ് നിലകൊള്ളുന്നത്. സോർബ ചലനം തിരഞ്ഞെടുക്കുമ്പോൾ നജീബ് നിർബന്ധിതമായ നിശ്ചലതയാണ് അനുഭവിക്കുന്നത്. സാമൂഹികവും സ്ഥാപനപരവുമായ നിയന്ത്രണങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാൻ സോർബ നിരന്തരം സഞ്ചരിക്കുന്നു. എന്നാൽ നജീബ് ഒരു കുടിയേറ്റത്തൊഴിലാളിയായി ഗൾഫിലെത്തുമ്പോൾ അദ്ദേഹത്തിന്റെ ചലനസ്വാതന്ത്ര്യം തന്നെ ഇല്ലാതാക്കപ്പെടുന്നു. സാമ്പത്തിക പുരോഗതിക്കുള്ള പ്രതീക്ഷയോടെ ആരംഭിച്ച യാത്ര ക്രമേണ ചൂഷണത്തിന്റെയും ഒറ്റപ്പെടലിന്റെയും പേടിസ്വപ്നമായി മാറുന്നു. ഈ വ്യത്യാസം സ്വാതന്ത്ര്യം ഒരു മാനസിക നിലപാട് മാത്രമല്ലെന്ന് തെളിയിക്കുന്നു. ഒരാൾക്ക് ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ പരിധി ഭൗതിക സാഹചര്യങ്ങൾ നിർണയിക്കുന്നു. സാമൂഹിക ചട്ടങ്ങളെ നിരസിക്കാൻ സോർബയ്ക്ക് കഴിയുന്നത് അദ്ദേഹത്തിന് ഒരു പരിധിവരെ സഞ്ചാരസ്വാതന്ത്ര്യം ഉള്ളതുകൊണ്ടാണ്. നജീബിന് അടിസ്ഥാനപരമായ സ്വയംനിർണ്ണയാവകാശം പോലും നിഷേധിക്കപ്പെടുന്നു.

ആടുജീവിതത്തിൽ ശരീരം ചൂഷണത്തിന്റെയും അതിജീവനത്തിന്റെയും പ്രധാന വേദിയായി മാറുന്നു. വിശപ്പ്, ദാഹം, ചൂട്, അധ്വാനം, ഏകാന്തത, ശാരീരിക ക്ഷീണം എന്നിവ നജീബിന്റെ ശരീരത്തെ ക്രമേണ തകർക്കുന്നു. ആടുകളുമായി ബന്ധപ്പെട്ട ജീവിതത്തിലേക്കുള്ള അദ്ദേഹത്തിന്റെ മാറ്റം ഒരു പ്രതീകം മാത്രമല്ല; മനുഷ്യസ്വത്വം തന്നെ എങ്ങനെ തകർന്നുപോകാം എന്നതിന്റെ ശക്തമായ അവതരണമാണ്. ഇവിടെ സോർബയുമായുള്ള താരതമ്യം നിർണായകമാണ്. സോർബ ശരീരത്തെ സ്വാതന്ത്ര്യത്തിന്റെയും ആനന്ദത്തിന്റെയും ഉറവിടമായി കാണുന്നു. എന്നാൽ നജീബ് ശരീരത്തെ ആദ്യം ചൂഷണത്തിന്റെയും പിന്നീട്

അതിജീവനത്തിന്റെയും വേദിയായി അനുഭവിക്കുന്നു.എങ്കിലും ഇരുവരെയും ബന്ധിപ്പിക്കുന്നത് ശരീരത്തിന്റെ പ്രാധാന്യമാണ്. ഇരുവരുടെയും ജീവിതം അമൂർത്തമായ ചിന്തകളിലൂടെ മാത്രം മനസ്സിലാക്കാനാവില്ല. അവരുടെ ശരീരങ്ങളാണ് അവരുടെ കഥകൾ പറയുന്നത്. അതുകൊണ്ട്സോർബയും നജീബും തമ്മിലുള്ള പ്രധാന വ്യത്യാസം ശരീരാനുഭവവും ശരീരരഹിതമായ അനുഭവവും തമ്മിലുള്ളതല്ല; മറിച്ച് വ്യത്യസ്തമായ ശരീരാവസ്ഥകൾ തമ്മിലുള്ളതാണ് എന്ന് മനസിലാക്കാനാവും . സോർബയുടെ ശരീരം താരതമ്യേന സ്വതന്ത്രമാണ്; നജീബിന്റെ ശരീരം മറ്റൊരാളുടെ അധികാരത്തിന് കീഴിലാണ്.ഇതുവഴി ആടുജീവിതം സോർബ ഉയർത്തുന്ന ചോദ്യത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. “ഒരു വ്യക്തി എങ്ങനെ സ്വതന്ത്രമായി ജീവിക്കണം?” എന്ന ചോദ്യത്തിന് പകരം അത് ചോദിക്കുന്നത്: “ഒരു വ്യക്തിക്ക് സ്വാതന്ത്ര്യത്തിന്റെ ഭൗതിക സാധ്യത തന്നെ നിഷേധിക്കപ്പെടുമ്പോൾ എന്താണ് സംഭവിക്കുന്നത്?” എന്നാണ്.

സോർബയും ചേതനയും: ആരാച്ചാർ - ലെ ലിംഗം, അധികാരം, ശരീരരാഷ്ട്രീയം

കെ. ആർ. മീരയുടെ ആരാച്ചാർ എന്ന നോവലും സോർബയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ലിംഗം എന്നൊരു പ്രധാന ഘടകം കൂടി കൊണ്ടുവരാനാവും.ചേതന ഗൃദ്ധ മല്ലിക്ക് പാരമ്പര്യമായി ആരാച്ചാർ തൊഴിൽ ചെയ്യുന്ന ഒരു കുടുംബത്തിലെ അംഗമാണ്. അവളുടെ ശരീരവും തൊഴിൽസ്വത്വവും പുരുഷാധിപത്യത്തിന്റെ ദീർഘമായ ചരിത്രത്താൽ നിർണയിക്കപ്പെടുന്നു. സ്ത്രീയുടെ ശരീരം, അധികാരം, മരണം, കുടുംബം, ലൈംഗികത, സാമൂഹിക നിയന്ത്രണം എന്നിവയെ നോവൽ പരസ്പരം ബന്ധിപ്പിക്കുന്നു.

സോർബയും ചേതനയും ആദ്യനോട്ടത്തിൽ തികച്ചും വ്യത്യസ്തരായ കഥാപാത്രങ്ങളാണ്. സോർബ പുരുഷത്വം, നൃത്തം, ലൈംഗികത, സ്വാഭാവികമായ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ചേതനയാകട്ടെ കുടുംബം, തൊഴിൽ, സാമൂഹിക പ്രതീക്ഷകൾ, അധികാരബന്ധങ്ങൾ എന്നിവയാൽ നിയന്ത്രിക്കപ്പെടുന്ന ലോകത്താണ് ജീവിക്കുന്നത്. എങ്കിലും ഇരുവരും പരമ്പരാഗത സ്വത്വസങ്കൽപ്പങ്ങളെ ചോദ്യം ചെയ്യുന്നു. സാമൂഹിക മര്യാദകളുടെയും ബൗദ്ധിക നിയന്ത്രണങ്ങളുടെയും ചട്ടക്കൂടിൽ ഒതുങ്ങാൻ സോർബ വിസമ്മതിക്കുന്നു. അതുപോലെ ചേതനയും സ്ത്രീയുടെ മേൽ ചുമത്തപ്പെടുന്ന സാമൂഹിക പ്രതീക്ഷകളെ ചോദ്യം ചെയ്യുന്നു. ഇരുവരുടെയും കാര്യത്തിൽ ശരീരം സ്വത്വം പ്രഖ്യാപിക്കുന്നതിനുള്ള ഒരു മാധ്യമമായി മാറുന്നു. എന്നാൽ ആരാച്ചാർ സോർബയുടെ ജീവിതദർശനത്തിലെ സ്വാതന്ത്ര്യം ലിംഗനിരപേക്ഷമല്ല എന്ന ഒരു പ്രധാന പരിമിതി തുറന്നുകാട്ടുന്നു.

ഒരു പുരുഷൻ തന്റെ ശരീരത്തിന്റെയും ലൈംഗികതയുടെയും സ്വാതന്ത്ര്യം അവകാശപ്പെടുമ്പോൾ അത് വിമതതയായി ആഘോഷിക്കപ്പെടാം. എന്നാൽ അതേ സ്വാതന്ത്ര്യം ഒരു സ്ത്രീ അവകാശപ്പെടുമ്പോൾ അവൾ സാമൂഹികമായി അപമാനിക്കപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യാം. ഇതാണ് അടിസ്ഥാനപരമായ വ്യത്യാസം. വ്യക്തിയുടെ തിരഞ്ഞെടുപ്പിലൂടെ ജീവിതത്തെ രൂപപ്പെടുത്താനുള്ള അവകാശമാണ് സോർബയുടെ സ്വാതന്ത്ര്യസങ്കൽപ്പത്തിന്റെ അടിസ്ഥാനം. എന്നാൽ ചേതനയുടെ അനുഭവം കാണിക്കുന്നത് വ്യക്തിയുടെ തിരഞ്ഞെടുപ്പ് എല്ലായ്പ്പോഴും ലിംഗവും അധികാരവും നിയന്ത്രിക്കുന്ന സാമൂഹിക ഘടനകളാൽ മധ്യസ്ഥമാക്കപ്പെടുന്നു എന്നതാണ്. അതുകൊണ്ട് ചേതന കൂടുതൽ സാമൂഹികബോധമുള്ള ഒരു ശരീരാധിഷ്ഠിത പ്രതിരോധത്തിന്റെ പ്രതിനിധിയായി മാറുന്നു. അവളുടെ പോരാട്ടം ‘സ്വതന്ത്രയാകുക’ എന്നത് മാത്രമല്ല .മറിച്ചു കുടുംബചരിത്രം, പുരുഷാധിപത്യം, ലൈംഗികത, തൊഴിൽസ്വത്വം, സാമൂഹിക പ്രതീക്ഷകൾ എന്നിവയുമായി ഒരേസമയം ഏറ്റുമുട്ടേണ്ടിവരുന്നതുകൂടിയാണ്. ഈ നിലയിൽ ആരാച്ചാർ സോർബയുടെ പുരുഷകേന്ദ്രിതമായ അസ്തിത്വവാദത്തോട് ഒരു വിമർശനാത്മക പ്രതികരണമായി വായിക്കാം. അത് ശരീരസ്വാതന്ത്ര്യത്തെ നിരാകരിക്കുന്നില്ല; എന്നാൽ ആർക്കാണ് ശരീരസ്വാതന്ത്ര്യം അവകാശപ്പെടാൻ കഴിയുന്നത്, അതിന് എന്ത് വില നൽകേണ്ടിവരുന്നു എന്ന ചോദ്യം ഇവിടെ ഉന്നയിക്കുന്നു.

സോർബയും മീശയും: വ്യക്തിസ്വാതന്ത്ര്യവും സാമൂഹിക ഘടനകളും

എസ്. ഹരീഷിന്റെ മീശ മറ്റൊരു പ്രധാനപ്പെട്ട താരതമ്യപരമായ കാഴ്ചപ്പാട് നൽകുന്ന കൃതിയാണ്. ജാതി, മതം, പുരുഷത്വം, ലൈംഗികത, സമൂഹം എന്നിവ വ്യക്തിസ്വത്വത്തെ എങ്ങനെ നിർമിക്കുന്നു എന്ന അന്വേഷണമാണ് നോവലിന്റെ പ്രധാന സവിശേഷതകളിലൊന്ന്.

ISSN No: 3049-0316

സോർബയുടെ വിമതത പ്രധാനമായും വ്യക്തിയുടെ മേൽ ചുമത്തപ്പെടുന്ന നിയന്ത്രണങ്ങളോടാണ്. എന്നാൽ 'മീശ ' വ്യക്തി സമൂഹത്തിൽനിന്ന് പൂർണ്ണമായി വേർതിരിക്കപ്പെട്ട ഒരു ഘടകമല്ലെന്ന് കാണിക്കുന്നു. ജാതി, കുടുംബം, മതം, ആചാരം, പാരമ്പര്യം, പ്രാദേശിക അധികാരം തുടങ്ങിയ ഘടകങ്ങളിലൂടെയാണ് സാമൂഹിക സ്വത്വം നിർമ്മിക്കപ്പെടുന്നത്. സോർബയ്ക്ക് സ്വാതന്ത്ര്യം എന്നത് സ്ഥാപിതമായ ഘടനകളിൽനിന്ന് പുറത്തേക്ക് കടക്കാനുള്ള കഴിവാണ്. മീശയിലെ ലോകം കാണിക്കുന്നത് അത്തരം ഘടനകളിൽനിന്ന് പുറത്തുകടക്കുക എളുപ്പമല്ല എന്നതാണ്. കാരണം അവ വ്യക്തിയുടെ ദൈനംദിന ജീവിതത്തിന്റെ തന്നെ ഭാഗമായിത്തീർന്നിരിക്കുന്നു.

ശരീരം ഇവിടെ വീണ്ടും സാമൂഹിക അർത്ഥത്തിന്റെ ഒരു പ്രധാന വേദിയായി മാറുന്നു. ശരീരഘടന, പുരുഷത്വം, ലൈംഗികത, ജാതി, സാമൂഹികമാനം എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ വ്യക്തിയുടെ ശരീരം വെറും സ്വകാര്യമായ ഒന്നല്ല; സമൂഹം നിരന്തരം വായിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ഒന്നാണ് എന്ന വസ്തുതയും ഇവിടെ ശ്രദ്ധേയമാണ്.സോർബ തന്റെ ശരീരത്തെ സ്വന്തമാക്കാൻ ശ്രമിക്കുന്നുവെങ്കിൽ മീശയിലെ സാമൂഹികലോകം ശരീരത്തെ പാരമ്പര്യമായി ലഭിച്ച വിഭാഗീകരണങ്ങളിലൂടെ വായിക്കാൻ ശ്രമിക്കുന്നു. ഇതിലൂടെ മീശ സ്വാതന്ത്ര്യത്തെ വ്യക്തിസ്വാതന്ത്ര്യത്തിൽനിന്നും ഭിന്നമായി സാമൂഹികമായി നിർമ്മിക്കപ്പെടുന്ന സ്വത്വത്തിലേക്ക് മാറ്റുന്നു. സാമൂഹിക ഘടനകളെ അഭിമുഖീകരിക്കാതെ വ്യക്തിപരമായ പ്രതിരോധം മാത്രം മതിയാകില്ലെന്ന് നോവൽ സൂചിപ്പിക്കുന്നു.

മനുഷ്യസംഘർഷത്തിന്റെ രൂപങ്ങൾ

നാല് കൃതികളെയും കഥാപാത്രങ്ങളെ മനുഷ്യജീവിതത്തിന്റെ വ്യത്യസ്ത കോണുകളിലൂടെ കാണാനാവും നാല് വ്യത്യസ്ത അനുഭവങ്ങളിലൂടെ:

സോർബ- ജീവിതം ആഘോഷം : സോർബ ജീവിതത്തെ ആഘോഷമായി കാണുന്നു. ചിരി, നൃത്തം, സംഗീതം, അധ്വാനം, ആഗ്രഹം, നൃത്തം എന്നിവയിലൂടെയാണ് അദ്ദേഹം വേദനയെ നേരിടുന്നത്. വേദനയ്ക്ക് ജീവിതത്തിന്റെ അന്തിമ നിർവചനമാകാൻ അദ്ദേഹം അനുവാദം നൽകുന്നില്ല.

നജീബ്- ജീവിതം അതിജീവനം: ആടുജീവിതത്തിൽ ജീവിതം അതിജീവനമായി മാറുന്നു. നജീബിന്റെ ശരീരം അതികഠിനമായ സാഹചര്യങ്ങളെ അതിജീവിക്കേണ്ടിവരുന്നു. അദ്ദേഹത്തിന്റെ പോരാട്ടം പ്രധാനമായും ഭൗതികമാണ്. അതിജീവനത്തിലൂടെയാണ് അദ്ദേഹത്തിന്റെ മനുഷ്യസ്വത്വം സംരക്ഷിക്കപ്പെടുന്നത്.

ചേതന- ജീവിതം പ്രതിരോധം: ആരാച്ചാർ -ൽ ജീവിതം പ്രതിരോധമായി മാറുന്നു. ചേതനയുടെ പോരാട്ടത്തിൽ ലിംഗം, കുടുംബം, ലൈംഗികത, അധികാരം എന്നിവ പരസ്പരം ബന്ധപ്പെടുന്നു. അവളുടെ ശരീരം പാരമ്പര്യ അധികാരഘടനകളെ നേരിടുന്ന ഒരു വേദിയാകുന്നു.

മീശ- ജീവിതം സാമൂഹിക ഉല്പന്നം: മീശയിൽ ജീവിതം സാമൂഹികമായ ഇടപെടലിന്റെയും ചർച്ചയുടെയും രൂപം സ്വീകരിക്കുന്നു. വ്യക്തിസ്വത്വം ജാതി, മതം, കുടുംബം, സമൂഹം, ചരിത്രസ്മൃതി എന്നിവയുള്ളിൽ രൂപപ്പെടുന്നു.

നോവലുകളിലെ നാല് കഥാപാത്രങ്ങളെയും പരസ്പരം പൂർണ്ണമായി വേർതിരിച്ചുനിർത്താനാവില്ല. ആഘോഷം പ്രതിരോധമായി മാറാം; അതിജീവനം സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമാകാം; സാമൂഹിക ഇടപെടൽ പ്രതിരോധത്തിന് വഴിയൊരുക്കാം. ഇവയെല്ലാം ബന്ധിപ്പിക്കുന്ന അടിസ്ഥാന ഘടകമാണ് ശരീരം. കസാൻദ്സാക്കിസിൻറെയും മലയാളനോവലുകളിലെയും കഥാപാത്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ഏറ്റവും ശക്തമായ ഘടകങ്ങളിലൊന്നാണ് ശരീരം.പരമ്പരാഗത ദാർശനിക സമീപനങ്ങൾ പലപ്പോഴും മനസ്സിന് ശരീരത്തേക്കാൾ പ്രാധാന്യം നൽകുന്നു. എന്നാൽ ഈ കൃതികൾ ആ മുൻഗണനയെ ചോദ്യം ചെയ്യുന്നു. വിശപ്പ്, അധ്വാനം, ലൈംഗികത, ക്ഷീണം, വേദന, നൃത്തം, ശാരീരികാനുഭവം എന്നിവയിലൂടെയാണ് കഥാപാത്രങ്ങൾ ലോകത്തെ അറിയുന്നത്.എന്നാൽ ഓരോ കൃതിയിലും ശരീരം ഒരേ അർത്ഥം വഹിക്കുന്നില്ല.

സോർബയ്ക്ക് ശരീരം പ്രധാനമായും സ്വാതന്ത്ര്യത്തിന്റെ ഉപകരണമാണ്. നജീബിന് ശരീരം ആദ്യം ചൂഷണത്തിന്റെ വേദിയാണെങ്കിലും പിന്നീട് അത് അതിജീവനത്തിന്റെ ഉപകരണമായി മാറുന്നു. ചേതനയ്ക്ക് ശരീരം ലിംഗാധിഷ്ഠിത അധികാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വേദിയാണ്. മീശയിൽ ശരീരം ജാതി, പുരുഷത്വം, ലൈംഗികത, സാമൂഹിക സ്വത്വം തുടങ്ങിയവയാൽ അടയാളപ്പെടുത്തപ്പെടുന്നു. അതുകൊണ്ട്

 ISSN No: 3049-0316

ശരീരത്തെ അധികാരത്തിൽനിന്ന് വേർതിരിക്കാനാവില്ല. ശരീരം സ്വതന്ത്രമാകാം, തടവിലാക്കപ്പെടാം, ചൂഷണം ചെയ്യപ്പെടാം, ലൈംഗികവൽക്കരിക്കപ്പെടാം, നിയന്ത്രിക്കപ്പെടാം, സാമൂഹികമായി അടയാളപ്പെടുത്തപ്പെടാം. ഇവിടെയാണ് സമകാലിക മലയാളസാഹിത്യം സോർബ ദി ഗ്രീക്ക് തുറന്നുകൊടുക്കുന്ന ദാർശനിക സാധ്യതകളെ കൂടുതൽ വികസിപ്പിക്കുന്നത്. സോർബ ശരീരത്തിലൂടെ ജീവിക്കേണ്ടതിന്റെ പ്രാധാന്യം പഠിപ്പിക്കുമ്പോൾ മലയാള നോവലുകൾ ചോദിക്കുന്നത് ശരീരങ്ങൾക്ക് സ്വതന്ത്രമായി ജീവിക്കാൻ അനുവദിക്കുന്ന രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങൾ എന്തൊക്കെയാണ് എന്നതാണ്.

സോർബയുടെ റൊമാന്റിക് സ്വാതന്ത്ര്യം

സോർബ സ്വാതന്ത്ര്യത്തിന്റെ ശക്തമായ പ്രതീകമായി തുടരുന്നുണ്ടെങ്കിലും സമകാലിക വായനയിൽ അദ്ദേഹത്തിന്റെ ജീവിതദർശനത്തിന്റെ പരിമിതികളും തിരിച്ചറിയേണ്ടതുണ്ട്.അദ്ദേഹത്തിന്റെ ഇന്ദ്രിയാനുഭവങ്ങളുടെ ആഘോഷം പലപ്പോഴും പുരുഷകേന്ദ്രിതമായി മാറുന്നു. സാമൂഹിക സ്ഥാപനങ്ങളെ നിരസിക്കുന്നത് എല്ലായ്പ്പോഴും ഘടനാപരമായ അസമത്വങ്ങളെ വിമർശിക്കുന്നതിലേക്ക് നയിക്കുന്നില്ല. അദ്ദേഹത്തിന് ലഭിക്കുന്ന സ്വാതന്ത്ര്യം സ്ത്രീകൾക്കും കുടിയേറ്റക്കാർക്കും സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ലഭ്യമാകണമെന്നില്ല.മലയാള നോവലുകൾ ഈ പരിമിതിയെ ചോദ്യം ചെയ്യുന്നു.

ആടുജീവിതം സാമ്പത്തിക അസമത്വവും കുടിയേറ്റവും വ്യക്തിയുടെ സ്വയംനിർണ്ണയശേഷിയെ എങ്ങനെ തകർക്കുന്നു എന്ന് കാണിക്കുന്നു.ആരാച്ചാർ ശരീരസ്വാതന്ത്ര്യത്തിന്റെ അനുഭവത്തെ ലിംഗവും അധികാരവും എങ്ങനെ നിർണയിക്കുന്നു എന്ന് വ്യക്തമാക്കുന്നു.മീശ ജാതിയും മതവും സമൂഹവും വ്യക്തിസ്വത്വത്തെ എങ്ങനെ നിയന്ത്രിക്കുന്നു എന്ന് വെളിപ്പെടുത്തുന്നു.അതുകൊണ്ട് ഈ കൃതികൾ സോർബയെ അനുകരിക്കുകയോ പൂർണ്ണമായി നിരസിക്കുകയോ ചെയ്യുന്നില്ല. പകരം, അവ സോർബയുടെ സ്വാതന്ത്ര്യദർശനത്തെ വിമർശനാത്മകമായി പരിശോധിക്കുന്നു.

താരതമ്യവായന സോർബയെ മലയാള കഥാപാത്രങ്ങളേക്കാൾ ഉയർന്നോ താഴ്ന്നോ സ്ഥാപിക്കുന്നതല്ല. പകരം, കൃതികൾ പരസ്പരം ചോദ്യം ചെയ്യാൻ അനുവദിക്കുന്നതാണ്. സോർബ മലയാള നോവലുകളോട് വ്യക്തിജീവിതത്തിലെ ഊർജത്തിന്റെയും ജീവിതത്തെ അനുഭവിക്കാനുള്ള ധൈര്യത്തിന്റെയും പ്രാധാന്യം ഓർമ്മിപ്പിക്കുന്നു. മറുവശത്ത് മലയാള നോവലുകൾ സോർബയോട് ഘടനാപരമായ അധികാരം, ലിംഗം, ജാതി, കുടിയേറ്റം, ചരിത്രപരമായ അസമത്വം എന്നിവയെ അഭിമുഖീകരിക്കാൻ ആവശ്യപ്പെടുന്നു.

അസ്തിത്വസ്വാതന്ത്ര്യവും സാമൂഹികസ്വാതന്ത്ര്യവും

നോവലുകളുടെ താരതമ്യത്തിന്റെ കേന്ദ്രത്തിൽ അസ്തിത്വസ്വാതന്ത്ര്യവും സാമൂഹികസ്വാതന്ത്ര്യവും തമ്മിലുള്ള വ്യത്യാസവും ഉൾപ്പെടുന്നുണ്ട്. അസ്തിത്വസ്വാതന്ത്ര്യം ഉൾക്കൊള്ളുന്നത് വ്യക്തിയുടെ തിരഞ്ഞെടുപ്പ്, വേദന, മരണം, ജീവിതത്തിന്റെ അർത്ഥം എന്നിവയുമായുള്ള ബന്ധമാണ്. ഈ സ്വാതന്ത്ര്യത്തിന്റെ ശക്തമായ പ്രതിനിധിയാണ് സോർബ. ഭയത്തിന്റെയോ കർശനമായ ആശയങ്ങളുടെയോ മുന്നിൽ തന്റെ ജീവിതാനുഭവം കീഴടങ്ങാൻ അദ്ദേഹം അനുവദിക്കുന്നില്ല.എന്നാൽ സാമൂഹികസ്വാതന്ത്ര്യം എന്നത് ഒരാൾക്ക് അർത്ഥപൂർണ്ണമായ തിരഞ്ഞെടുപ്പുകൾ നടത്താൻ കഴിയുന്ന ഭൗതികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളെയാണ് സൂചിപ്പിക്കുന്നത്. നജീബിന്റെ അനുഭവം ഇത് ഏറ്റവും വ്യക്തമായി കാണിക്കുന്നു. ഒരാൾക്ക് അതിശക്തമായ മാനസികധൈര്യം ഉണ്ടായിരിക്കാം; എന്നിരുന്നാലും അയാൾ ഭൗതികമായി സ്വതന്ത്രനായിരിക്കണമെന്നില്ല. അതുപോലെ ചേതനയുടെ അനുഭവം ലിംഗം വ്യക്തിയുടെ തിരഞ്ഞെടുപ്പുകളെ എങ്ങനെ നിയന്ത്രിക്കുന്നു എന്ന് വ്യക്തമാക്കുന്നു. മീശ ജാതിയും മതവും സാമൂഹിക ഘടനകളും വ്യക്തിക്ക് സ്വയം നിർവചിക്കാൻ കഴിയുന്നതിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ സ്വത്വത്തെ സ്വാധീനിക്കുന്നു എന്ന് കാണിക്കുന്നു.അതിനാൽ ഈ താരതമ്യപഠനം സ്വാതന്ത്ര്യം ഒരു മനോഭാവം എന്നതിൽനിന്ന് സ്വാതന്ത്ര്യം ഒരു സാമൂഹിക അവസ്ഥ എന്നതിലേക്കുള്ള ചിന്താവികാസം കാണിക്കുന്നു.സോർബ ആദ്യത്തേതിന്റെ പ്രതിനിധിയാണ്. മലയാള നോവലുകൾ രണ്ടാമത്തേതിന്റെ ആവശ്യകത മുന്നോട്ടുവയ്ക്കുന്നു.

'സോർബ ദി ഗ്രീക്ക് ' എന്ന കൃതിയും ആടുജീവിതം, ആരാച്ചാർ, മീശ എന്നീ സമകാലിക മലയാള നോവലുകളും തമ്മിലുള്ള താരതമ്യം വ്യത്യസ്ത സംസ്കാരങ്ങൾക്കിടയിലെ സമ്പന്നമായ ഒരു സാഹിത്യസംഭാഷണം

വെളിപ്പെടുത്തുന്നു. ഈ സംഭാഷണത്തിന്റെ കേന്ദ്രം മനുഷ്യൻ സ്വതന്ത്രമായി ജീവിക്കുക എന്നതിന്റെ അർത്ഥത്തെക്കുറിച്ചുള്ള അന്വേഷണമാണ്.

സോർബ ശരീരത്തിലൂടെയാണ് ഈ ചോദ്യത്തിന് ഉത്തരം നൽകുന്നത്. അദ്ദേഹം നൃത്തം ചെയ്യുന്നു, അധ്വാനിക്കുന്നു, ഭക്ഷിക്കുന്നു, ആഗ്രഹിക്കുന്നു, വേദനിക്കുന്നു, ആഘോഷിക്കുന്നു. ബൗദ്ധികവും മതപരവും സാമൂഹികവുമായ നിയന്ത്രണങ്ങൾക്ക് പൂർണ്ണമായി കീഴടങ്ങാൻ അദ്ദേഹം വിസമ്മതിക്കുന്നു. അതുകൊണ്ട് അദ്ദേഹം അസ്തിത്വസ്വാതന്ത്ര്യത്തിന്റെ ശക്തമായ പ്രതീകമായി മാറുന്നു. ജീവിതത്തെ വെറും വിശദീകരിക്കേണ്ട ഒന്നല്ല, ജീവിക്കേണ്ട ഒന്നാണ് എന്നതാണ് അദ്ദേഹത്തിന്റെ അടിസ്ഥാന സന്ദേശം.

എന്നാൽ മലയാള നോവലുകളിലെ കഥാപാത്രങ്ങൾ ഈ സ്വാതന്ത്ര്യദർശനത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. നജീബ് സാമ്പത്തിക ചൂഷണവും ശാരീരിക തടങ്കലും സ്വാതന്ത്ര്യത്തെ എങ്ങനെ നശിപ്പിക്കുന്നു എന്ന് കാണിക്കുന്നു. ചേതന ശരീരസ്വാതന്ത്ര്യം ലിംഗവും അധികാരവും എങ്ങനെ നിർണയിക്കുന്നു എന്ന് വ്യക്തമാക്കുന്നു. മീശ വ്യക്തിസ്വത്വം ജാതി, മതം, പുരുഷത്വം, ലൈംഗികത, സമൂഹം എന്നിവയ്ക്കുള്ളിൽ എങ്ങനെ രൂപപ്പെടുന്നു എന്ന് കാണിക്കുന്നു. ഇത് സോർബയെ നിരസിക്കുന്നതിലേക്കല്ല, മറിച്ച് അദ്ദേഹത്തിന്റെ പ്രാധാന്യത്തെ പുനർവായിക്കുന്നതിലേക്കാണ് നയിക്കുന്നത്. ജീവന്റെ ഊർജം, അനുഭവം, ശരീരം എന്നിവയുടെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നതിനാൽ സോർബ ഇന്നും പ്രസക്തനാണ്. എന്നാൽ ശരീരം ഒരിക്കലും വെറും വ്യക്തിപരമായ ഒന്നല്ലെന്ന് മലയാള നോവലുകൾ ഓർമ്മിപ്പിക്കുന്നു. അത് സാമൂഹികവും ചരിത്രപരവും രാഷ്ട്രീയവും ലിംഗാധിഷ്ഠിതവും സാമ്പത്തികവുമായ ഘടകങ്ങളാൽ നിർണയിക്കപ്പെടുന്നു.അതിനാൽ ഈ താരതമ്യപഠനത്തിൽനിന്ന് ഉയർന്നുവരുന്ന ഏറ്റവും പ്രധാനപ്പെട്ട ആശയം സ്വാതന്ത്ര്യത്തിന് അസ്തിത്വപരവും ഘടനാപരവുമായ രണ്ട് മാനങ്ങളുണ്ട് എന്നതാണ്.

ജീവിക്കാൻ വ്യക്തിക്ക് ആന്തരികമായ ധൈര്യം ആവശ്യമാണ്. എന്നാൽ ആ ജീവിതം തിരഞ്ഞെടുക്കാനും മാന്യതയോടെ ജീവിക്കാനും പ്രതിരോധിക്കാനും കഴിയുന്ന സാമൂഹികവും ഭൗതികവുമായ സാഹചര്യങ്ങളും ആവശ്യമാണ്.സോർബ ജീവിതത്തിന്റെ മുന്നിൽ നൃത്തം ചെയ്യാൻ നമ്മെ പഠിപ്പിക്കുന്നു. നജീബ് അതിജീവനത്തിന്റെ അർത്ഥം പഠിപ്പിക്കുന്നു. ചേതന ശരീരാധിഷ്ഠിതമായ പ്രതിരോധത്തിന്റെ സങ്കീർണ്ണത കാണിക്കുന്നു. മീശ, വ്യക്തി എപ്പോഴും സമൂഹവുമായി നടത്തുന്ന ഒരു ചർച്ചയ്ക്കുള്ളിലാണ് ജീവിക്കുന്നതെന്ന് ഓർമ്മിപ്പിക്കുന്നു.ഇവയെ ഒരുമിച്ച് വായിക്കുമ്പോൾ മനുഷ്യജീവിതത്തെക്കുറിച്ചുള്ള കൂടുതൽ വിശാലമായ ഒരു ദർശനം രൂപപ്പെടുന്നു. ജീവിതം എന്നത് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മാത്രമല്ല, തിരഞ്ഞെടുപ്പ്, മാന്യത, ശരീരസ്വാതന്ത്ര്യം, പ്രതിരോധം എന്നിവ സാധ്യമാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നിരന്തരമായ പോരാട്ടം കൂടിയാണ് എന്ന ദർശനം.

ഗ്രന്ഥസൂചി

1. കസാൻദ്സാകീസ്, നിക്കോസ്. സോർബ. വിവ. ഡെന്നിസ് ജോസഫ്. കോട്ടയം: ഡി.സി. ബുക്സ്, 2018.
2. ബെന്യാമിൻ. ആടുജീവിതം. തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2008.
3. മീര കെ. ആർ. ആരാച്ചാർ. കോട്ടയം: ഡി.സി. ബുക്സ്, 2012.
4. ഹരീഷ് എസ്. മീശ. കോട്ടയം: ഡി.സി. ബുക്സ്, 2018.
5. Bien, Peter. “Zorba the Greek, Nietzsche, and the Perennial Greek Predicament.” The Antioch Review 25.1 (1965): 147–163.
6. Kazantzakis, Nikos. Zorba the Greek. Trans. Carl Wildman. New York: Simon and Schuster, 1953.
7. Kim, Jihee. “A Study of the Life of Kazantzakis and Chuangzi in Zorba the Greek: With Particular Reference to the Liberal Spirits of Soyoyu.” The Journal of East-West Comparative Literature 62 (2022): 95–121.
8. Kim, Wook-Dong. “Nikos Kazantzakis’s Zorba the Greek: Another Echo of Henri Bergson.” The Explicator 75.3 (2017): 181–184.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

കൊങ്കണി ഭാഷയുടെ പ്രസക്തിയും എൻ പുരുഷോത്തമ മല്യയുടെ ജീവിതവും



വി. രാജേഷ് മോഹൻ റാവു*

സംഗ്രഹം

കേരളവും കൊങ്കണി ഭാഷയും തമ്മിലുള്ള ബന്ധം നൂറ്റാണ്ടുകളായി നടന്ന ജനസഞ്ചാരങ്ങളുടെയും വ്യാപാരബന്ധങ്ങളുടെയും സാംസ്കാരിക ഇടപെടലുകളുടെയും ചരിത്രവുമായി ബന്ധപ്പെട്ടതാണ്. ഗോവ, കർണാടക, മഹാരാഷ്ട്ര, കേരളം തുടങ്ങിയ പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കൊങ്കണി സമൂഹം ഓരോ പ്രദേശത്തെയും സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളുമായി ഇണങ്ങിച്ചേർന്നുകൊണ്ട് സ്വന്തം ഭാഷയും പാരമ്പര്യവും നിലനിർത്തിയിട്ടുണ്ട്. കേരളത്തിന്റെ ബഹുസ്വര സാംസ്കാരിക ഘടനയിൽ കൊങ്കണി സമൂഹത്തിനും ഭാഷയ്ക്കും പ്രത്യേക സ്ഥാനമുണ്ട്.

ഭാഷ ഒരു ആശയവിനിമയമാധ്യമം മാത്രമല്ലെന്നും ഒരു സമൂഹത്തിന്റെ ചരിത്രവും ഓർമ്മകളും സാഹിത്യവും ജീവിതരീതികളും പാരമ്പര്യങ്ങളും സൂക്ഷിക്കുന്ന സാംസ്കാരിക ഭവനമാണെന്നും പ്രബന്ധം ചൂണ്ടിക്കാണിക്കുന്നു. ഈ പശ്ചാത്തലത്തിൽ കൊങ്കണി ഭാഷയുടെയും സാഹിത്യത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും സംരക്ഷണത്തിൽ പുരുഷോത്തമ മല്യയുടെ സംഭാവനകളെ പ്രബന്ധം അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ കൊങ്കണി ഭാഷയുടെ വിശാലമായ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമായി വിലയിരുത്തുന്നു.

കൊങ്കണി സംസ്കാരം ഭക്ഷണം, ആചാരങ്ങൾ, ഉത്സവങ്ങൾ, സംഗീതം, സാഹിത്യം, കുടുംബബന്ധങ്ങൾ, സാമൂഹിക പാരമ്പര്യങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ പ്രകടമാകുന്നതും കേരളീയ സംസ്കാരവുമായി സ്വാഭാവികമായ ഇടപെടലുകളിലൂടെ വളർന്നതുമാണ്. അതോടൊപ്പം പുതിയ തലമുറയിലേക്ക് ഭാഷ കൈമാറുന്നതിലെ വെല്ലുവിളികളും ഡിജിറ്റൽ സാങ്കേതികവിദ്യ നൽകുന്ന പുതിയ സാധ്യതകളും പ്രബന്ധം പരിശോധിക്കുന്നു.

കൊങ്കണി ഭാഷയുടെ സംരക്ഷണം ഒരു സമൂഹത്തിന്റെ മാത്രം ഉത്തരവാദിത്തമല്ലെന്നും കേരളത്തിന്റെ ബഹുസ്വര സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിന്റെ ഭാഗമാണെന്നും പ്രബന്ധം വ്യക്തമാക്കുന്നു. ഭാഷകളുടെ സഹവർത്തിത്വവും സാംസ്കാരിക വൈവിധ്യവും ശക്തിപ്പെടുത്തുന്നതിലൂടെ കേരളത്തിന്റെ പങ്കിട്ട തീരചരിത്രത്തെയും ബഹുസ്വര പാരമ്പര്യത്തെയും കൂടുതൽ സമ്പന്നമാക്കാമെന്ന ആശയത്തിലാണ് പ്രബന്ധം സമാപിക്കുന്നത്.

താക്കോൽവാക്കുകൾ: കൊങ്കണി ഭാഷ, കേരളം, പുരുഷോത്തമ മല്യ, കൊങ്കണി സംസ്കാരം, ഭാഷാ പൈതൃകം, ഭാഷാവൈവിധ്യം, സാംസ്കാരിക സഹവർത്തിത്വം, ജനസഞ്ചാരം, പശ്ചിമതീര ചരിത്രം, ഭാഷാസംരക്ഷണം, കൊങ്കണി സമൂഹം, കേരളത്തിന്റെ ബഹുസ്വരത

* ഹയർസെക്കൻഡറി വിഭാഗം അധ്യാപകൻ, മമ്പറം ഹയർസെക്കൻഡറി സ്കൂൾ, മമ്പറം പി.ഒ., കണ്ണൂർ
Mob: 9895496435.

ISSN No: 3049-0316

ആമുഖം

ഭാഷകൾക്ക് അതിരുകളില്ല. മനുഷ്യർ സഞ്ചരിച്ച വഴികളിലൂടെയാണ് ഭാഷകളും സംസ്കാരങ്ങളും സഞ്ചരിക്കുന്നത്. ഒരു പ്രദേശത്തിന്റെ ചരിത്രം അതിന്റെ മണ്ണിലും കെട്ടിടങ്ങളിലും മാത്രം രേഖപ്പെടുത്തിയിട്ടില്ല; അവിടുത്തെ മനുഷ്യരുടെ ഭാഷയിലും പാട്ടിലും ആചാരങ്ങളിലും ഭക്ഷണരീതികളിലും ഓർമ്മകളിലും കൂടിയാണ് അത് നിലനിൽക്കുന്നത്. ഈ അർത്ഥത്തിൽ നോക്കുമ്പോൾ കൊങ്കണി ഭാഷയും കേരളവും തമ്മിലുള്ള ബന്ധം ഒരു സാധാരണ ഭാഷാബന്ധമല്ല. നൂറ്റാണ്ടുകളായി നടന്ന ജനസഞ്ചാരങ്ങളുടെയും വ്യാപാരബന്ധങ്ങളുടെയും സാംസ്കാരിക ഇടപെടലുകളുടെയും കഥ കൂടിയാണത്.

പശ്ചിമ തീരത്തിന്റെ ചരിത്രത്തിൽ കൊങ്കണി സമൂഹത്തിനും ഭാഷയ്ക്കും പ്രത്യേക സ്ഥാനമുണ്ട്. ഗോവ, കർണാടക, മഹാരാഷ്ട്ര, കേരളം തുടങ്ങിയ പ്രദേശങ്ങളിലായി കൊങ്കണി സംസാരിക്കുന്ന സമൂഹങ്ങൾ നിലനിൽക്കുന്നു. ഒരേ ഭാഷ സംസാരിക്കുന്നവരായിരുന്നിട്ടും വിവിധ പ്രദേശങ്ങളിലെ സാമൂഹിക സാഹചര്യങ്ങളുമായി ഇണങ്ങിച്ചേർന്ന് കൊങ്കണി പല പ്രാദേശിക രൂപങ്ങളും സ്വഭാവങ്ങളും കൈവരിച്ചു. അതുകൊണ്ടുതന്നെ കൊങ്കണി ഒരു ഏകശിലാഭാഷയല്ല; വ്യത്യസ്ത അനുഭവങ്ങളിലൂടെ വളർന്ന ഒരു സാംസ്കാരിക നദിയാണ്.

കേരളത്തിലേക്കുള്ള കൊങ്കണി സമൂഹത്തിന്റെ സഞ്ചാരത്തിനും ദീർഘമായ ചരിത്രമുണ്ട്. വ്യാപാരവും തൊഴിലും വിദ്യാഭ്യാസവും മത-സാമൂഹിക ബന്ധങ്ങളും വിവിധ ഘട്ടങ്ങളിൽ ഈ ജനസഞ്ചാരത്തിന് കാരണമായി. കൊച്ചിയും വടക്കൻ കേരളത്തിലെ ചില തീരപ്രദേശങ്ങളും കൊങ്കണി സമൂഹത്തിന്റെ സാന്നിധ്യത്തിന് സാക്ഷ്യം വഹിക്കുന്ന ഇടങ്ങളായി മാറി. പുതിയ നാടിനെ സ്വീകരിക്കുമ്പോഴും സ്വന്തം ഭാഷയെയും സംസ്കാരത്തെയും സംരക്ഷിക്കാനുള്ള ശ്രമം ഈ സമൂഹത്തിന്റെ സവിശേഷതയായി.

കേരളത്തിന്റെ ബഹുസ്വരത മനസ്സിലാക്കാൻ കൊങ്കണി സമൂഹത്തിന്റെ ചരിത്രം പഠിക്കുന്നത് ഏറെ പ്രധാനമാണ്. മലയാളം സംസാരിക്കുന്ന സമൂഹത്തോടൊപ്പം കൊങ്കണി, കന്നഡ, തമിഴ്, തുളു തുടങ്ങിയ ഭാഷകൾ സംസാരിക്കുന്ന സമൂഹങ്ങളും കേരളത്തിന്റെ സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ്. അതുകൊണ്ട് കേരളീയ സംസ്കാരം ഒരു ഭാഷയുടെയോ ഒരു സമൂഹത്തിന്റെയോ മാത്രം സൃഷ്ടിയല്ല. പല ഭാഷകളും പല ഓർമ്മകളും പല പാരമ്പര്യങ്ങളും ചേർന്നുണ്ടായ വലിയൊരു സാംസ്കാരിക കൂട്ടായ്മയാണ് കേരളം.

ഭാഷ: ഓർമ്മകളുടെ വീട്

ഒരു സമൂഹത്തിന്റെ ഭാഷ നഷ്ടപ്പെടുമ്പോൾ നഷ്ടമാകുന്നത് വാക്കുകൾ മാത്രമല്ല. അതോടൊപ്പം ചരിത്രത്തിന്റെ ചെറിയ ചെറിയ കഷണങ്ങളും കുടുംബസ്മരണകളും പഴഞ്ചൊല്ലുകളും നാട്ടറിവുകളും പാട്ടുകളും ജീവിതരീതികളും നഷ്ടപ്പെടുന്നു.

കൊങ്കണി ഭാഷയുടെ ചരിത്രം തന്നെ ഈ വസ്തുത വ്യക്തമാക്കുന്നു. വിവിധ ലിപികളിൽ എഴുതപ്പെട്ടും വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത രൂപങ്ങളിൽ സംസാരിക്കപ്പെട്ടും വന്ന കൊങ്കണി, അതിന്റെ വഴിയിലുള്ള സാംസ്കാരിക സമ്പർക്കങ്ങളെ ഉൾക്കൊണ്ടു വളർന്നു. മലയാളവുമായി ഉണ്ടായ ഇടപെടലുകളും കേരളത്തിലെ ജീവിതവുമായി ഉണ്ടായ അടുപ്പവും കൊങ്കണി സമൂഹത്തിന്റെ പ്രാദേശിക അനുഭവങ്ങളെ സമ്പന്നമാക്കി.

ഒരു ഭാഷയെ സംരക്ഷിക്കുന്നത് അതിനെ മ്യൂസിയത്തിൽ സൂക്ഷിക്കുന്നതല്ല. അത് സംസാരിക്കണം, എഴുതണം, വായിക്കണം, പഠിപ്പിക്കണം. പുതിയ തലമുറയ്ക്ക് അതിന്റെ ചരിത്രവും സാഹിത്യവും പരിചയപ്പെടുത്തണം. ഡിജിറ്റൽ കാലത്ത് കൊങ്കണി ഭാഷയുടെ സംരക്ഷണത്തിനും പ്രചാരണത്തിനും പുതിയ സാധ്യതകൾ തുറന്നുകിടക്കുകയാണ്.

പുരുഷോത്തമ മല്യ: ഒരു ഭാഷയുടെ ശബ്ദം

കൊങ്കണി ഭാഷയെയും സാഹിത്യത്തെയും കുറിച്ച് സംസാരിക്കുമ്പോൾ പുരുഷോത്തമ മല്യയെ ഓർക്കേണ്ടത് അനിവാര്യമാണ്. ഒരു ഭാഷയുടെ വളർച്ചയിൽ എഴുത്തുകാരുടെയും ഗവേഷകരുടെയും സാംസ്കാരിക പ്രവർത്തകരുടെയും പങ്ക് നിർണായകമാണ്. സ്വന്തം ഭാഷയെ സ്നേഹിക്കുന്ന ഒരാൾ അതിന്റെ വാക്കുകളെ മാത്രം സംരക്ഷിക്കുന്നില്ല; അതിന്റെ പിന്നിലുള്ള ഒരു സമൂഹത്തിന്റെ ഓർമ്മകളെയാണ് സംരക്ഷിക്കുന്നത്.

പുരുഷോത്തമ മല്യയുടെ പ്രവർത്തനങ്ങളെ ഈ വിശാലമായ പശ്ചാത്തലത്തിൽ കാണാം. കൊങ്കണി ഭാഷയുടെയും അതിന്റെ സാംസ്കാരിക പൈതൃകത്തിന്റെയും പ്രസക്തി തിരിച്ചറിയാനും അതിനെ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ശ്രമിച്ച വ്യക്തിത്വമായി അദ്ദേഹത്തെ വിലയിരുത്തേണ്ടതുണ്ട്. ഭാഷയെ വെറും ആശയവിനിമയ ഉപാധിയായി കാണാതെ ഒരു ജനതയുടെ ആത്മാവിന്റെ ഭാഗമായാണ് സമീപിക്കേണ്ടത് എന്ന ചിന്ത അദ്ദേഹത്തിന്റെ സംഭാവനകളെ പ്രസക്തമാക്കുന്നു.

പ്രാദേശിക ചരിത്രവും ഭാഷയും സംസ്കാരവും രേഖപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പലപ്പോഴും വലിയ ദേശീയ ചരിത്രങ്ങളുടെ നിഴലിൽപ്പെടാറുണ്ട്. എന്നാൽ ഒരു സമൂഹത്തിന്റെ യഥാർത്ഥ ചരിത്രം പൂർണമാകുന്നത് ഇത്തരം പ്രാദേശിക ശബ്ദങ്ങൾ കൂടി അതിൽ ഇടംപിടിക്കുമ്പോഴാണ്. പുരുഷോത്തമ മല്യയെക്കുറിച്ചുള്ള പഠനവും അതുകൊണ്ടുതന്നെ കൊങ്കണി സാഹിത്യചരിത്രത്തിന്റെ ഒരു ഭാഗം മാത്രമല്ല; കേരളത്തിലും പശ്ചിമ തീരത്തും രൂപപ്പെട്ട സാംസ്കാരിക ബന്ധങ്ങളുടെ പഠനവുമാണ്.

നാരായണ പുരുഷോത്തമ മല്ല്യ കൊങ്കണി ഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രത്തിന്റെയും വളർച്ചയ്ക്കായി ദീർഘകാലം പ്രവർത്തിച്ച പ്രമുഖ എഴുത്തുകാരനും ഭാഷാപ്രവർത്തകനുമായിരുന്നു. കൊച്ചിയിൽ കൊങ്കണി ഭാഷാ പ്രചാർ സഭയുടെ സ്ഥാപക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്ന അദ്ദേഹം കൊങ്കണി ഭാഷയ്ക്ക് ദേശീയ അംഗീകാരം ലഭിക്കാനുള്ള പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തു. കൊങ്കണിയെ ഒരു സ്വതന്ത്ര ഇന്ത്യൻ ഭാഷയായി അംഗീകരിക്കാനും ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെടുത്താനുമുള്ള ശ്രമങ്ങളുമായി അദ്ദേഹം ബന്ധപ്പെട്ടിരുന്നതായി സമകാലിക രേഖകൾ വ്യക്തമാക്കുന്നു.

കൊങ്കണി ഭാഷയുടെയും സംസ്കാരത്തിന്റെയും സംരക്ഷണത്തിനായി എഴുത്തിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും അദ്ദേഹം വലിയ സംഭാവന നൽകി. "Konkani Mhanni" ഉൾപ്പെടെ നിരവധി കൃതികൾ അദ്ദേഹം രചിക്കുകയും തമിഴ് തിരുക്കുറൾ കൊങ്കിണിയിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തു. 1992 ഓഗസ്റ്റ് 20-ന് 71-ാം ഭരണഘടനാ ഭേദഗതിയിലൂടെ കൊങ്കണി ദേവനാഗരി ലിപിയിൽ എട്ടാം പട്ടികയിൽ ഉൾപ്പെട്ടത് കൊങ്കണി ഭാഷാ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ നിർണായക ഘട്ടമായിരുന്നു.

കൊങ്കണി സംസ്കാരം: ഓർമ്മയും ജീവിതവും

കൊങ്കണി സംസ്കാരം ഭാഷയിൽ മാത്രം ഒതുങ്ങുന്നില്ല. ഭക്ഷണം, വസ്ത്രധാരണം, കുടുംബബന്ധങ്ങൾ, ഉത്സവങ്ങൾ, ആചാരങ്ങൾ, സംഗീതം, സാഹിത്യം, ക്ഷേത്ര-സാമൂഹിക പാരമ്പര്യങ്ങൾ, ജനകീയ ഓർമ്മകൾ തുടങ്ങി ജീവിതത്തിന്റെ പല തലങ്ങളിലും അതിന്റെ സാന്നിധ്യമുണ്ട്.

കേരളത്തിൽ എത്തിയ കൊങ്കണി സമൂഹങ്ങൾ തങ്ങളുടെ പാരമ്പര്യങ്ങൾ നിലനിർത്തിയതോടൊപ്പം കേരളീയ ജീവിതവുമായി സ്വാഭാവികമായ സാംസ്കാരിക ഇടപെടലുകളും നടത്തി. ഇതാണ് സംസ്കാരങ്ങളുടെ സ്വാഭാവിക സ്വഭാവം. സംസ്കാരങ്ങൾ മതിലുകൾ കെട്ടി വേർതിരിഞ്ഞുനിൽക്കുന്നില്ല; അവ പരസ്പരം കാണുകയും സ്വീകരിക്കുകയും മാറ്റങ്ങളിലൂടെ പുതിയ രൂപങ്ങൾ നേടുകയും ചെയ്യുന്നു.

കൊങ്കണി സമൂഹത്തിന്റെ കേരളബന്ധം അതിന്റെ മികച്ച ഉദാഹരണമാണ്. സ്വന്തം ഭാഷയും പാരമ്പര്യവും നിലനിർത്തിക്കൊണ്ട് മലയാളത്തിന്റെ സാംസ്കാരിക അന്തരീക്ഷത്തിൽ ജീവിക്കുക എന്നത് ഒരു സാംസ്കാരിക സഹവർത്തിത്വത്തിന്റെ മാതൃകയാണ്.

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ കൊങ്കണി ഭാഷയ്ക്കും കൊങ്കണി സമൂഹത്തിനും സവിശേഷമായ സ്ഥാനമുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് ഗോവയിൽനിന്നും കൊങ്കൺ തീരപ്രദേശങ്ങളിൽനിന്നും കേരളത്തിലെത്തിയ കൊങ്കണി ജനത ഇവിടെ സ്വന്തം ഭാഷയും സംസ്കാരവും സംരക്ഷിച്ചുകൊണ്ട് മലയാളികളുമായി ഇഴുകിച്ചേർന്നു. വ്യാപാരം, തൊഴിൽ, മതപരമായ ബന്ധങ്ങൾ, സാമൂഹിക ഇടപെടലുകൾ എന്നിവയിലൂടെ കേരളത്തിന്റെ ജീവിതത്തിന്റെ ഭാഗമായി മാറിയ ഈ സമൂഹം ഭാഷാ-സാംസ്കാരിക വൈവിധ്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകി. കൊങ്കണി കുടുംബങ്ങളിൽ മാതൃഭാഷയ്ക്ക് ഇന്നും വലിയ പ്രാധാന്യമുണ്ട്. വീട്ടിൽ കൊങ്കണി സംസാരിക്കുമ്പോൾ പൊതുജീവിതത്തിലും വിദ്യാഭ്യാസത്തിലും ജോലിസ്ഥലങ്ങളിലും മലയാളം സ്വാഭാവികമായി ഉപയോഗിക്കുന്നു. മലയാളവും കൊങ്കണിയും ഒരുപോലെ കൈകാര്യം ചെയ്യുന്ന നിരവധി കുടുംബങ്ങളുണ്ട്. മലയാളി

അയൽക്കാരുമായും സുഹൃത്തുക്കളുമായും രൂപപ്പെടുന്ന ബന്ധങ്ങൾ ഭാഷാപരമായ അതിരുകൾ മറികടക്കുന്നു. സ്വന്തം ഭാഷയും പാരമ്പര്യവും സംരക്ഷിക്കുന്നതിനൊപ്പം കേരളത്തിന്റെ സാമൂഹിക ജീവിതവുമായി ഇഴുകിച്ചേരുന്ന ഈ രീതി സാംസ്കാരിക സഹവർത്തിത്വത്തിന്റെ മനോഹരമായ മാതൃകയാണ്. കൊങ്കണി ഭാഷക്കാരുടെ ഭക്ഷണ രീതികളും വ്യത്യാസമാണ്. പൊതുവേ പച്ചരി ആണ് അവർ ഉച്ചയൂണിന് കഴിക്കുന്നത്. ദാളി തോയ് എന്നുള്ള പരിപ്പ് കറിയാണ് ഊണിന് മുഖ്യമായി ഉണ്ടാവുക. പിന്നെ വിവിധതരം , പയർ വർഗ്ഗങ്ങൾ, ഇലക്കറികൾ, പപ്പടം, ഓടി എന്നുള്ള ഒരു കൊങ്കണി വിഭവം, ഗോഡ്ഷേ എന്നുള്ള പായസം, ബിബ് യാ ഉപ്കേറി, ചെണ്യാഘോഷി, വൽവൽ, അപ്പോളു എന്ന മുളക് പപ്പടം, ചേമ്പില കൊണ്ട് ഉണ്ടാക്കുന്ന പത്രവട, സൂര്ണലി എന്ന ദോശ, ഗോളി ബജി, ഉബ്ബട്ടി, ബിസ്കട്ട് റൊട്ടി, സോങ്, സൊയി ബജ്ജിലെ ഘോഷി,ബറ്റാട്ടെ വാഹു, സാറു, വെജിറ്റബിൾ പുല്ലാവ്, കാശി ഹൽവ, ബ ട്ടാട്ട അമ്പാടോ, കൊത്തമ്പരി പല്ലയാ ഘഷി, ജീവ് ഖേദഘി ബജി, വാൽ അല്ല പിയാ വു ഘശി, തം ഭേളി, കഡ്ഗി ചക്കോ, ബ ട്ടാട്ട പോവു, വിവിധതരം കൊങ്കണി അച്ചാറുകൾ, ഷെവൈ,നിപ്പറ്റ്, കോട്ടോ എന്ന ഇഡ്ഡലി, പേനൊരി എന്ന മധുര വിഭവം,അമ്പ്യാ ഹമൻ,ഹൾടി പാൻ പത്തൊലി,മോഡക്, തുടങ്ങി ധാരാളം കൊങ്ങിണി വിഭവങ്ങൾ അവരുടെ ഭക്ഷണത്തിൽ നമുക്ക് കാണുവാൻ സാധിക്കും. ഭക്ഷണ രീതികളിൽ അവരുടേതായ സ്ഥാനം ഉണ്ടെങ്കിലും അവർ മലയാള സംസ്കാരവും ഭക്ഷണരീതികളുമായി ഇടപഴകി ജീവിക്കുന്നു.

കേരളം: പല ഭാഷകളുടെ പൊതുവീട്

കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ കടലും വ്യാപാരവും ജനസഞ്ചാരവും എത്ര വലിയ പങ്കാണ് വഹിച്ചതെന്ന് മനസ്സിലാകും. അറബിക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന കേരളം പുരാതനകാലം മുതൽ തന്നെ വിവിധ ജനവിഭാഗങ്ങളുടെയും ഭാഷകളുടെയും ആശയങ്ങളുടെയും സംഗമഭൂമിയായിരുന്നു.

കൊങ്കണി സമൂഹവും ഈ വലിയ ചരിത്രത്തിന്റെ ഭാഗമാണ്. കേരളത്തിൽ താമസിക്കുന്ന കൊങ്കണി കുടുംബങ്ങളുടെ വീടുകളിൽ സംസാരിക്കുന്ന ഭാഷയും അവരുടെ ആചാരങ്ങളും ഭക്ഷണവും ആഘോഷങ്ങളും കേരളത്തിന്റെ ബഹുസ്വര സംസ്കാരത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു.

ഇവിടെ ഒരു പ്രധാന ചോദ്യമുണ്ട്: ഒരു സമൂഹം സ്വന്തം ഭാഷ സംരക്ഷിക്കുമ്പോൾ അത് സമൂഹത്തിൽ നിന്ന് അകന്നു നിൽക്കുകയാണോ?

അല്ല.

മറിച്ച്, സ്വന്തം ഭാഷയും സംസ്കാരവും ആത്മവിശ്വാസത്തോടെ സംരക്ഷിക്കുന്ന സമൂഹമാണ് മറ്റുള്ളവരുടെ ഭാഷയെയും സംസ്കാരത്തെയും കൂടുതൽ ബഹുമാനിക്കാൻ പഠിക്കുന്നത്. അതുകൊണ്ടാണ് കൊങ്കണി ഭാഷയുടെ സംരക്ഷണം കേരളത്തിന്റെ ബഹുസ്വരതയെ ദുർബലപ്പെടുത്തുന്നതല്ല; ശക്തിപ്പെടുത്തുന്നതാണ്.

പുതുതലമുറയും കൊങ്കണിയുടെ ഭാവിയും

ഇന്ന് കൊങ്കണി ഭാഷ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന് തലമുറകളിലേക്കുള്ള ഭാഷാപകർച്ചയാണ്. കുടുംബങ്ങളിൽ മാതൃഭാഷയുടെ ഉപയോഗം കുറയുകയും വിദ്യാഭ്യാസത്തിന്റെയും തൊഴിൽ മേഖലയുടെയും ഭാഗമായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുകയും ചെയ്യുമ്പോൾ ചെറിയ ഭാഷകൾക്ക് പുതിയ വെല്ലുവിളികൾ ഉയരുന്നു.

എന്നാൽ സാങ്കേതികവിദ്യയെ ഭാഷയുടെ ശത്രുവായി മാത്രം കാണേണ്ടതില്ല. മൊബൈൽ ഫോണുകളും സാമൂഹ്യമാധ്യമങ്ങളും ഡിജിറ്റൽ ലൈബ്രറികളും ഓൺലൈൻ പ്രസിദ്ധീകരണങ്ങളും കൊങ്കണിക്ക് പുതിയ വേദികൾ നൽകുന്നു. പഴയ പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്യുക, പഴയ പാട്ടുകളും രേഖകളും ശേഖരിക്കുക, കൊങ്കണി-മലയാളം നിഘണ്ടുക്കൾ വികസിപ്പിക്കുക, കുട്ടികൾക്കായി ഡിജിറ്റൽ പഠനസാമഗ്രികൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഭാഷയുടെ ഭാവിയെ കൂടുതൽ സുരക്ഷിതമാക്കും.

ഇത്തരം പ്രവർത്തനങ്ങളിൽ പുരുഷോത്തമ മല്യയെപ്പോലുള്ള ഭാഷാസ്നേഹികളുടെ സംഭാവനകളെ പുതിയ തലമുറയിലേക്ക് എത്തിക്കേണ്ടതും പ്രധാനമാണ്. വ്യക്തികളെ മാത്രം ഓർക്കുന്നതിനു പകരം അവർ പ്രതിനിധീകരിച്ച ഭാഷാ-സാംസ്കാരിക ദൗത്യത്തെ മുന്നോട്ടുകൊണ്ടുപോകുകയാണ് യഥാർത്ഥ ആദരവ്.

 ISSN No: 3049-0316

പുതുതലമുറയുടെ കൈകളിലാണ് കൊങ്കണി ഭാഷയുടെയും സംസ്കാരത്തിന്റെയും ഭാവി. ആഗോളവൽക്കരണത്തിന്റെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും കാലത്ത് വളരുന്ന പുതിയ തലമുറയ്ക്ക് മാതൃഭാഷയുമായി ആത്മബന്ധം നിലനിർത്താൻ കുടുംബങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സാംസ്കാരിക സംഘടനകൾക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. വീടുകളിൽ കൊങ്കണി സംസാരിക്കുന്നതിലൂടെയും കുട്ടികൾക്ക് ഭാഷയിലെ പാട്ടുകളും കഥകളും സാഹിത്യവും പരിചയപ്പെടുത്തുന്നതിലൂടെയും ഈ ബന്ധം കൂടുതൽ ശക്തമാക്കാം. സാമൂഹിക മാധ്യമങ്ങൾ, ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ, ഡിജിറ്റൽ പുസ്തകങ്ങൾ, ഭാഷാ പഠന ആപ്പുകൾ എന്നിവയിലൂടെ കൊങ്കണിയെ പുതിയ തലമുറയുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കാൻ കഴിയും. മലയാളം ഉൾപ്പെടെയുള്ള മറ്റു ഭാഷകളുമായി സൗഹൃദപൂർവം ഇടപഴകുമ്പോഴും സ്വന്തം ഭാഷയുടെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കേണ്ടത് പ്രധാനമാണ്. കൊങ്കണി ഭാഷയുടെ ചരിത്രവും സാഹിത്യവും സംസ്കാരവും അടുത്ത തലമുറയിലേക്ക് കൈമാറുന്നതിനൊപ്പം പുതിയ രചനകൾക്കും പഠനങ്ങൾക്കും അവസരമൊരുക്കണം. ഭാഷയെ വെറും പൈതൃകത്തിന്റെ അടയാളമായി കാണാതെ, ആശയവിനിമയത്തിന്റെയും വിജ്ഞാനത്തിന്റെയും സർഗാത്മകതയുടെയും സജീവ മാധ്യമമായി വളർത്തുമ്പോഴാണ് അതിന്റെ ഭാവി കൂടുതൽ സുരക്ഷിതമാകുന്നത്. പുതിയ തലമുറ കൊങ്കണിയെ അഭിമാനത്തോടെ സ്വന്തം ജീവിതത്തിൽ സ്വീകരിക്കുമ്പോൾ, ഭാഷയുടെ നിലനിൽപ്പിനൊപ്പം അതിന്റെ വളർച്ചയും പുതിയ സാധ്യതകൾ തുറന്നുവരും.

കേരളവും കൊങ്കണിയും: പങ്കിട്ടൊരു തീരചരിത്രം

കേരളവും കൊങ്കണി സംസ്കാരവും തമ്മിലുള്ള ബന്ധത്തെ വെറും ഒരു കൂടിയേറ്റചരിത്രമായി കാണുന്നത് അതിനെ ചുരുക്കിക്കാണുന്നതായിരിക്കും. അറബിക്കടലിന്റെ തീരത്ത് പരസ്പരം ബന്ധപ്പെട്ടു വളർന്ന സമൂഹങ്ങളുടെ ഒരു പങ്കിട്ട ചരിത്രമാണത്.

കടൽ മനുഷ്യരെ വേർതിരിക്കുന്നതിലുപരി പലപ്പോഴും അവരെ ബന്ധിപ്പിച്ചിട്ടുമുണ്ട്. തുറമുഖങ്ങൾ വ്യാപാരത്തിന്റെ കേന്ദ്രങ്ങൾ മാത്രമായിരുന്നില്ല; അവ ഭാഷകളുടെയും ഭക്ഷണങ്ങളുടെയും വിശ്വാസങ്ങളുടെയും കലകളുടെയും ആശയങ്ങളുടെയും കൈമാറ്റകേന്ദ്രങ്ങളുമായിരുന്നു.

അത്തരം സാംസ്കാരിക സഞ്ചാരങ്ങളുടെ തുടർച്ചയിലാണ് കേരളത്തിലെ കൊങ്കണി സാന്നിധ്യത്തെയും കാണേണ്ടത്. അതിനാൽ കൊങ്കണി ഭാഷയുടെ ചരിത്രം പഠിക്കുന്നത് ഒരു ഭാഷയുടെ ചരിത്രം മാത്രം പഠിക്കുന്നതല്ല; കേരളത്തിന്റെ ബഹുസ്വരതയുടെ വേരുകളിലേക്കുള്ള ഒരു യാത്ര കൂടിയാണ്.

കൊങ്കണിയുമായി ബന്ധമുള്ള പ്രശസ്ത വ്യക്തിത്വങ്ങൾ

ഇപ്പോഴത്തെ കേരള ഗവർണർ ബഹുമാനപ്പെട്ട രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മനോഹർ പരീക്കർ — മുൻ ഗോവ മുഖ്യമന്ത്രി, മുൻ കേന്ദ്ര പ്രതിരോധമന്ത്രി; സുരേഷ് പ്രഭു — മുൻ കേന്ദ്ര റെയിൽവേ മന്ത്രി, മുൻ കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി, മുൻ കേന്ദ്ര വ്യോമയാന മന്ത്രി; കാശിനാഥ് ത്രിമ്പക് തെലങ്ങ് — ബോംബെ ഹൈക്കോടതി ജഡ്ജി, പണ്ഡിതൻ, വിദ്യാഭ്യാസപ്രവർത്തകൻ; എൻ. ജി. ചന്ദ്രവർക്കർ — ജഡ്ജി, രാഷ്ട്രീയപ്രവർത്തകൻ, സാമൂഹിക പരിഷ്കർത്താവ്; ടി. എം. എ. പൈ — വിദ്യാഭ്യാസപ്രവർത്തകൻ, മണിപ്പാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സിൻഡിക്കേറ്റ് ബാങ്കിന്റെയും സ്ഥാപകൻ; അമ്മേംബൽ സുബ്ബറാവു പൈ — കാനറ ബാങ്കിന്റെ സ്ഥാപകൻ; കെ. വി. കാമത്ത് — പ്രമുഖ ബാങ്കർ, മുൻ ഐ.സി.ഐ.സി.ഐ ബാങ്ക് ചെയർമാൻ; ടി. എ. പൈ — ബാങ്കിംഗ് മേഖലയിലെ പ്രമുഖനും മുൻ കേന്ദ്രമന്ത്രിയുമായിരുന്ന വ്യക്തി. സാഹിത്യ-കലാ മേഖലയിൽ ശെണോയ് ഗോയംബാബ് — കൊങ്കണി എഴുത്തുകാരനും ഭാഷാപ്രവർത്തകനും; എം. ഗോവിന്ദ പൈ — കന്നഡ കവിയും സാഹിത്യകാരനും; ആർ. ജി. ഭണ്ഡാർക്കർ — പണ്ഡിതനും സാമൂഹിക പരിഷ്കർത്താവും; വിജയ് ടെൻഡുൽക്കർ — നാടകകൃത്തും തിരക്കഥാകൃത്തും പത്രപ്രവർത്തകനും; സിനിമാരംഗത്ത് ഉദയത്ത് — നടനും സംവിധായകനും; ശ്യാം ബെനഗൽ — ചലച്ചിത്ര സംവിധായകൻ; ഗിരീഷ് കർണാട് — നാടകകൃത്തും നടനും സംവിധായകനും; അനന്ത് നാഗ് — കന്നഡ നടൻ; ശങ്കർ നാഗ് — നടനും സംവിധായകനും. കായികരംഗത്ത് ദിലീപ് സർദേശായി, അജിത് വഡേക്കർ, സുനിൽ ഗവാസ്കർ തുടങ്ങിയവർ കൊങ്കണി ഭാഷയുമായി വളരെ അടുത്ത ബന്ധമുള്ളവരാണ്.

ISSN No: 3049-0316

സംരക്ഷിക്കേണ്ടത് ഒരു ഭാഷ മാത്രമല്ല

കൊങ്കണി ഭാഷയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം ഓർക്കണം. ഒരു ഭാഷ നിലനിൽക്കുന്നത് അതിന്റെ സംസാരിക്കുന്നവരുടെ എണ്ണം കൊണ്ടു മാത്രം തീരുമാനിക്കപ്പെടുന്നില്ല. ആ ഭാഷയ്ക്ക് നൽകുന്ന സാമൂഹിക ബഹുമാനവും അതിന്റെ സാഹിത്യസമ്പത്തിനെക്കുറിച്ചുള്ള ബോധവും പുതിയ തലമുറയുടെ താൽപര്യവുമാണ് അതിന്റെ ഭാവി നിർണയിക്കുന്നത്.

പുരുഷോത്തമ മല്യയുടെ ജീവിതവും പ്രവർത്തനങ്ങളും ഈ സന്ദേശത്തിന്റെ പശ്ചാത്തലത്തിൽ വീണ്ടും വായിക്കേണ്ടതാണ്. സ്വന്തം ഭാഷയ്ക്കുവേണ്ടിയുള്ള ഒരാളുടെ പ്രവർത്തനം ഒടുവിൽ മനുഷ്യന്റെ വൈവിധ്യത്തിനുവേണ്ടിയുള്ള പ്രവർത്തനമായി മാറുന്നു.

കേരളത്തിന്റെ മഹത്തായ സാംസ്കാരിക പാരമ്പര്യം അതിന്റെ വൈവിധ്യത്തിലാണ്. മലയാളം അതിന്റെ പ്രധാന ഭാഷയായിരിക്കുമ്പോഴും കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ കൊങ്കണിക്കും മറ്റ് ഭാഷകൾക്കും അവരുടേതായ ഇടമുണ്ട്. ആ ഇടം സംരക്ഷിക്കപ്പെടുമ്പോഴാണ് കേരളത്തിന്റെ ബഹുസ്വരത കൂടുതൽ അർത്ഥവത്താകുന്നത്.

ഉപസംഹാരം

കൊങ്കണി ഭാഷ ഒരു ജനതയുടെ വാക്കുകളുടെ സമാഹാരം മാത്രമല്ല; യാത്രകളുടെയും കുടിയേറ്റങ്ങളുടെയും ഓർമ്മകളുടെയും ജീവിതാനുഭവങ്ങളുടെയും സാംസ്കാരിക സൃഷ്ടികളുടെയും സമ്പത്താണ്. പുരുഷോത്തമ മല്യയെ ഓർക്കുന്നത് ആ ഭാഷയോടും സംസ്കാരത്തോടുമുള്ള ഒരു ആദരവാണ്.

കേരളവും കൊങ്കണി സമൂഹവും തമ്മിലുള്ള ബന്ധം നമ്മെ പഠിപ്പിക്കുന്നത് വളരെ ലളിതമായ ഒരു വലിയ സത്യമാണ്: വ്യത്യസ്ത ഭാഷകൾ ഒരുമിച്ച് ജീവിക്കുമ്പോൾ ഒരു സമൂഹം ദുർബലമാകുന്നില്ല; മറിച്ച് അതിന്റെ സാംസ്കാരിക സമ്പത്ത് വർധിക്കുന്നു.

അതുകൊണ്ട് കൊങ്കണിയെ സംരക്ഷിക്കുന്നത് കൊങ്കണി സമൂഹത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല. കേരളത്തിന്റെ ബഹുസ്വര സാംസ്കാരിക പൈതൃകം സംരക്ഷിക്കാനുള്ള കൂട്ടായ ഉത്തരവാദിത്തത്തിന്റെ ഭാഗമാണ് അത്.

കടൽത്തീരങ്ങളിലൂടെ സഞ്ചരിച്ച മനുഷ്യർ പിന്നിൽ വിട്ടുപോയ ഭാഷകളും ഓർമ്മകളും ഇന്നും നമ്മോടു സംസാരിക്കുന്നു. ആ ശബ്ദങ്ങളിൽ കൊങ്കണിയുടെയും ഒരു സ്വരമുണ്ട്. ആ സ്വരം കേൾക്കുകയും രേഖപ്പെടുത്തുകയും അടുത്ത തലമുറയിലേക്ക് കൈമാറുകയും ചെയ്യുക എന്നതാണ് നമ്മുടെ കാലത്തിന്റെ സാംസ്കാരിക കടമ.

സഹായകഗ്രന്ഥങ്ങൾ

1. José Pereira , Literary Konkani: A Brief History , Konkani Sahitya Prakashan, Bombay — 1973.
2. Manohararya Saradesya ,A History of Konkani Literature: From 1500 to 1992 — Sahitya Akademi, New Delhi , 2000.
3. Government of India , The Constitution (Seventy-First Amendment) Act, 1992 — New Delhi — 1992.
4. Government of Goa , The Goa Official Language Act, 1987 , Panaji , 1987.

സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

ആനന്ദത്തിന്റെ തടവറകളും വിമോചനത്തിന്റെ ആകാശങ്ങളും: 'ആനന്ദഭാരം' നോവലിലെ സ്ത്രീത്വത്തിന്റെ നിസ്സഹായതയും പ്രതിരോധവും



ലിസ്മിയ റോസ് കെ ജോജോ*

സംഗ്രഹം

വർത്തമാനകാല മലയാള നോവൽ സാഹിത്യത്തിൽ സ്ത്രീപക്ഷ ആഖ്യാനങ്ങളുടെ പുതിയ ദാർശനിക തലം അവതരിപ്പിക്കുന്ന ഏഴുത്തുകാരിയാണ് ജിസ ജോസ്. സ്ത്രീ സമത്വവും, സ്വാതന്ത്ര്യവും നിരന്തരം ചോദ്യം ചെയ്യലുകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കാലത്ത് കുടുംബവും, മതതത്വരാഷ്ട്ര സംഹിതകളും സ്ത്രീകൾക്ക് മുമ്പിൽ വെല്ലുവിളികളായി മാറുന്നതിന്റെ ഭിന്നതലങ്ങൾ ഈ എഴുത്തുകാരിയുടെ കൃതികളിൽ കണ്ടെത്താം. പെൺകർതൃത്വങ്ങളുടെ പുതിയ മുഖമാണ് ജിസജോസിന്റെ നോവലുകളിലെ സ്ത്രീ കഥാപാത്രങ്ങൾ. പുരുഷസത്ത സ്ത്രീ ശരീരങ്ങൾക്കുമേൽ നിയമങ്ങളും മാനദണ്ഡങ്ങളും വെച്ചുപുലർത്തുന്നതിനെയും ഈ എഴുത്തുകാരി തുറന്നെഴുതുന്നത് കാണാം. ഇത്തരത്തിൽ ഒരു തുറന്നെഴുതാണ് ജിസ ജോസിന്റെ 'ആനന്ദഭാരം' എന്ന നോവൽ. വീട്, കുടുംബം, ദാമ്പത്യം തുടങ്ങിയ വ്യവസ്ഥാപിത 'പെണ്ണകങ്ങൾക്കുള്ളിൽ' ജീവിക്കേണ്ടിവരുന്ന സ്ത്രീകൾ അനുഭവിക്കുന്ന ആന്തരിക സംഘർഷങ്ങളെയും, അവർ നടത്തുന്ന നിശബ്ദമായ പ്രതിരോധങ്ങളെയും കുറിച്ചുള്ള അന്വേഷണമാണ് ഈ നോവൽ. 'ആനന്ദം' എന്ന് സമൂഹം നിർവ്വചിക്കുന്ന കുടുംബജീവിതം എങ്ങനെയാണ് സ്ത്രീയുടെ മേൽ താങ്ങാനാവാത്ത 'ഭാര'മായി മാറുന്നത് എന്ന വൈരുദ്ധ്യമാണ് നോവലിന്റെ കേന്ദ്രാശയം. നോവലിലെ രണ്ട് പ്രധാന കഥാപാത്രങ്ങളായ രത്നമേഖല, വിനോദിനി എന്നിവരിലൂടെയാണ് എഴുത്തുകാരി സ്ത്രീത്വത്തിന്റെ നിസ്സഹായതകളെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്. പുരുഷാധിപത്യപരമായ കുടുംബ വ്യവസ്ഥിതി സ്ത്രീയുടെ അധ്വാനത്തെയും ത്യാഗത്തെയും 'സ്വാഭാവിക കർത്തവ്യം' എന്ന് ലളിതവൽക്കരിക്കുമ്പോൾ അതിനെതിരെ സ്ത്രീകൾ തീർക്കുന്ന അദൃശ്യ പ്രതിരോധനിരയെയും വായനയുടെ മധ്യത്തിൽ കണ്ടെത്താം. ഒടുവിൽ വ്യവസ്ഥിതിയുടെ ചങ്ങലകൾ പൊട്ടിച്ചെറിയുന്ന സ്ത്രീ വിമോചനത്തിന്റെ പ്രഖ്യാപനമായി നോവൽ മാറുന്നു. സ്ത്രീ ജീവിതത്തിന്റെ അസ്ഥിരതയെയും, സ്ത്രീത്വത്തിന്റെ അതിജീവനത്തെയും 'ആനന്ദഭാരം' എന്ന നോവൽ ആവിഷ്ക്കരിക്കുന്നതിന്റെ വ്യത്യസ്ത തലങ്ങളെ കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

താക്കോൽവാക്കുകൾ: സ്ത്രീസ്വത്വം, സാഹിത്യം, പെണ്ണകം, ആനന്ദഭാരം, പുരുഷസത്ത

* അധ്യാപിക, മലയാളവിഭാഗം, പവനാത്മാ കോളേജ് മുരിക്കാശ്ശേരി

ആമുഖം

മലയാള നോവൽ സാഹിത്യത്തിൽ സ്ത്രീജീവിതത്തിന്റെ സങ്കീർണ്ണതകളെയും, പെണ്മനസുകളുടെ ആന്തരിക തലങ്ങളെയും തികച്ചും സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന എഴുത്തുകാരിയാണ് ജിസ ജോസ്. ചപലവും, അസ്ഥിരവുമെന്ന് സമൂഹം വിധിയെഴുതുന്ന പെൺജീവിതങ്ങളുടെ നിശബ്ദമായ സംഘർഷങ്ങളെയും, പ്രതിരോധനിങ്ങളെയും വരച്ചുകാട്ടുന്ന ജിസ ജോസിന്റെ കൃതിയാണ് 'ആനന്ദഭാരം'. പുരുഷാധിപത്യത്തിന്റെ സാമ്പ്രദായിക ഭാവുകത്വങ്ങളെയും കുടുംബം എന്ന വ്യവസ്ഥിതിയെയും ചോദ്യം ചെയ്തുകൊണ്ട് എഴുതപ്പെട്ട കൃതികളുടെ നിരയിലേക്ക് ചേർത്തുവെക്കാവുന്ന മികച്ച നോവലാണിത്. പെൺമനസ്സിന്റെ നിഗൂഢതകളിലേക്കും, പുറംലോകം കാണാത്ത ആന്തരിക സംഘർഷങ്ങളിലേക്കും വിരൽ ചൂണ്ടുന്നതിൽ ഈ എഴുത്തുകാരി പുലർത്തുന്ന സൂക്ഷ്മത ശ്രദ്ധേയമാണ്. ദുർബലമെന്ന് സമൂഹം ലളിതവൽക്കരിക്കുന്ന പെൺജീവിതങ്ങൾ, അവർക്ക് ചുറ്റുമുള്ള അധികാര രൂപങ്ങളോട് എങ്ങനെയാണ് കലഹിക്കുന്നതെന്നും അതിജീവിക്കുന്നതെന്നും ഈ നോവൽ സവിശേഷമായി ചർച്ച ചെയ്യുന്നു. നോവലിന്റെ പേര് തന്നെ വായനക്കാരന്റെ ഉള്ളകങ്ങളിൽ പല ചോദ്യങ്ങൾ ഉണർത്തുന്നു. കാലാകാലങ്ങളായി ആനന്ദം നൽകുന്ന വിവാഹം, കുടുംബം തുടങ്ങിയ ആശയ സംഹിതകൾക്ക് നേരെ ഉയരുന്ന ചോദ്യമാണത്. വായനക്കാരന്റെ ഈ ചോദ്യങ്ങൾക്ക് ഉത്തരമാണ് നോവലിലെ രത്നമേഖല. അവളുടെ കഥയാണിത്. രത്നമേഖല എന്ന കേന്ദ്രത്തിനു ചുറ്റും വലം വെക്കുന്ന മറ്റു സ്ത്രീ ജീവിതങ്ങൾ. വിനോദിനി, പരിമളം, മേരിപ്രീത, മരതകം എന്നിങ്ങനെ പല സ്ത്രീകൾ നോവലിന്റെ വിവിധഘട്ടങ്ങളിലായി വായനക്കാരിലേക്ക് എത്തിച്ചേരുന്നു. ഓരോരുത്തരുടെയും കഥ വ്യത്യസ്തമെങ്കിലും പുരുഷസത്തക്കു കീഴിൽ അടിച്ചമർത്തപ്പെടുന്ന പെണ്ണകങ്ങളുടെ ഭിന്നമുഖങ്ങളാണവർ.

'ആനന്ദഭാരം': തലക്കെട്ടിലെ വൈരുദ്ധ്യവും ആശയതലവും

നോവലിന്റെ പേര് തന്നെ വലിയൊരു ദാർശനിക വൈരുദ്ധ്യത്തെ (Paradox) മുന്നോട്ട് വെയ്ക്കുന്നുണ്ട്. 'ആനന്ദം' എന്നതുകൊണ്ട് നാം പൊതുവെ അർഥമാക്കുന്നത് സന്തോഷകരമായതൊ ആഹ്ലാദം ജനിപ്പിക്കുന്നതോ ആയ അവസ്ഥയെയോ അനുഭവത്തെയോ ആണ്. ഭാരം എന്നത് താങ്ങാൻ പറ്റാത്തതോ, ബുദ്ധിമുട്ട് ഉണ്ടാക്കുന്നതോ ആയ ഒന്നാണ്. ആനന്ദവും ഭാരവും ഒരേ അവസ്ഥയിൽ നിലനിൽക്കാത്ത രണ്ട് സംജ്ഞകൾ. എഴുത്തുകാരി സ്വീകരിച്ചിരിക്കുന്നത് ഇങ്ങനെ ഒരു ശീർഷകവും. വൈരുധ്യം നിലനിൽക്കുന്ന ആ ശീർഷകം തന്നെ നോവലിന്റെ ആശയകേന്ദ്രത്തിലേക്ക് വായനക്കാരെ കൊണ്ടുപോകുന്നതിനലാകാം ഇത്തരമൊരു ബോധപൂർവമായ തിരഞ്ഞെടുപ്പിന് രചയിതാവ് തയ്യാറായതെന്ന് കരുതാം. ഈ ആനന്ദവും ഭാരവും സ്ത്രീത്വത്തിന്റെ ഉള്ളകങ്ങളുമായി ബന്ധപ്പെട്ട് അവതരിപ്പിക്കാൻ ശ്രമിക്കുന്ന രണ്ട് ആശയങ്ങളാണ്. കാലാകാലങ്ങളായി പുരുഷസത്ത പറഞ്ഞുവെക്കുന്ന എന്നാൽ, ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം അവൾ ജീവിക്കുന്ന കുടുംബം, അവളുടെ മാതൃത്വം, അവളുടെ ദാമ്പത്യം എന്നിവയെല്ലാം സമൂഹത്തിന്റെ കണ്ണിൽ 'ആനന്ദ'മായിരിക്കുമ്പോൾ തന്നെ അവളുടെ ഉള്ളിൽ അത് താങ്ങാനാവാത്ത 'ഭാര'മായി മാറുന്നു. സുരക്ഷിതമെന്ന് കരുതിയിരുന്ന ജീവിതങ്ങളിലേക്ക് തികച്ചും അപ്രതീക്ഷിതമായി കടന്നുവരുന്ന അസ്വസ്ഥതകളും നൈരാശ്യങ്ങളുമാണ് നോവലിൽ ഉടനീളം കാണാവുന്നത്. സ്വയം അതൊരു ഭാരമാണെന്ന് മനസ്സിലാക്കുമ്പോഴും അത് വഹിക്കാൻ സ്വയം അവർ തയ്യാറാകുന്നു. നോവലിലെ സ്ത്രീകളെല്ലാം ഇത്തരത്തിൽ ആനന്ദമെന്നു പറയുന്ന ഭാരം പേറുന്നവരാണ്. പുരുഷവ്യവസ്ഥിതി നൽകുന്ന 'സുരക്ഷിതത്വം' എന്ന കെണിയിൽ വീണുപോകുന്ന സ്ത്രീത്വത്തിന്റെ നിസ്സഹായതയാണ് നോവലിന്റെ കേന്ദ്രാശയം.

പെണ്ണകങ്ങളുടെ ഭൂമിശാസ്ത്രം: റെയിൽവേ ക്വാർട്ടേഴ്സുകളുടെ പ്രതീകാത്മകത

നോവലിന്റെ കഥാപരിസരം വികസിക്കുന്നത് അടുത്തടുത്തു നിൽക്കുന്ന കുറെ റെയിൽവേ ക്വാർട്ടേഴ്സുകളിലൂടെയാണ്. ഈ ക്വാർട്ടേഴ്സുകൾ കഥാപാത്രങ്ങളുടെ ആന്തരികാവസ്ഥയുടെ പ്രതിഫലനം കൂടിയാണ്. ഈ ക്വാർട്ടേഴ്സുകൾ സ്ത്രീകളുടെ പരിമിതപ്പെടുത്തപ്പെട്ട ജീവിതത്തെയും സ്വാതന്ത്ര്യത്തെയുമാണ് സൂചിപ്പിക്കുന്നത്. "കല്യാണം കഴിഞ്ഞ് കൃത്യം മുപ്പത്തിമൂന്നാമത്തെ ദിവസം ഈ രണ്ടു മുറി ക്വാർട്ടേഴ്സിൽ കുടുങ്ങിയതാണ് രത്നമേഖലയുടെ ജീവിതം" (ജിസ ജോസ്, 2025, പുറം. 13). ഇതിലും ലളിതമായി കഥാനായികയെ അവതരിപ്പിക്കാൻ എഴുത്തുകാരിക്ക് സാധിക്കില്ല. കേന്ദ്ര കഥാപാത്രത്തിന്റെ അവസ്ഥയും, നിസ്സഹായതയും ഈ വരികൾ വിളിച്ചോതുന്നുണ്ട്. രത്നമേഖലയുടെ മാത്രമല്ല കഥയിലെ ഇതര കഥാപാത്രങ്ങളായ സ്ത്രീകളും

 ISSN No: 3049-0316

ഈ ചുമരുകളുടെ അതിരുകളിൽ അമർന്നു ജീവിക്കുന്നവരാണ്. ഒരു ചുമരിനപ്പുറവും ഇപ്പുറവും ജീവിക്കുന്ന സ്ത്രീ മനസ്സഞ്ചാരങ്ങളെ ഒപ്പിയെടുക്കാൻ ഈ പശ്ചാത്തലം എഴുത്തുകാരിയെ സഹായിക്കുന്നു. പുറംലോകത്തെ വിശാലമായ ആകാശങ്ങളിലേക്ക് നോക്കാൻ അനുവാദമില്ലാത്ത, അല്ലെങ്കിൽ അതിന് ഭയപ്പെടുന്ന സ്ത്രീകളുടെ ആത്മസംഘർഷങ്ങളുടെ തടവറയാണ് ഈ പെണ്ണകങ്ങൾ. ഒടുവിൽ അവർ സ്വാതന്ത്ര്യം കണ്ടെത്തുന്നത് ഈ ചുമരുകളിൽ നിന്ന് കൂടിയാണ്. വിനോദിനിയുടെ കൊലപാതകത്തിന് ജയിലിൽ സംശയ നിഴലിൽ കഴിയുന്ന രത്നമേഖലയ്ക്ക് ജയിലും ജയിൽ ചുവരുകളും സ്വതന്ത്ര്യത്തിന്റെ അനുഭവങ്ങൾ നൽകുന്നത് കാണാനാകും. "ചുവരു ചാരിയിരിക്കുമ്പോൾ അഴികൾക്ക് പുറത്ത് രത്നമേഖല ഒരു പൂന്തോപ്പ് തന്നെ കണ്ടു. ഇത്ര നേരവും അതവിടെ ഇല്ലായിരുന്നല്ലോ എന്നതിൽ അവൾക്ക് അതിശയം ഒന്നും തോന്നിയില്ല. ഇതുവരെ ഇല്ലാത്ത സുഗന്ധങ്ങളും വർണ്ണങ്ങളും വസന്തകാലത്ത് പെട്ടെന്ന് പൊട്ടിവിടരുന്നതുപോലെ അത് ഇപ്പോൾ അവിടെയുണ്ട് എന്നത് മാത്രമാണ് യാഥാർത്ഥ്യം. അവളുടെ മനസ്സ് ആനന്ദത്താൽ കുളിർന്നു. ശരീരവും ആ കുളിരിൽ സുഖകരമായി വിറയാർന്നു" (ജിസ ജോസ്, 2025, പുറം. 279). ജയിൽ ചുവരുകൾ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി മാറുന്ന വായനയിലെ കാഴ്ച്ചയാണിത്.

സ്ത്രീത്വത്തിന്റെ നിസ്സഹായത: രണ്ട് ഭാവങ്ങൾ

നോവലിൽ സ്ത്രീത്വത്തിന്റെ നിസ്സഹായതയെ പ്രധാനമായും രണ്ട് അവസ്ഥകളിലൂടെയാണ് എഴുത്തുകാരി അവതരിപ്പിക്കുന്നത്. ശാരീരികമായ നിസ്സഹായതയും, സാമൂഹികമായ നിസ്സഹായതയും.

വിവാഹത്തോടെ സാമൂഹികമായ നിസ്സഹായതയുടെ ചങ്ങലക്കെട്ടിൽ പെട്ടുപോകുന്ന ജീവിതമാണ് രത്നമേഖലയുടേത്. ഭർത്താവായ വിപിനൻ അവൾക്ക് നൽകിയ ആ ചങ്ങല അഴിച്ചുമാറ്റാൻ അവളിലെ ഉത്തമ സ്ത്രീ സങ്കല്പം അനുവദിക്കുന്നില്ല. കർത്തവ്യങ്ങളുടെ കയത്തിൽ മുങ്ങിപ്പോകുന്ന യൗവനമാണ് അവളുടേത്. നഴ്സിങ് പഠിച്ച, സ്വതന്ത്രമായ ചിന്താഗതികളുള്ള ഒരു പെൺകുട്ടിയാണ് രത്നമേഖല. റെയിൽവേ ജീവനക്കാരനായ വിപിനന്റെ ജീവിതത്തിലേക്ക് വരുന്നത് ഒരുപാട് സ്വപ്നങ്ങളോടെയാണ്. എന്നാൽ വിവാഹത്തിന്റെ പിറ്റേ ദിവസം മുതൽ തന്നെ അവളുടെ ജീവിതം ഒരു കാരാഗൃഹത്തിൽ ആകുന്നു. അവളുടെ വ്യക്തിത്വവും സ്വത്വവും നിഷേധിക്കപ്പെടുന്നു. അവൾ പഠിച്ച നഴ്സിങ് ജോലി സ്വന്തം ഉദ്യോഗത്തിനായല്ല, മറിച്ച് വീട്ടുതടവറയിലെ ഒരു രോഗിയുടെ പരിചരണത്തിനായാണ് ഉപയോഗിക്കപ്പെടുന്നത്. ഒരു 'നല്ല മരുമകൾ', 'നല്ല ഭാര്യ' എന്ന ലേബലുകൾ നിലനിർത്താൻ വേണ്ടി സ്വന്തം യൗവനവും ആഗ്രഹങ്ങളും ബലിനൽകേണ്ടി വരുന്ന സ്ത്രീയുടെ നിസ്സഹായത രത്നമേഖലയിൽ കാണാം.

സ്ത്രീ സത്തയുടെ ശാരീരിക നിസ്സഹായതയുടെ പ്രതീകമാണ് വിനോദിനി. പത്തു വർഷമായി കിടപ്പുരോഗിയായി തുടരുന്ന വിനോദിനി രത്നമേഖലയ്ക്കൊപ്പം പ്രാധാന്യമുള്ള കഥാപാത്രമാണ്. ഒരു മനുഷ്യ ജീവിക്ക് ഉണ്ടാകാവുന്ന ഏറ്റവും വലിയ നിസ്സഹായതയാണ് അവർ അനുഭവിക്കുന്നത്. ശരീരം പൂർണ്ണമായും ചലനരഹിതമാണെങ്കിലും വിനോദിനിയുടെ മനസ്സ് ഇപ്പോഴും സജീവമാണ്. പ്രണയവും, അധികാരവും, കാമവുമെല്ലാം ആ കിടപ്പിലും അവർ വേർതിരിച്ചെടുക്കുന്നു. തനിക്ക് നഷ്ടപ്പെട്ടുപോയ ജീവിതത്തെയും ശരീരത്തെയും ഓർത്ത് ദുഃഖിക്കുമ്പോഴും ഉള്ളിലെ ആഗ്രഹങ്ങളെ നിലനിർത്താൻ ശ്രമിക്കുന്നത് അവരുടെ നിസ്സഹായതയുടെയും ഒപ്പം ഒരു തരം വാശിയുടെയും ഭാവമാണ്. ഒടുവിൽ മരണം ഒരുതരത്തിൽ അവർക്ക് അനുഗ്രഹമാകുന്നുവെന്ന് നമ്മുക്ക് തോന്നാം. "പത്തു വർഷം താൻ ചെയ്ത പരിചരണങ്ങളെക്കാൾ അതായിരുന്നു വിനോദിനിയെ സന്തോഷിപ്പിക്കുക. എത്ര പരിഭവത്തോടെയാവും അവർ പോയിട്ടുണ്ടാവുക. അയൽപക്കത്തെ സ്ത്രീകാണിച്ച അനുതാപം പോലും രത്നമേഖലയ്ക്ക് ഉണ്ടായില്ലല്ലോ എന്നവർ ഏതോ ലോകത്തിരുന്ന് ഇപ്പോഴും ഓർക്കുന്നുണ്ടാവും" (ജിസ ജോസ്, 2025,പുറം. 271). വിനോദിനിയുടെ മരണത്തെ കുറിച്ചുള്ള രത്നമേഖലയുടെ ചിന്തയാണിത്. മരണവും പലപ്പോഴും സ്വാതന്ത്ര്യത്തിന്റെ മുഖമായി മാറുന്നത് ഇവിടെ കാണാം.

അധികാരവും പുരുഷാധിപത്യവും: അദൃശ്യമായ ചങ്ങലകൾ

നോവലിലെ പുരുഷ കഥാപാത്രങ്ങൾ നേരിട്ട് ക്രൂരത പ്രവർത്തിക്കുന്ന വില്ലന്മാരല്ല. മറിച്ച്, കുടുംബ വ്യവസ്ഥിതിയിലൂടെ സ്വാഭാവികമായി അധികാരം പ്രയോഗിക്കുന്നവരാണ്. വിപിനൻ എന്ന ഭർത്താവ് ക്രൂരനല്ലെങ്കിലും, ഭാര്യ തന്റെ അമ്മയെ നോക്കാൻ ബാധ്യസ്ഥയാണെന്ന് അയാൾ ചിന്തിക്കുന്നു. സ്ത്രീയുടെ അധ്വാനത്തെയും ത്യാഗത്തെയും 'സ്വാഭാവിക കർത്തവ്യം' എന്ന് വിളിച്ചു ലളിതവൽക്കരിക്കുന്ന പുരുഷാധിപത്യ

തന്ത്രമാണ് ഇവിടെ ദൃശ്യമാകുന്നത്. ഇതാണ് പെണ്ണുകങ്ങളെ കൂടുതൽ ശ്വാസം മുട്ടിക്കുന്നത്. പരിമളത്തിന്റെ ഭർത്താവാകട്ടെ സ്വവർഗാനുരാഗി ആണെങ്കിലും അയാൾ സമൂഹത്തിന് വേണ്ടി പരിമളത്തെ വിവാഹം കഴിക്കുന്നു. ഭർത്താവിന്റെ കിടപ്പറയിലെ കഴിവുകേടിനെ കുറിച്ച് അവൾക്ക് ബോധ്യം ഉണ്ടെങ്കിലും ഉത്തമയായ ഭാര്യയാകാൻ അവളും അത് സഹിക്കുന്നു. പുരുഷ കേന്ദ്രീകൃത സാമൂഹിക വ്യവസ്ഥിതി ഒരേസമയം സ്ത്രീയിലും പുരുഷനിലും അടിച്ചേൽപ്പിച്ചിരിക്കുന്ന ചില നിസ്സഹായതകളെ ഈ കഥാപാത്രങ്ങൾ തുറന്ന അവതരിപ്പിക്കുന്നുണ്ട്. ഒടുവിൽ സ്വാതന്ത്ര്യം തേടി സ്ത്രീകൾ പോകുമ്പോഴും കാരണമെന്തെന്ന് മനസ്സിലാക്കാനാകാതെ നിസ്സഹായരാകുന്ന ഭർത്താക്കന്മാരെ മാത്രമേ നോവലിൽ കാണുന്നുള്ളു.

പെൺകൂട്ടായ്മകളും വിമോചനത്തിന്റെ വഴികളും

നിസ്സഹായതകളിൽ ഒടുങ്ങിപ്പോകുന്നതല്ല ജിസ ജോസിന്റെ സ്ത്രീ കഥാപാത്രങ്ങൾ. അവർക്ക് സ്വന്തമായ വ്യക്തിത്വവും കർതൃത്വവും ഉണ്ട്. അവർ തങ്ങളുടേതായ രീതിയിൽ വിമോചനം കണ്ടെത്തുന്നുണ്ട്. നോവലിൽ ഈ വിമോചനം സാധ്യമാകുന്നത് പ്രധാനമായും രണ്ട് വഴികളിലൂടെയാണ്.

പെൺസൗഹൃദങ്ങളുടെ പ്രതിരോധത്തിലൂടെയും, ആന്തരിക വിമോചനത്തിലൂടെ ഉണ്ടാകുന്ന പുതിയ തീരുമാനങ്ങളിലൂടെയും. ക്വാർട്ടേഴ്സുകളിലെ സ്ത്രീകളുടെ പരസ്പരമുള്ള ഇടപെടലുകൾ കേവലം സമയമ്പോക്കുകളല്ല. പ്രത്യേകിച്ച് പരിമളവും രത്നമേഖലയും തമ്മിലുള്ള സൗഹൃദം. പുരുഷകേന്ദ്രീകൃതമായ ലോകത്ത് ജീവിക്കുമ്പോൾ ഉണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങളെ പങ്കുവെക്കാനും പരിഹരിക്കാനുമുള്ള പെൺകൂട്ടായ്മകളാണത്. ഒരു സ്ത്രീയുടെ വേദന മറ്റൊരു സ്ത്രീക്ക് മാത്രം മനസ്സിലാകുന്ന അനുഭവപ്പകർച്ചകളിലൂടെ അവർ ഒരു അദൃശ്യ പ്രതിരോധ നിര തീർക്കുന്നു. നോവലിന്റെ അവസാനം രത്നമേഖലയിൽ ഉണ്ടാകുന്ന മാറ്റം വളരെ ശ്രദ്ധേയമാണ്. പൂക്കാലം കാത്തു കാത്തിരുന്ന്, ഒടുവിൽ അതെത്തിയപ്പോൾ ഉറങ്ങിപ്പോയ പൂമ്പാറ്റയാകാൻ അവൾ തയ്യാറല്ല.

നഷ്ടപ്പെട്ടുപോകുന്ന ദിനങ്ങളെക്കുറിച്ച് ഓർത്ത് ഇനി കരയാൻ അവൾക്ക് താല്പര്യപെടുന്നില്ല. സ്വയം തിരിച്ചറിവിന്റെ വെളിച്ചത്തിലേക്ക് അവൾ കടക്കുന്നു.

മറ്റുള്ളവർക്ക് വേണ്ടി മാത്രം ജീവിച്ച തീർക്കേണ്ടതല്ല സ്വന്തം ജീവിതം എന്ന തിരിച്ചറിവിലേക്ക് അവൾ ഉണരുകയും, സ്വന്തം രീതിയിൽ ഒരു പുതിയ ജീവിതം തുടങ്ങാൻ തീരുമാനിക്കുകയും ചെയ്യുന്നിടത്താണ് നോവൽ അവസാനിക്കുന്നത്. ഇത് വ്യവസ്ഥിതിയുടെ ചങ്ങലകൾ പൊട്ടിച്ചെറിയുന്ന വിമോചനത്തിന്റെ പ്രഖ്യാപനമാണ്.

ഉപസംഹാരം

സ്ത്രീത്വത്തിന്റെ അസ്തിത്വ പ്രതിസന്ധികളുടെ ആഴമേറിയ ആവിഷ്കാരമായി വായിക്കാവുന്ന കൃതിയാണ് 'ആനന്ദഭാരം'. പെണ്ണുകങ്ങൾ എന്നത് സ്ത്രീക്ക് നൽകുന്ന സുരക്ഷിതത്വം പലപ്പോഴും വ്യാജമാണെന്നും, യഥാർത്ഥ വിമോചനം എന്നത് അവൾ സ്വയം നേടിയെടുക്കേണ്ട ഒന്നാണെന്നും നോവൽ സമർത്ഥിക്കുന്നു. നിസ്സഹായതയുടെ ഇരുണ്ട ഇടങ്ങളിൽ നിന്ന് ആന്തരികമായ കരുത്തിലൂടെയും സ്വയം തിരിച്ചറിവിലൂടെയും വിമോചനത്തിന്റെ വെളിച്ചത്തിലേക്ക് നടന്നു കയറുന്ന രത്നമേഖലയും വിനോദിനിയും സമകാലിക സ്ത്രീ ജീവിതത്തിന്റെ ശക്തമായ പ്രതിരൂപങ്ങളാണ്. മലയാള നോവൽ സാഹിത്യത്തിലെ പെൺപ്രതിരോധങ്ങളുടെ ചരിത്രത്തിൽ 'ആനന്ദഭാരം' എന്ന കൃതി അതിന്റെ ആഴമേറിയ ആശയതലം കൊണ്ട് എക്കാലവും അടയാളപ്പെടുത്തപ്പെടും.

സഹായക ഗ്രന്ഥങ്ങൾ/ വെബ്സൈറ്റുകൾ

1. ജോസ് ജിസ. 2025. ആനന്ദഭാരം. കോഴിക്കോട് : മാതൃഭൂമി ബുക്സ്.
2. ജോസ് ജിസ. 2023. മുക്തബാഹിനി. കോട്ടയം : ഡി. സി ബുക്സ്
3. സുനിത ബഷീർ. 2022. ആനന്ദത്തിന്റെ ഇല്ലാത്ത ഭാരം പേറി, നിസ്സഹായരായി പോകുന്ന സ്ത്രീ ജീവിതങ്ങളുടെ കഥ.https://www.mathrubhumi.com/amp/books/reviews/anandabharam-novel-mathrubhumi-books-jisa-jose-e6996246